വില ₹ 40 (ഒറ്റപ്രതി) | ₹ 400 (വാർഷിക വരിസംഖ്യ)

2020
ഡിസംബർ

Coirfed

# കയർ വ്യവസായം

(ഒരു കയർഫെഡ് പ്രസിദ്ധീകരണം)



## സുശീലാ ഗോപാലൻ: കാലം മായ്ക്കാത്ത സൗഹൃദ തിളക്കം

## വികസനകുതിപ്പിന്റെ പ്രകാശവേഗങ്ങൾ



# കയർ വ്യവസായ മേഖലയിലെ സ്പന്ദനങ്ങളറിയാൻ

വായിക്കുക, പ്രചരിപ്പിക്കുക, വരിക്കാരാകുക

Coirfed

കയർ വ്യവസായം

## കയർ വ്യവസായം മാസിക

(ഒരു കയർഫെഡ് പ്രസിദ്ധീകരണം)
വാർഷിക വരിസംഖ്യ – 400 രൂപ
ഒറ്റപ്രതി – 40 രൂപ

### പരസ്യനിരക്ക് (സൈസ് ഡമ്മി 1/4)

| | |
|---|---|
| ബാക്ക് കവർ കളർ | ₹ 20,000 |
| ഫ്രണ്ട് കവർ ഇൻസൈഡ് കളർ | ₹ 15,000 |
| ബാക്ക് കവർ ഇൻസൈഡ് കളർ | ₹ 12,000 |
| സെന്റർ ഫുൾ പേജ് കളർ | ₹ 10,000 |
| സെന്റർ ഹാഫ് പേജ് കളർ | ₹ 6,000 |
| ഇൻസൈഡ് ഫുൾ പേജ് (ബ്ലാക്ക് & വൈറ്റ്) | ₹ 7,500 |
| ഇൻസൈഡ് ഹാഫ് പേജ് (ബ്ലാക്ക് & വൈറ്റ്) | ₹ 4,000 |
| ഇൻസൈഡ് ക്വാർട്ടർ പേജ് (ബ്ലാക്ക് & വൈറ്റ്) | ₹ 2,000 |

മാനേജിംഗ് ഡയറക്ടർ, കയർഫെഡ് എന്ന പേരിൽ ആലപ്പുഴയിൽ മാറാവുന്ന ഡി.ഡി, ചെക്ക് ആയി പരസ്യത്തിന്റെ ചാർജ്ജും നിങ്ങളുടെ വാർഷിക വരിസംഖ്യയും അയക്കേണ്ട വിലാസം

മാനേജിംഗ് എഡിറ്റർ, കയർവ്യവസായം, കയർഫെഡ്
പി.ബി. നമ്പർ.4616, ആലപ്പുഴ – 688012
ഫോൺ – 0477 2243628/29



# കയർ വ്യവസായം

# ഉള്ളടക്കം

**Vol-4, No.-5**
Established in 1998
Founder Chief Editor:
**Anathalavattom Anandan**

*Chief Editor:*
**Adv. N. Saikumar**

*Editorial Board*
**Joshy Abraham**
**S.L. Sajikumar**
**V.S. Money**
**Rema Madanan**
**C. Sureshkumar**

*Managing Editor*
**B. Sunil**

*Editorial Assistants*
**N.S. Mohandas**
**S. Sheela**
**Rohit Joseph**
**V.N. Sasikumar**
**M. Arunkumar**
**P. Prajeesh**
**S. Saneesh**
**P.V. Venugopal**

*Design & layout*
**Kilikood**
**Ph: 9142142400**
**kilikoodalpy@gmail.com**




**PAGE 06**



**വികസനത്തിന്റെ പ്രകാശവേഗം**

**PAGE 16**



**കോവിഡ് കാലത്തും വൻമുന്നേറ്റം: ഉജ്ജ്വല നേട്ടങ്ങളുമായി കയർഫെഡ്**

**PAGE 19**



**കോവിഡിനും പിടിച്ചുകെട്ടാനാവാത്ത വികസനക്കുതിപ്പ്**

**PAGE 20**



**കർഷക മഹാപ്രക്ഷോഭത്തിന് കേരളത്തിന്റെ ഐക്യദാർഢ്യം**

**ലേഖകരുടെ അഭിപ്രായങ്ങൾ കയർഫെഡിന്റേതായിരിക്കണമെന്നില്ല. അവയുടെ ഉത്തരവാദിത്വം ലേഖകർക്ക് മാത്രമായിരിക്കും.**

ചിത്രങ്ങൾക്ക് വിവിധ വെബ്സൈറ്റുകളോട് കടപ്പാട്

**The Kerala State Co-Operative Coir Marketing Federation Ltd.**
No. 679 (COIRFED), PB No. 4616, Alappuzha - 688012
Tel: 0477 2243627, 2243628, 2243629, 2244109(D). www.coirfed.com
**Email: coirfedho@gmail.com, coirfedprd@gmail.com**





# എഡിറ്റോറിയൽ

## രാജ്യത്തിന് മാതൃകയാകുന്ന ഇടതുബദൽ

എഡിറ്റോറിയൽ

**കേ**ന്ദ്രസർക്കാരിന്റെ ആഗോളവത്കരണ സാമ്പത്തിക പരിഷ്കരണ നടപടികൾ ഏറ്റവും ആക്രമണോത്സുകമായി നടപ്പാക്കിവരികയാണല്ലോ. ഇതിന്റെ ആഘാതം കാർഷിക മേഖലയേയും പരമ്പരാഗത കുടിൽവ്യവസായ രംഗത്തെയും പ്രതിസന്ധിയിലാഴ്ത്തുകയാണ്. കോർപ്പറേറ്റുകൾക്കുവേണ്ടി കോർപ്പറേറ്റുകൾ ആവിഷ്ക്കരിക്കുന്ന നയപരിപാടികൾ ജനങ്ങളുടെമേൽ അടിച്ചേൽപ്പിക്കുകയാണ് കോർപ്പറേറ്റുകളാൽ നിയന്ത്രിക്കപ്പെടുന്ന കേന്ദ്രസർക്കാർ. ഈ കോർപ്പറേറ്റ്വത്കരണത്തിന്റെ ഫലമായി കാർഷിക രംഗത്തെന്നപ്പോലെ കൈവേലക്കാരുടെയിടയിലും ആത്മഹത്യകൾ പെരുകുന്നു. റിബേറ്റ് ഒഴിവാക്കിയതും സംഭരണത്തിന്റെ ചുമതലയിൽ നിന്നും സർക്കാരുകൾ പിൻവാങ്ങുന്നതും കൈത്തറി ഉൾപ്പെടെയുള്ള പരമ്പരാഗത കുടിൽവ്യവസായങ്ങളുടെ തകർച്ച പൂർണ്ണമാക്കി.

ഇതിൽ നിന്നും തീർത്തും വ്യത്യസ്തമായ ഒരു നയസമീപനമാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ പരമ്പരാഗത വ്യവസായ മേഖലയോടനുവർത്തിച്ചു പോരുന്നത്. ഇതിന്റെ ഫലമായി തകർച്ചയുടെ വക്കിൽ നിന്നും പരമ്പരാഗത മേഖലയെ സമുദ്ധരിക്കാനും അതിൽ പണിയെടുക്കുന്ന തൊഴിലാളികളെ സംരക്ഷിച്ച് അവർക്ക് ആത്മവിശ്വാസം പകരാനും ഇതിനകം കഴിഞ്ഞിട്ടുണ്ട്.

ഇപ്പോൾ മാത്രമല്ല ഇടതുപക്ഷ സർക്കാരുകൾ അധികാരത്തിലെത്തിയ എല്ലാക്കാലത്തും എല്ലായിടത്തും സാമൂഹിക നീതിയിലധിഷ്ഠിതമായ ബദൽ മാതൃകകൾ ആവിഷ്ക്കരിച്ച് നടപ്പാക്കാൻ ശ്രമിച്ചിട്ടുണ്ട്. ഈ വികസന മാതൃകയെ നവീകരിക്കാനുള്ള നിരന്തര പരിശ്രമങ്ങൾ തുടർന്നുകൊണ്ടേയിരിക്കുകയാണ്. കക്ഷിരാഷ്ട്രീയത്തിന്റെ അന്ധത ബാധിച്ചവരുടേയും വർഗീയ ഫാസിസ്റ്റുകളുടേയും നിരന്തര വെല്ലുവിളികളെ നേരിട്ട് കേരളമെന്ന ഒറ്റതുരുത്തിൽ ബദൽ വികസന രാഷ്ട്രീയത്തിന്റെ കൊടിക്കൂറ ഉയർത്തിപിടിച്ചുകൊണ്ടാണ് ഈ സർക്കാരും മുന്നോട്ടു പോകുന്നത്.

വികസനമെന്നാൽ ആഭ്യന്തര ഉത്പാദന വർദ്ധന മാത്രമല്ലെന്നും എല്ലാവിഭാഗം ജനങ്ങളുടെയും അടിസ്ഥാന ജീവിതസൗകര്യങ്ങളുടെ വികസനമാണെന്നും തെളിയിച്ച ഈ ഇടതുപക്ഷ ബദലുകൾ ഇന്ന് രാജ്യത്തിനാകെ മാതൃകയായി മാറിയിരിക്കുകയാണ്.

പരമ്പരാഗത വ്യവസായത്തിന്റെ നവീകരണത്തിനുള്ള ഒരു ഇടതുപക്ഷ ബദലായിട്ടാണ് രണ്ടാം കയർ പുനഃസംഘടനാ പദ്ധതി പിണറായി സർക്കാർ ആവിഷ്ക്കരിച്ച് നടപ്പാക്കിയത്. പതിമൂന്നാം പഞ്ചവൽസര പദ്ധതിയിൽ ഉൾപ്പെടുത്തി ഈ പുനഃസംഘടന ഡോ. റ്റി.എം.തോമസ് ഐസക്കിന്റെ നേതൃത്വത്തിൽ വിജയകരമായി മുന്നേറുകയാണ്. പരമ്പരാഗത രീതിയിൽ തൊഴിലെടുക്കുന്നവരെ പൂർണ്ണമായും സംരക്ഷിച്ചുകൊണ്ടാണ് ഇവിടെ സാങ്കേതിക നവീകരണം നടപ്പാക്കുന്നത്.

പദ്ധതിയുടെ ഭാഗമായി നമ്മുടെ നാട്ടിൽ ചകിരി ഉത്പാദനം ഗണ്യമായി വർദ്ധിപ്പിച്ചത് മാത്രമല്ല, ചകിരി വില ഉയർത്താതെ പിടിച്ചു നിർത്തിയതും വ്യവസായത്തിന്റെ സുസ്ഥിര മുന്നേറ്റത്തിനു സഹായകരമായി. നൂറിലധികം ചകിരി മില്ലുകൾ ഇതിനകം സ്ഥാപിച്ചു കഴിഞ്ഞു.100 കയർ സംഘങ്ങൾ ഇതിനകം 10 ആട്ടോമാറ്റിക്ക് മെഷീനുകൾ ഉൾക്കൊള്ളുന്ന യന്ത്രവത്കൃത കയർ പിരി കേന്ദ്രങ്ങളായി രൂപാന്തരപ്പെട്ടു കഴിഞ്ഞു. മാറ്റ്സ് & മാറ്റിംഗ്സ് സംഘങ്ങളിൽ ആട്ടോമാറ്റിക്ക് ലൂമുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു. നീഡിൽ ഫെൽറ്റ്, അകാസ്റ്റിക് പാഡുകൾ, മൾച്ചിംഗ് ഷീറ്റുകൾ തുടങ്ങി നവീന ഉത്പന്നങ്ങൾ എന്നിവയ്ക്കുള്ള നീക്കം പദ്ധതിയുടെ ഭാഗമായി മുന്നേറുകയാണ്.

കയർഫെഡിന്റെ നേതൃത്വത്തിൽ ഖരജൈവ മാലിന്യ നിർമ്മാർജ്ജനത്തിന് ഇനോക്കുലേറ്റ് പിത്തിന്റെ വിനിയോഗവും കോക്കോഫെർട്ട് എന്ന ചകിരിച്ചോറിൽ നിന്നുള്ള ജൈവവള വിൽപ്പനയും വൻതോതിൽ വർദ്ധിച്ചുവരുന്നതും ഇത്തരുണത്തിൽ എടുത്തുപറയേണ്ടതാണ്.

ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ പ്രതിവർഷം 70,000 ക്വിന്റൽ കയറാണ് സംസ്ഥാനത്ത് ഉത്പാദിപ്പിച്ചിരുന്നത്. ഈ സർക്കാരിന്റെ ശ്രമഫലമായി കയർ ഉത്പാദനം വർദ്ധിച്ച് കഴിഞ്ഞ വർഷം 2 ലക്ഷം ക്വിന്റലിലെത്തി. കോവിഡിന്റെ ഫലമായി ലോക്ക്ഡൗൺ മൂലം കുറെ പ്രവൃത്തിദിനങ്ങൾ നഷ്ടപ്പെട്ടുപോയെങ്കിലും ഇക്കൊല്ലം കയറുത്പാദനം 4 ലക്ഷം ക്വിന്റലിൽ എത്തിക്കാനുള്ള ശ്രമമാണ് കയർ വികസന വകുപ്പിന്റെ സഹായത്തോടെ കയർഫെഡ് നടത്തുന്നത്.

രാജ്യത്തിന് മാതൃകയായ ഇടതുപക്ഷ ബദലിനെ പിൻ പറ്റിയാണ് കേരളത്തിന്റെ കയർ മേഖലയും അതിദ്രുതം മുന്നോട്ടു കുതിക്കുന്നത്.കേരളത്തിലെ കയർ വ്യവസായത്തിന്റെ പരമ്പരാഗത ശക്തിസ്രോതസുകൾ നിലനിർത്തിക്കൊണ്ടു തന്നെ സാങ്കേതിക നവീകരണവും വൈവിധ്യവത്കരണവും ആധുനികവത്കരണവും ഊർജ്ജിതപ്പെടുത്തി കമ്പോളത്തിലെ മത്സരത്തെ നേരിടാനും സുസ്ഥിരമായ നിലയിൽ വ്യവസായ കുതിപ്പിന് അടിത്തറയിടാനും ഇതിനകം കഴിഞ്ഞിട്ടുണ്ട് എന്നുള്ളത് അഭിമാനകരമാണ്.

**അഡ്വ. എൻ.സായികുമാർ**
ചീഫ് എഡിറ്റർ



# വികസനക്കുതിപ്പിന്റെ പ്രകാശ വേഗങ്ങൾ



## രണ്ടാംഘട്ട നൂറുദിന കർമ്മ പരിപാടിയുമായി സർക്കാർ; 10,000 കോടിയുടെ വികസന പ്രവർത്തനങ്ങൾ

- **5700 കോടി രൂപയുടെ 5526 പദ്ധതികൾ പൂർത്തീകരിക്കും**
- **4300 കോടി രൂപയുടെ 646 പദ്ധതികൾക്ക് തുടക്കമാകും**

ആദ്യഘട്ട നൂറുദിന പരിപാടികളുടെ പൂർത്തീകരണത്തെത്തുടർന്ന് രണ്ടാംഘട്ട നൂറുദിന കർമ്മ പരിപാടിയുമായി സർക്കാർ മുന്നോട്ട്. ഇതിന്റെ ഭാഗമായി 10,000 കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ പൂർത്തീകരിക്കുകയോ തുടക്കം കുറിക്കുകയോ ചെയ്യുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ അറിയിച്ചു. 5700 കോടി രൂപയുടെ 5526 പദ്ധതികൾ പൂർത്തീകരിച്ച് ഉദ്ഘാടനം ചെയ്യും. 4300 കോടി രൂപ യുടെ 646 പദ്ധതികൾക്ക് തുടക്കം കുറിക്കും. ഡിസംബർ 9ന് തുടങ്ങാനിരുന്നതാണ് രണ്ടാംഘട്ട 100 ദിവസങ്ങൾക്കുള്ള കർമ്മ പരിപാടി. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം കഴിഞ്ഞ ശേഷമാണ് ഇത് പ്രഖ്യാപിക്കുന്നത്.

ഒന്നാം 100 ദിന പരിപാടിയിൽ 122 പ്രോജക്ടുകൾ പൂർത്തീകരിച്ചു. 100 ദിന പരിപാടിയിൽ ആദ്യം പ്രഖ്യാപിക്കാത്ത പദ്ധതികളും പിന്നീട് വകുപ്പുകൾ ഉൾപ്പെടുത്തി. സെപ്തംബർ 2020 മുതൽ ഡിസംബർ 9 വരെയാണ് ഒന്നാംഘട്ട നൂറുദിന പരിപാടി നടപ്പാക്കിയത്.

രണ്ടാംഘട്ട 100 ദിന പരിപാടി ഒന്നാംഘട്ടത്തിന്റെ തുടർച്ചയാണ്. അതുകൊണ്ട് ഒന്നാംഘട്ട 100 ദിന പരിപാടിയുടെ അനുഭവങ്ങൾ കൂടി ഉൾക്കൊണ്ട് രണ്ടാം ഘട്ട പരിപാടി കൂടുതൽ ക്രിയാത്മകമാക്കാനുള്ള ഇടപെടൽ നടത്താനാണ് സർക്കാർ ആലോചിക്കുന്നത്.

രണ്ടാം ഘട്ടത്തിൽ 50,000 പേർക്ക് തൊഴിൽ നൽകാനാണ് ലക്ഷ്യംവയ്ക്കുന്നത്. കുടുംബശ്രീ സ്റ്റാർട്ട് അപ്പ് വില്ലേജ് എൻറർപ്രണർഷിപ്പ് പ്രോഗ്രാമിൽ 15000 സംരംഭങ്ങൾക്കു തുടക്കമാകും.കുടുംബശ്രീയുടെ ആഭിമുഖ്യത്തിലുള്ള കേരള ചിക്കൻ ഔട്ട്ലറ്റുകൾ, പുതിയ ജനകീയ ഹോട്ടലുകൾ, കയർ ആൻഡ് ക്രാഫ്റ്റ് സ്റ്റോറുകൾ, ഹോം ഷോപ്പികൾ എന്നിവിടങ്ങളിൽ 2500 പേർക്കാണ് തൊഴിൽ നൽകുക.

കേരള ബാങ്ക്, പ്രാഥമിക സഹകരണ ബാങ്കുകൾ എന്നിവയിലെ വായ്പകളിലൂടെ 10,000 പേർക്ക് തൊഴിൽ നൽകും. ആകെ അരലക്ഷം പേർക്ക് തൊഴിൽ നൽകുന്നതിന്റെ വിശദാംശങ്ങൾ പ്രത്യേകം അറിയിക്കും.2021 ജനുവരി ഒന്നുമുതൽ നാടിന് നവവത്സര സമ്മാനമായി ക്ഷേമപെൻഷനുകൾ 100 രൂപ വീതം വർദ്ധിപ്പിച്ച് 1500 രൂപയായി ഉയർത്തും.

**രണ്ടാംഘട്ട നൂറുദിന കർമ പരിപാടി: പ്രധാന ഇനങ്ങൾ**

- ഇപ്പോൾ ആരംഭിച്ചിട്ടുള്ള 847 കുടുംബശ്രീ ഭക്ഷണശാലകൾക്ക് പുറമെ 153 എണ്ണവും കൂടി ആരംഭിക്കും.
- എല്ലാ സാമ്പത്തിക പരാധീനതകൾക്കിടയിലും റേഷൻ കാർഡ് ഉടമകൾക്കുള്ള കിറ്റ് വിതരണം തുടരും. സൗജന്യ പലവ്യഞ്ജന കിറ്റുകൾ അടുത്ത നാല് മാസവും കൂടി എല്ലാ റേഷൻ കാർഡ് ഉടമകൾക്കും റേഷൻ കടകൾ വഴി നൽകും. 80 ലക്ഷത്തിൽപ്പരം കുടുംബങ്ങൾക്കാണ് ഇതിന്റെ ഭാഗമായുള്ള സമാശ്വാസം ലഭിക്കുക. കൊറോണക്കാലമായിട്ടും ഉത്സവ കാലഘട്ടങ്ങളിൽ വില ഉയർന്നുവെന്ന പരാതി ഉണ്ടായിട്ടില്ല. കേരളീയന്റെ പ്രധാന ആഹാര സാധനമായ അരിയുടെ വില കുറയുകയാണുണ്ടായതെന്നതും എടുത്തു പറയേണ്ടതാണ്.
- 20 മാവേലി സ്റ്റോറുകൾ സൂപ്പർ മാർക്കറ്റുകളായും അഞ്ചെണ്ണം സൂപ്പർ സ്റ്റോറുകളായും ഉയർത്തും. ജിപിഎസ് സംവിധാനവും കേന്ദ്രീകൃത മോണിറ്ററിങ്ങും നടപ്പാക്കും.
- പ്രതിരോധ പാർക്ക്, പാലക്കാട് (131 കോടി രൂപ) അടക്കം ഒമ്പത് വ്യവസായ പദ്ധതികളുടെ ഉദ്ഘാടനം മാർച്ച് 31ന് മുമ്പ് നടത്തും.
- മലബാർ കോഫിയുടെ നിർമാണത്തിനുള്ള എസ്.പി.വി.ക്ക് രൂപം നൽകും. അതിന്റെ അടിസ്ഥാനത്തിൽ മലബാർ കോഫി പൗഡർ വിപണിയിലിറക്കും.
- അവയവദാന ശസ്ത്രക്രിയ കഴിഞ്ഞവർക്ക് സ്ഥിരമായി കഴിക്കേണ്ട 250 രൂപ മാർക്കറ്റു വില വരുന്ന അഞ്ച് ഇനം മരുന്നുകൾ ഗുണമേൻമ ഉറപ്പാക്കി അഞ്ചിലൊന്നു വിലയ്ക്ക് കെഎസ്ഡിപിയിൽ ഉത്പാദനം ആരംഭിക്കും.
- കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ വെള്ളൂർ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിൻറ് ഫാക്ടറി ക്രഡിറ്റേഴ്സുമായുള്ള ബാധ്യത തീർത്ത് 146 കോടി രൂപ മുടക്കി കേരള സർക്കാർ ഏറ്റെടുക്കും.

Coir Kerala 2021
AN INTERNATIONAL EVENT ON
COIR & NATURAL FIBRE PRODUCTS

**വെർച്വൽ കയർ മേള ഫെബ്രുവരിയിൽ നടത്തും. കൊവിഡിനുശേഷം രാജ്യത്ത് നടക്കുന്ന അപൂർവ്വം വാണിജ്യമേളകളിലൊന്നായിരിക്കും ഇത്.**

- ടൂറിസം വകുപ്പ് കോവിഡാനന്തര കാലത്തെ ഉദ്ദേശിച്ചുകൊണ്ടുള്ള മാർക്കറ്റിങ്ങിലാണ് ഊന്നുന്നത്. 310 കോടി രൂപ ചെലവു വരുന്ന 27 ടൂറിസം വികസന പദ്ധതികൾ ഉദ്ഘാടനം ചെയ്യും.
- ഗെയിൽ പൈപ്പ് ലൈൻ കൊച്ചി-മംഗലാപുരം റീച്ച് ഉദ്ഘാടനം ചെയ്തു. കൊച്ചി-പാലക്കാട് റീച്ച് ഫെബ്രുവരി മാസത്തിലും ഉദ്ഘാടനം ചെയും. ഇതുപോലെ തന്നെയാണ് റായ്പ്പൂർ-പുഗലൂർ-മാടക്കത്തറ ലൈനും പൂർത്തിയായി.
- ദേശീയ ജലപാതയുടെ കോവളം മുതൽ ചാവക്കാട് വരെയുള്ള റീച്ചിന്റെ സ്ഥലം ഏറ്റെടുക്കലും പുനരധിവാസവും ഉൾപ്പെടെയുള്ള പ്രവർത്തനങ്ങളുടെ ഉദ്ഘാടനം ഫെബ്രുവരിയിൽ നടക്കും. കൊച്ചി വാട്ടർ മെട്രോയുടെ ഉദ്ഘാടനവും ഫെബ്രുവരിയിൽ നടക്കും.
- എറണാകുളം ബൈപ്പാസിന് 182 കോടി രൂപ ചെലവഴിച്ചുള്ള കുണ്ടന്നൂർ, വെറ്റില മേൽപ്പാലങ്ങൾ തുറന്നുകൊടുത്തു. നാലുപതിറ്റാണ്ടിന്റെ കാത്തിരിപ്പിനുശേഷം 387.18 കോടി രൂപ ചെലവഴിച്ചു നിർമിച്ച ആലപ്പുഴ ബൈപ്പാസ് ഉടൻ തുറക്കും.
- കാഞ്ഞങ്ങാട് റെയിൽവേ മേൽപ്പാലത്തിന്റെയും വട്ടോളി പാലത്തിന്റെയും ഉദ്ഘാടനം നിർവഹിക്കും.
- അകത്തേത്തറ, ചിറയിൻകീഴ്, മാളിയേക്കൽ, ഗുരുവായൂർ, ചിറങ്ങര, ഇരവിപുരം, വാടാനക്കുറിശ്ശി, താനൂർ-തെയ്യാല, ചേലാരി ചെട്ടിപ്പടി, കൊടുവള്ളി എന്നിങ്ങനെ 252 കോടി രൂപ ചെലവു വരുന്ന 10 റെയിൽവേ മേൽപ്പാലങ്ങളുടെ നിർമാണം ആരംഭിക്കും. 569 കോടി രൂപ ചെലവുവരുന്ന 17 പ്രധാന റോഡുകൾ ഉദ്ഘാടനം ചെയ്യും.

റീ-ബിൽഡ് കേരളയുടെ ഭാഗമായി 1613 കോടി രൂപ ചെലവിൽ നിർമിക്കുന്ന പതിനാല് റോഡുകളുടെ പണി തുടങ്ങും. ഉയർന്ന നിലവാരത്തിൽ നവീകരണം നടത്തിയ 18 റോഡുകൾ ഉദ്ഘാടനം ചെയ്യും.



● ആലപ്പുഴ കെഎസ്ആർടിസി ഗ്യാരേജിന്റെ പണികൾ ആരംഭിക്കുന്നതോടൊപ്പം 145 കോടി രൂപ അടങ്കലുള്ള ആലപ്പുഴ മൊബിലിറ്റി ഹബ്ബിന്റെ ശിലാസ്ഥാപനവും ഇക്കാലയളവിൽ നടത്തും.

● 75 പുതിയ കറ്റാമരൻ പാസഞ്ചർ ബോട്ടുകൾ ജനുവരിയിൽ നീറ്റിലിറക്കും. മൂന്ന് വാട്ടർ ടാക്സികളും സോളാർ, വൈദ്യുതി ബോട്ടുകളും സർവീസ് ആരംഭിക്കും.

● കെഎസ്ആർടിസിയുടെ അനുബന്ധ കോർപ്പറേഷനായി കെഎസ്ആർടിസി സ്വിഫ്റ്റ് നിലവിൽ വരും. ഈ സംവിധാനത്തിന്റെ കീഴിലാണ് കിഫ്ബി മുഖേന വാങ്ങുന്ന ആധുനിക ബസുകൾ സർവീസ് നടത്തുക. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുടെ ഗേറ്റ് കോംപ്ലക്സ് ഉദ്ഘാടനം നടക്കും.

● ടെക്നോസിറ്റിയിൽ ഒരുലക്ഷം ചതുരശ്രയടി വിസ്തീർണ്ണമുള്ള കെട്ടിടം പൂർത്തിയാകും. ഇൻറഗ്രേറ്റഡ് സ്റ്റാർട്ട്അപ്പ് കോംപ്ലക്സ് ഉദ്ഘാടനം ചെയ്യും.

● വൈദ്യുതി വാഹനങ്ങൾക്കുള്ള ചാർജിങ് സ്റ്റേഷനുകൾ 6 കോർപ്പറേഷൻ പരിധിയിൽ ആരംഭിക്കും.

● 496 കോടി രൂപയുടെ 46 വിവിധ കൃഷി പദ്ധതികൾ മാർച്ച് 31നകം തുടങ്ങും.

● ഒന്നര ലക്ഷത്തിലേറെ പട്ടയങ്ങൾ വിതരണം ചെയ്തു കഴിഞ്ഞു. 10000 പട്ടയങ്ങൾ കൂടി 100 ദിവസത്തിനുള്ളിൽ വിതരണം ചെയ്യും. 16 വില്ലേജ് ഓഫീസുകൾകൂടി സ്മാർട്ടാക്കും.

● കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളും ചികിത്സാ സൗകര്യവും കൂടുതൽ ജാഗ്രതയോടെ ഏകോപിപ്പിക്കും. കോവിഡ് ചികിത്സ സൗജന്യമായി നൽകുന്ന സംസ്ഥാനമാണ് കേരളം. ഇതിന്റെ തുടർച്ച എന്ന നിലയിൽ കോവിഡ് വാക്സിൻ കേരളത്തിൽ എല്ലാവർക്കും സൗജന്യമായി നൽകും.

● പുതിയതായി 49 പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തും. 32 കുടുംബാരോഗ്യ കേന്ദ്രങ്ങളുടെ/കമ്യൂണിറ്റി/ പബ്ലിക് ഹെൽത്ത് സെൻററുകളുടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കും. 53 ജനറൽ/ ജില്ല/ താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രികളിൽ ഡയാലിസിസ്, പുതിയ ഒപി ബ്ലോക്ക് തുടങ്ങിയ കൂടുതൽ ചികിത്സ/പരിശോധനാ സൗകര്യങ്ങളും രോഗി സൗഹൃദ സംവിധാനങ്ങളും നിലവിൽ വരും.

● 25 കോടി രൂപ ചെലവിൽ നിർമിച്ച 50 സ്കൂളുകളുടെയും മൂന്നു കോടി രൂപ ചെലവിൽ നിർമിച്ച 30 സ്കൂളുകളുടെയുമടക്കം 80 പുതിയ ആധുനിക സ്കൂൾ കെട്ടിടങ്ങളുടെ ഉദ്ഘാടനം നടത്തും. മൂന്നു കോടി രൂപയും ഒരു കോടി രൂപയും മുതൽമുടക്കി നിർമ്മിക്കുന്ന 300 പുതിയ സ്കൂൾ കെട്ടിടങ്ങൾക്ക് തറക്കല്ലിടും.

● ഉന്നതവിദ്യാഭ്യാസത്തെ കൂടുതൽ ശക്തിപ്പെടുത്താൻ നടപടികളുണ്ടാവും. മഹാരാജാസ്, യൂണിവേഴ്സിറ്റി കോളേജ്, കേരള വർമ്മ കോളേജ് തുടങ്ങി 13 കോളേജുകളിലും എംജി യൂണിവേഴ്സിറ്റി കാമ്പസിലുമായി കിഫ്ബി വഴിയുള്ള 205 കോടി രൂപയുടെ നിർമാണ പ്രവൃത്തികൾക്കു തുടക്കം കുറിക്കും. എ. പി.ജെ. അബ്ദുൾകലാം സർവ്വകലാശാല കാമ്പസിനുള്ള സ്ഥലമെടുപ്പ് പൂർത്തിയാക്കി ശിലാസ്ഥാപനം നടത്തും.

● കൊല്ലം ശ്രീനാരായണ ഗുരു സാംസ്കാരിക സമുച്ചയം, വി.ടി. ഭട്ടതിരിപ്പാട് സ്മാരക സമുച്ചയത്തിന്റെ ആദ്യഘട്ടം, എന്നിവയുടെ നിർമ്മാണം ആരംഭിക്കും. കാസർഗോഡ് സുബ്രഹ്മണ്യം തിരുമുമ്പ് സാംസ്കാരിക സമുച്ചയത്തിന്റെ ഒന്നാം ഘട്ട നിർമ്മാണം 2021 ഫെബ്രുവരിയിൽ പൂർത്തിയാക്കും. ഗോവിന്ദ പൈ സ്മാരകം, കൊല്ലം ബസവേശ്വര സ്മാരകം എന്നിവയടക്കം 9 സാംസ്കാരിക കേന്ദ്രങ്ങൾ ഉദ്ഘാടനം ചെയ്യും.

● പുരാവസ്തു വകുപ്പിന്റെ നേതൃത്വത്തിൽ പെരളശ്ശേരി എ കെ ജി മ്യൂസിയം, ചന്തപ്പുരയിലെ തെയ്യം മ്യൂസിയം, രാജാരവി വർമ്മ ആർട്ട് ഗ്യാലറി കെട്ടിടം എന്നിവയുടെ ശിലാസ്ഥാപനം നടക്കും.

● 185 കോടി രൂപ മുതൽ മുടക്കിൽ ഒമ്പതു പുതിയ സ്റ്റേഡിയങ്ങൾക്ക് ശിലാസ്ഥാപനം നടത്തും.




● 182 കോടി രൂപയുടെ അമൃത് സ്കീമിൽപ്പെട്ട 24 പദ്ധതികൾ ഉദ്ഘാടനം ചെയ്യപ്പെടും. 189 കോടി രൂപയുടെ ചെലവു വരുന്ന മറ്റു 37 നഗരവികസന പദ്ധതികൾക്കും തുടക്കമാകും.

● കെ-ഫോൺ പദ്ധതിയുടെ പൂർത്തീകരണം ഡിജിറ്റൽ കേരള എന്ന സ്വപ്നം സാക്ഷാൽകരിക്കുന്നതിന് ഒരു നിർണ്ണായക കാൽവയ്പ്പായിരിക്കും. ഇതിന്റെ ഭാഗമായുള്ള സംസ്ഥാനതല കൺട്രോൾ റൂം, 14 ജില്ലാതല കേന്ദ്രങ്ങൾ, തെരഞ്ഞെടുക്കപ്പെട്ട ഓഫീസുകളുടെ നെറ്റുവർക്കിങ് എന്നിവയടങ്ങുന്ന ഒന്നാംഘട്ടത്തിന്റെ ഉദ്ഘാടനം ഫെബ്രുവരിയിൽ നടക്കും. ബിപിഎൽ കുടുംബങ്ങളിലേയ്ക്കും 30,000 സർക്കാർ ഓഫീസുകളിലേയ്ക്കും കെ-ഫോൺ ഏതാനും മാസങ്ങൾക്കുള്ളിൽ എത്തിക്കാൻ ഇതിലൂടെ കഴിയും.

● 100 കേന്ദ്രങ്ങളിൽ ടേക്ക് എ ബ്രേക്ക് വഴിയോര വിശ്രമ കേന്ദ്രങ്ങൾ നിർമ്മാണം ആരംഭിക്കുകയോ നിലവിൽ വരികയോ ചെയ്യും. 250 പഞ്ചായത്തുകൾകൂടി ശുചിത്വ പദവിയിലേയ്ക്ക് ഉയരുന്നതോടെ 80 ശതമാനം ഗ്രാമപ്രദേശവും ശുചിത്വ മാനദണ്ഡങ്ങളിലേയ്ക്ക് എത്തിച്ചേരും.

● സ്മാർട്ട് സിറ്റി പദ്ധതിയിൽപ്പെടുത്തി തിരുവനന്തപുരം, കൊച്ചി നഗരസഭകളിലായി 190 കോടി രൂപയുടെ പദ്ധതികൾ പൂർത്തീകരിക്കും.

● മുഖ്യമന്ത്രിയുടെ ഗ്രാമീണ റോഡ് നവീകരണ പരിപാടിയിൽപ്പെടുന്ന 1620 പ്രവൃത്തികൾ (3598 കി.മീ) ജനുവരി 31നകം പൂർത്തിയാകും. രണ്ടാംഘട്ടത്തിൽപ്പെട്ട 1627 പ്രവൃത്തികൾ (3785 കി.മീ) ഫെബ്രുവരി 28നകം പൂർത്തിയാക്കും. മൂന്നാംഘട്ടത്തിൽ ഉൾപ്പെട്ട 1625 പ്രവൃത്തികൾ (4421 കിമീ) മാർച്ച് 31നകം പൂർത്തിയാക്കും.

● ലൈഫ് പദ്ധതി പ്രകാരം പുതിയ 15,000 വീടുകൾ കൂടി മാർച്ച് 31നകം പൂർത്തീകരിക്കുകയും 35,000 ഭവനങ്ങളുടെ നിർമ്മാണം തുടങ്ങുകയും ചെയ്യും. ഭൂമിയും വീടും ഇല്ലാത്തവർക്ക് വീട് വയ്ക്കുന്നതിനായി 101 ഭവന സമുച്ചയങ്ങളാണ് ലൈഫ് മിഷന്റെ മൂന്നാംഘട്ടത്തിൽ ഏറ്റെടുക്കുന്നത്. ഇതിൽ 5 ഭവന സമുച്ചയങ്ങളുടെ നിർമ്മാണം മാർച്ച് 31ന് മുമ്പ് പൂർത്തീകരിക്കും.

● കഴിഞ്ഞ നാലു വർഷത്തിനിടെ 41,578 കിലോമീറ്റർ നീർച്ചാലുകളും 390 കിലോമീറ്റർ പുഴയും വീണ്ടെടുക്കാൻ കഴിഞ്ഞിട്ടുണ്ട്. മാർച്ച് 31ന് മുമ്പ് ഇത് 50,000 കിലോമീറ്ററായി വർദ്ധിക്കും.

● അയ്യൻകാളി നഗര തൊഴിലുറപ്പ് പരിപാടിയിൽ മാർച്ച് 31നകം 8 ലക്ഷം തൊഴിൽ ദിനങ്ങൾകൂടി സൃഷ്ടിക്കും.

● കെഎസ്എഫ്ഇയുമായി സഹകരിച്ച് കുടുംബശ്രീ നടപ്പിലാക്കുന്ന ലാപ്ടോപ്പ് വിതരണ പദ്ധതിയുടെ ഉദ്ഘാടനം ഫെബ്രുവരിയിൽ നടക്കും. ഇതുവരെ രജിസ്റ്റർ ചെയ്യാത്തവർക്ക് ഇനിയും രജിസ്റ്റർ ചെയ്യുന്നതിനുള്ള അവസരമുണ്ടാകും. കുടുംബശ്രീയുടെ നേതൃത്വത്തിൽ 500 കയർ ആൻറ് ക്രാഫ്റ്റ്





സ്റ്റാളുകൾ ഉദ്ഘാടനം ചെയ്യും.

● ആറ് പ്രധാന കിഫ്ബി ജലവിതരണ പദ്ധതികൾ രണ്ടാം 100 ദിന പരിപാടിയിൽ ഉദ്ഘാടനം ചെയ്യും. തോട്ടം തൊഴിലാളികൾക്കുള്ള പ്രത്യേക ഭവന പദ്ധതിയിൽ വയനാട്ടിലെ തോട്ടം തൊഴിലാളികളുടെ വീടുകളുടെ ശിലാസ്ഥാപനവും കുളത്തുപ്പുഴ പ്ലാന്റേഷൻ തൊഴിലാളികളുടെ വീടുകളുടെ താക്കോൽദാനവും നടത്തും.

● മുതിർന്ന പൗരൻമാർക്കുള്ള നവജീവൻ തൊഴിൽ പദ്ധതിക്കും തുടക്കം കുറിക്കും. മേനംകുളത്ത് സ്ത്രീ തൊഴിലാളികൾക്കായുള്ള അപ്പാർട്ട്മെൻറിന്റെ ശിലാസ്ഥാപനം നടത്തും.

● ചെല്ലാനം, താനൂർ, വെള്ളിയിൽ എന്നീ മത്സ്യബന്ധന തുറമുഖങ്ങളുടെ കമ്മീഷനിങ് നടക്കും. ചെത്തി മത്സ്യബന്ധന തുറമുഖ നിർമ്മാണത്തിനു തറക്കല്ലിടും. തലായി മത്സ്യബന്ധന തുറമുഖത്തോട് അനുബന്ധിച്ചുള്ള തീരസംരക്ഷണം, നീണ്ടകര തുറമുഖത്തിൽ ഡ്രഡ്ജിങ്, തങ്കശ്ശേരി മത്സ്യബന്ധന തുറമുഖ നവീകരണം എന്നിവയും ഈ സമയത്ത് നിർമ്മാണോദ്ഘാടനം നിർവഹിക്കും.

● 60 കോടി രൂപ മുതൽമുടക്കിൽ 9 തീരദേശ ജില്ലകളിൽ പൂർത്തിയാകുന്ന 87 തീരദേശ റോഡുകൾ ഉദ്ഘാടനം ചെയ്യും. മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കുള്ള പുനർഗേഹം പദ്ധതിയിൽ കാരോട്, ബീമാപ്പള്ളി, വലിയതുറ, കൊല്ലം ക്യുഎസ്എസ് കോളനി, പൊന്നാനി ഫ്ളാറ്റ്, ആലപ്പുഴ പുറക്കാട്, കോഴിക്കോട് വെസ്റ്റ് എന്നിവിടങ്ങളിലായി 774 കുടുംബങ്ങൾക്കുള്ള ഫ്ളാറ്റുകൾ/വീടുകൾ ഉദ്ഘാടനം ചെയ്യും. അപേക്ഷ നൽകിയിട്ടുള്ള മറ്റുള്ളവർക്ക് വീടും സ്ഥലവും വാങ്ങുന്നതിന് 200 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

● മത്സ്യബന്ധന യാനങ്ങളുടെയും എഞ്ചിനുകളുടെയും ഇൻഷുറൻസ് പദ്ധതിയ്ക്കു തുടക്കം കുറിക്കും. രണ്ട് മറൈൻ ആംബുലൻസുകൾ പ്രവർത്തനക്ഷമമാക്കും.

● പട്ടികജാതി/പട്ടികവർഗ വിഭാഗങ്ങൾക്കായി 3000 പഠനമുറികൾ പൂർത്തിയാക്കും. 1620 പേർക്ക് ഭൂമി വാങ്ങാനായി ധനസഹായം നൽകും. 2000 പേർക്ക് പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ വഴി 2000 പേർക്ക് സ്വയംതൊഴിൽ വായ്പ നൽകും.

● 3500 പേർക്ക് വനാവകാശ രേഖയും 2500 പേർക്ക് നിക്ഷിപ്ത വനഭൂമിയിലുള്ള അവകാശവും 300 പേർക്ക് ലാൻറ് ബാങ്ക് പദ്ധതി പ്രകാരവും കൃഷി ഭൂമിയും ലഭ്യമാക്കും. 4800 പട്ടികവർഗ വീടുകൾകൂടി പൂർത്തീകരിക്കും.

● തിരിച്ചെത്തിയ പ്രവാസികൾക്കുള്ള ക്ഷേമ പദ്ധതികൾക്കായുള്ള നിർദ്ദേശം സർക്കാർ ക്ഷണിച്ചിരുന്നു. ഇതിൽ നടപ്പാക്കാനാകുന്ന പ്രോജക്റ്റുകൾ ജനുവരി, 2021ൽ പ്രഖ്യാപിക്കും.

● തിരുവനന്തപുരം സൈബർ ഡോം കെട്ടിടം, ക്രൈംബ്രാഞ്ച് കോംപ്ലക്സ്, മൂന്നാം ഡിസ്ട്രിക്റ്റ് ട്രെയിനിംഗ് സെൻറർ, വിവിധ ജില്ലകളിലെ ഡിസ്ട്രിക്റ്റ് കമാൻഡൻറ് കൺട്രോൾ സെൻററുകൾ, ആലുവ പൊലീസ് സ്റ്റേഷൻ കെട്ടിടം, കൊച്ചിയിലെ സ്മാർട്ട് പൊലീസ് സ്റ്റേഷൻ എന്നിവയുടെ ഉദ്ഘാടനം നടക്കും.

● സ്ത്രീകളുടെ സുരക്ഷയ്ക്കു വേണ്ടിയുള്ള ഇൻറഗ്രേറ്റഡ് വിമൻ സെക്യൂരിറ്റി ആപ്പ് പുറത്തിറക്കും. തനിച്ചു താമസിക്കുന്ന മുതിർന്ന പൗരൻമാർക്കുള്ള വി-കെയർ പദ്ധതി ആരംഭിക്കും.

സർക്കാർ ജനങ്ങൾക്കു നൽകിയ വാഗ്ദാനങ്ങൾ കൃത്യമായി പാലിച്ചുകൊണ്ടാണ് പ്രവർത്തിക്കുന്നത്. പ്രകടനപത്രികയിൽ പ്രഖ്യാപിച്ച 600 ഇന പരിപാടികളിൽ 570 എണ്ണവും പൂർത്തിയാക്കിയിട്ടുണ്ട്. ബാക്കിയുള്ളവ വേഗത്തിൽ തന്നെ പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുന്നുവെന്ന് മാത്രമല്ല പ്രകടന പത്രികയിൽ ഉൾപ്പെടാത്ത നൂറുകണക്കിന് പദ്ധതികളും പരിപാടികളും നടപ്പാക്കിയിട്ടുണ്ട്.





# സുശീലാ ഗോപാലൻ: കാലം മായ്ക്കാത്ത സൗഹൃദ തിളക്കം

ആനത്തലവട്ടം ആനന്ദൻ

**സു**ശീലാഗോപാലൻ അന്തരിച്ചിട്ട് 2020 ഡിസംബർ 19ന് പത്തൊൻപതു വർഷം തികഞ്ഞു. അരനൂറ്റാണ്ടിലേറെക്കാലം പൊതുരംഗത്ത് തിളങ്ങിനിന്നിരുന്ന ഒരു വ്യക്തിത്വമായിരുന്നു അവരുടേത്. പ്രസിദ്ധനായ തേവാടി വൈദ്യരുടെ ചികിൽസയിൽ എ.കെ.ജി വർക്കല ക്യാമ്പുചെയ്യുമ്പോഴാണ് സഖാവ് സുശീലയെ ഞാൻ ആദ്യമായി നേരിൽക്കാണുന്നത്. എ.കെ.ജിയുടെ ചികിൽസയും വർക്കലയിലെ താമസവും ചിറയിൻകീഴ് താലൂക്കുകാർക്ക് ഉത്സവമായിരുന്നു. എ.കെ.ജിയെ കാണാൻ പരിസരങ്ങളിൽ നിന്ന് എല്ലാ ദിവസവും കൊച്ചുകൊച്ചു സംഘങ്ങൾ എത്തിക്കൊണ്ടിരുന്നു. അവരോടെല്ലാം കുശലം പറയാനും ക്ഷേമങ്ങൾ അന്വേഷിക്കാനും ഇതിനിടയിൽ വൈദ്യരുടെ നിർദ്ദേശമനുസരിച്ചുള്ള മരുന്നും ആഹാരവും സമയാസമയങ്ങളിൽ എ.കെ.ജി ക്ക് നൽകുന്നതിനുമൊക്കെ ഓടിനടക്കുന്ന സുശീലയോട് അന്ന് തോന്നിയ സ്നേഹവും ആദരവും ജീവിതാന്ത്യംവരെ പോറലേൽക്കാതെ നിലനിർത്താൻ കഴിഞ്ഞു.

ചികിത്സക്കെത്തിയ എ.കെ.ജിയാകട്ടെ വർക്കലയിലെ താമസം പാർട്ടിയുടെ ജനസ്വാധീനം വർദ്ധിപ്പിക്കുന്നതിനും പ്രദേശത്തിന്റെ വികസനത്തിനുമുള്ള ഒരു പ്രവർത്തനകേന്ദ്രമാക്കി മാറ്റിത്തീർക്കുകയാണ് ചെയ്തത്. അന്ന് അദ്ദേഹം ലോക്സഭയിലെ പ്രതിപക്ഷ നേതാവാണ്. പ്രാദേശികമായ വികസന പ്രശ്നങ്ങളിൽ അദ്ദേഹത്തിന്റെ സഹായം തേടാൻ ഈ അവസരം നാട്ടുകാർഉപയോഗപ്പെടുത്തി. കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളുടെ ശ്രദ്ധയിൽപ്പെടുത്താനുള്ള കത്തിടപാടുകളും കമ്പിയടിക്കലും പത്രസമ്മേളനങ്ങളും കൊണ്ട് വനജാക്ഷിമന്ദിരം തിരക്കേറിയ ഒരു കേന്ദ്രമായി.

ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലെ പാവപ്പെട്ട ജനങ്ങളുടെ നീറുന്ന പ്രശ്നങ്ങളടങ്ങുന്ന നൂറുകണക്കിനു കത്തുകളാണ് ദിവസവും എകെജിക്ക് ലഭിക്കുക. അതിനെല്ലാം മറുപടി നൽകലും അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തലും ചികിൽസയ്ക്കിടയിൽ മുടക്കം കൂടാതെ നടന്നു. വനജാക്ഷിമന്ദിരം-ശ്രീനാരായണ ഗുരുവും മഹാത്മജിയും കണ്ടുമുട്ടി ചർച്ചനടത്തിയ ഭവനം- എകെജിയുടെ താമസംകൊണ്ട് രണ്ടാമതൊരിക്കൽ കൂടി ഇന്ത്യയുടെ ശ്രദ്ധാകേന്ദ്രമായി.

അന്ന് എകെജിയുടെ മകൾ ലൈലയ്ക്ക് അഞ്ചോ ആറോ വയസ്സാണ് പ്രായം. കാലിന് ജൻമനാ സംഭവിച്ച വൈകല്യമുണ്ടായിരുന്നു. ചിങ്ങമാസത്തിൽ ശ്രീനാരായണഗുരു ജയന്തി ആഘോഷിക്കുന്ന ചടങ്ങുകൾ ആനത്തലവട്ടത്ത് സംഘടിപ്പിക്കുന്ന ചുമതലക്കാരനെന്ന നിലയിൽ ഞാൻ സുശീലയെ പ്രസംഗിക്കാൻ ക്ഷണിക്കാൻ പോയി. എന്റെ ആഗ്രഹം സുശീലയെ അറിയിച്ചു. എ.കെ.ജിയുടെ അനുമതി വാങ്ങണം. എ.കെ.ജി സമ്മതിച്ചു. പക്ഷേ, ഒരു കണ്ടീഷൻ- ലൈലയെക്കൂടി കൊണ്ടുപോകണം. അന്ന് നടക്കാൻ ബുദ്ധിമുട്ടുണ്ടായിരുന്ന ലൈലയെ തോളിലെടുക്കേണ്ട ചുമതല താൻ നിർവ്വഹിക്കണം. സസന്തോഷം ഞാനത് ഏറ്റു. അങ്ങനെ ആദ്യമായി സുശീലയെ എന്റെ നാട്ടിൽ ഒരു പൊതുയോഗത്തിൽ പ്രസംഗിപ്പിക്കാൻ എനിക്ക് അവസരം കിട്ടി. അന്നുമുതൽ ഞങ്ങൾ കൂടുതൽ അടുപ്പക്കാരായി.

സാന്ദർഭികമായി പറയട്ടെ. എന്റെ സഹധർമ്മിണി ലൈലയും സുശീലയുടെ മകൾ ലൈലയും സമപ്രായക്കാരാണ്. വർക്കല മൈതാനത്താണ് (വനജാക്ഷി മന്ദിരത്തിനടുത്ത്) അവർ താമസിച്ചിരുന്നത്. ഭാര്യാ

പിതാവ് ദാസ് പാർട്ടിക്കാരനാണ്. എല്ലാ ദിവസവും രാവിലെയും വൈകുന്നേരവും കാരണവർ എ.കെ. ജിയെ കാണാൻ പോകും. കൂടെ മകളും ഉണ്ടാകും. ലൈലയ്ക്കും കൂട്ടിന് മറ്റൊരു ലൈലയെ കിട്ടി.

1971 ൽ കൊല്ലത്ത് മജീദിയ ഹാളിൽ കൂടിയ കയർത്തൊഴിലാളി സംഘടനകളുടെ ഏകോപന സമിതി യോഗം കേരള കയർ വർക്കേഴ്സ് സെന്റർ എന്ന സംഘടനയ്ക്ക് രൂപം നൽകി. സുശീലയെ പ്രസിഡന്റായും സി എ പീറ്ററെ ജനറൽ സെക്രട്ടറിയായും എന്നെ ജോയിന്റ് സെക്രട്ടറിയായും തെരഞ്ഞെടുത്തു. 1972ൽ സി എ പീറ്ററെ സംഘടനാപരമായ കാരണങ്ങളാൽ ജനറൽ സെക്രട്ടറി സ്ഥാനത്തുനിന്ന് ഒഴിവാക്കി, പകരം എന്നെ ജനറൽ സെക്രട്ടറിയായി തെരഞ്ഞെടുത്തു. സുശീലാ ഗോപാലൻ പ്രസിഡന്റായ സംഘടനയുടെ ജനറൽ സെക്രട്ടറിയായി അവരുടെ കീഴിൽ മുപ്പതുവർഷം പ്രവർത്തിക്കാൻ അവസരം ലഭിച്ചു. ഈ കാലയളവിൽ വിവിധ രംഗങ്ങളിൽ അവരോടൊത്തുള്ള പ്രവർത്തനത്തിൽ, സമൂഹത്തിൽ ഏറ്റവും താണനിലയിൽ ജീവിക്കുന്ന തൊഴിലാളികളോട് അവർക്കുള്ള പ്രതിപത്തി; അവരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാനുള്ള വ്യഗ്രത, അതിന് എന്തു ബുദ്ധിമുട്ടും സഹിക്കാനുള്ള സന്നദ്ധത ഇതെല്ലാം അവരിൽ കൂടികൊണ്ടിരുന്നതായി മനസ്സിലാക്കാൻ കഴിഞ്ഞു.

സമൂഹത്തിൽ ഏറ്റവും കൂടുതൽ ചൂഷണത്തിനു വിധേയരാകുന്നവർ സ്ത്രീകളാണെന്ന് മനസിലാക്കി അവരുടെ വിമോചനത്തിന് സ്ത്രീകളുടെ സംഘടന കെട്ടിപ്പടുക്കുന്നതിൽ സഖാവ് വഹിച്ച പങ്ക് വനിതാ പ്രസ്ഥാനത്തിന് മറക്കാൻ കഴിയില്ല. കയർ തൊഴിലാളികളുടെ ജീവിതപ്രയാസങ്ങൾ പ്രത്യേക പഠനം നടത്താതെ തന്നെ തന്റെ വീടുനുചുറ്റുമുള്ള തൊഴിലാളികളുടെ ജീവിതദുരിതങ്ങളിൽ നിന്ന് അവരുടെ ഹൃദയത്തിൽ പതിഞ്ഞതാണ്. അന്ത്യംവരെ അവർ അതിൽ ശ്രദ്ധാലുവുമായിരുന്നു.

കയർ വ്യവസായ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താനുള്ള പ്രവർത്തനം അവരുടെ രാഷ്ട്രീയ ജീവിതത്തിൽ ഏറ്റവും കൂടുതൽ സമയം അപഹരിച്ചു. പാർലമെന്റംഗമെന്ന നിലയിലും എ.കെ. ജിയുടെ സഹധർമ്മിണിയെന്ന നിലയിലും ദില്ലിയിൽ എല്ലാ രാഷ്ട്രീയക്കാരിലും മാറിമാറി വന്ന ഭരണാധികാരികൾക്കിടയിലും സുശീലയ്ക്ക് പ്രത്യേക പരിഗണന ലഭിച്ചിരുന്നു. ഇന്ദിരാഗാന്ധിയുടെ മുമ്പിലും വ്യവസായമന്ത്രിയായിരുന്ന എൻ ഡി തിവാരിയുടെ മുമ്പിലും കേരളത്തിലെ കയർ പ്രതിസന്ധിയ്ക്ക് പരിഹാരം കാണാൻ നടത്തിയ നിവേദനങ്ങളും സമരങ്ങളും അതിന് തെളിവാണ്. എഴുപതുകളുടെ ആദ്യം പാർലമെന്റിനുമുന്നിൽ പ്രകടനം നടത്താൻ ആയിരം പേരുടെ സംഘം ദില്ലിക്ക് പോയി. അവർക്ക് താമസമേർപ്പെടുത്തുന്നതിൽ, മടക്കയാത്രയ്ക്കുള്ള സ്പെഷ്യൽ കോച്ച് ഏർപ്പെടുത്തുന്നതിൽ എല്ലാറ്റിലും അവരുടെ സാന്നിധ്യവും സഹായവും കയർ തൊഴിലാളി പ്രസ്ഥാനം എക്കാലവും ഓർമ്മിക്കും.

പാർലമെന്റിനെ പ്രതിനിധീകരിച്ച് പലതവണ കയർബോർഡിൽ സുശീല അംഗമായിട്ടുണ്ട്. ഒറ്റയാൾ പട്ടാളമായി കയർബോർഡിലെ കയറ്റുമതിക്കാരെയും സ്വകാര്യ താൽപര്യക്കാരേയും ജന വിരുദ്ധ സർക്കാർ നയങ്ങളെയും അവർ എതിർത്തു പോരാടിയിരുന്നു. കയർ തൊഴിലാളികളുടെ സമരചരിത്രത്തിൽ ഒരിക്കലും വിസ്മരിക്കാൻ കഴിയാത്തതാണ് 1975 മാർച്ച് 31 ന് കാസർഗോട്ടുനിന്ന് ആരംഭിച്ച് മേയ് 11 ന് സെക്രട്ടറിയേറ്റിനുമുന്നിൽ സമാപിച്ച പട്ടിണി മാർച്ച്. എന്റെ നേതൃത്വത്തിൽ 101 പേർ പങ്കെടുത്ത ആ മാർച്ചിൽ



പി.ആർ.വാസു, സി.ബി.സി.വാര്യർ എന്നീ നേതാക്കളും ഉണ്ടായിരുന്നു. സി.ബി.സി കോഴിക്കോട്ടു വെച്ച് ശാരീരികമായ അവശതകൊണ്ട് മാർച്ചിൽ നിന്ന് പിരിഞ്ഞു. എന്നാൽ, ആജാനുബാഹുവായ പി ആർ വാസു 41 ദിവസവും ജാഥയിൽ സഞ്ചരിച്ചു. പൊരിയുന്ന വെയിലും കോരിച്ചൊരിയുന്ന മഴയും പിന്നിട്ടാണ് പട്ടിണി ജാഥ മുന്നോട്ടു നീങ്ങിയത്. ആ ജാഥയുടെ മുമ്പിൽ കൂറ്റൻ കൊടിയുമായി ആദ്യാവസാനം പങ്കെടുത്ത പ്രായമുള്ള രണ്ട് സഖാക്കളെ ആദരപൂർവ്വം ഞാൻ ഈ അവസരത്തിൽ സ്മരിക്കുകയാണ്. ചെറായിലെ പി.കെ അവരനും, പറവൂരിലെ പി.എം.പങ്കജാക്ഷനും. ചെറുപ്പക്കാർ പലരും കാലുപൊട്ടിയും അസുഖം ബാധിച്ചും ജാഥയിൽ നിന്ന് വിട്ടുനിന്നപ്പോഴും ഈ രണ്ട് സഖാക്കളും ആദ്യാവസാനം ജാഥയ്ക്ക് ആവേശമായിരുന്നു. അവർ ഇന്ന് നമ്മോടൊപ്പമില്ല. അവരും എന്നെന്നും സ്മരിക്കപ്പെടേണ്ട സഖാക്കളാണ്. പി.ആർ.വാസു അന്ന് കേരളത്തിലുടനീളം ശ്രദ്ധിക്കപ്പെടുന്ന നേതാവായിരുന്നു. 1970ൽ എ.കെ.ജിയുടെ ആഹ്വാന പ്രകാരം കുടികിടപ്പവകാശം സ്ഥാപിച്ചെടുക്കാനുള്ള വളഞ്ഞുകെട്ടൽ സമരത്തിൽ കള്ളിക്കാട് ഭാർഗവിയും നീലകണ്ഠനും പോലീസിന്റെ വെടിയേറ്റ് രക്തസാക്ഷികളായി. ആ സമരത്തിന് നേതൃത്വം നൽകിയ പി.ആറിനെ അതിമൃഗീയമായി ലോക്കപ്പിലിട്ട് തല്ലിച്ചതച്ചിരുന്നു. കള്ളിക്കാട്ടെ സമരനായകൻ ജാഥയിലുണ്ടായത് പൊതുവിൽ ജാഥയ്ക്ക് ആവേശമായി. ഒന്നര മാസക്കാലം ആ ജാഥ വിജയിപ്പിക്കാൻ സുശീലയും എ.കെ.ജി യും വഹിച്ച പങ്ക് ആർക്കാണ് മറക്കാൻ കഴിയുക.

കാസർഗോഡു മുതൽ തിരുവനന്തപുരം വരെ എ.കെ.ജി യും സുശീലയും ഓരോ ജില്ലയിലും ജാഥ പ്രവേശിക്കുന്നതിനുമുമ്പായി ജില്ലകളിൽ സഞ്ചരിച്ച് പാർട്ടിയെയും ഇതര വർഗബഹുജന സംഘടനകളെയും ജനങ്ങളെയും അണിനിരത്തി. പട്ടിണി മാർച്ചിന്റെ പൈലറ്റായി അവർ സഞ്ചരിച്ചു. ജാഥ എത്തുമ്പോൾ ഓരോ പ്രദേശത്തും ജാഥയെ വരവേൽക്കാൻ ആയിരങ്ങൾ കാത്തുനിന്നു. ജനങ്ങൾ ജാഥാ നേതാക്കളെ തിലകക്കുറി ചാർത്തി ആശിർവദിച്ച് വിടുന്നു. തിരുവനന്തപുരത്ത് പട്ടിണി മാർച്ച് എത്തുമ്പോൾ എന്തെങ്കിലും സംഭവിക്കുമെന്ന ചിന്ത എല്ലാവരിലും നിഴലിക്കുന്നു. കൊല്ലം ജില്ലയിൽ പ്രവേശിച്ചപ്പോൾ കോരിച്ചൊരിയുന്ന മഴയാണ്. നനഞ്ഞു കുതിർന്ന ജാഥാംഗങ്ങൾക്ക് ഒരു ബുദ്ധിമുട്ടും വരാതിരിക്കാൻ എല്ലാ മുന്നൊരുക്കങ്ങളും



അവിടത്തെ സഖാക്കളെക്കൊണ്ട് എ.കെ.ജിയും സുശീലയും ചെയ്യിച്ചിരുന്നു. അഞ്ചാലുംമൂട് ഹൈസ്കൂളിലായിരുന്നു രാത്രി ക്യാമ്പ്. അവിടെ ജാഥാംഗങ്ങളെ കാണാൻ സഖാക്കൾ എത്തിയത് എല്ലാവർക്കും മഴനന യാതിരിക്കാനുള്ള തൊപ്പിയുമായിട്ടാണ്.

മേയ് 11 ന് പട്ടിണി ജാഥ തലസ്ഥാനത്തെത്തി. പാളയത്തും കിഴക്കേകോട്ടയിലുമായി ജാഥയെ അനുധാവനം ചെയ്യാൻ ആയിരങ്ങൾ ഒത്തുകൂടിയിട്ടുണ്ട്. എ.കെ.ജി യും ഇ.എം.എസും രണ്ട് കേന്ദ്രങ്ങളിൽ നിന്നായി തിരിക്കുന്ന മാർച്ചിന് നേതൃത്വം നൽകുന്നു. നിയമസഭാ സമ്മേളനം നടക്കുകയാണ്. ബാവാഹാജി യാണ് സ്പീക്കർ. നിയമസഭയ്ക്കുള്ളിൽ കയറി നിവേദനം നടത്താനാണ് എ.കെ.ജിയുടെ പദ്ധതിയെന്ന്. ഗവൺമെന്റ് എങ്ങനെയോ മണത്തറിഞ്ഞു. ജാഥ പുറപ്പെട്ട് കുറച്ചുദൂരം പിന്നിട്ടപ്പോൾ സ്പീക്കർ നിയമസഭ പിരിച്ചുവിട്ടു. പോലീസ് വലയം ഭേദിച്ച് നിയമസഭാ ഹാളിൽ പ്രവേശിക്കാൻ പ്രതിജ്ഞയെടുത്തു വന്ന സഖാക്കൾ നിരാശരായി. എങ്കിലും ഒരു വലിയ ദുരന്തം ഒഴിവാക്കപ്പെട്ടു. ഈ പ്രക്ഷോഭപരിപാടികൾക്കെല്ലാം രൂപരേഖ തയ്യാറാക്കിയ എ.കെ.ജിയെയും കൂട്ടി ഒന്നരമാസക്കാലം ജാഥയോടൊപ്പം സഞ്ചരിച്ച സുശീല ആ പരിപാടിയുടെ വിജയത്തിന്റെ മുഖ്യ ശിൽപ്പിയായിരുന്നു.

എഴുപതുകളുടെ ആദ്യപകുതി, സാമൂഹ്യജീവിതം ദുരിതത്തിന്റെയും കഷ്ടപ്പാടുകളുടെയും പട്ടിണി മരണങ്ങളുടെയും കാലമായിരുന്നു. അതുപോലെ തന്നെ അതിൽ നിന്ന് മോചനം നേടാനുള്ള പൊരിഞ്ഞ പോരാട്ടങ്ങളുടെയും കാലം. ഭൂമിക്കു വേണ്ടിയുള്ള സമരം, പന്ത്രണ്ടും പതിനാലും മണിക്കൂർ ആവി എഞ്ചിൻ മുറിയിൽ നിന്ന് വണ്ടിയോടിക്കുന്ന തൊഴിലാളി കൾക്ക് എട്ടുമണിക്കൂർ പ്രവൃത്തി സമയം നിശ്ചയിക്കുന്നതുൾപ്പെടെയുള്ള ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ടുള്ള റെയിൽവെ തൊഴിലാളികളുടെ പണിമുടക്ക്. ഇരുപത് ദിവസം നീണ്ടുനിന്ന 20 ലക്ഷം തൊഴിലാളികളുടെ ഐതിഹാസികമായ ആ പണിമുടക്ക് ഒരു ചരിത്രസംഭവമായിരുന്നു. കേരളത്തിലെ എൻജിഒമാരുടെ സമരം. ഭക്ഷ്യക്ഷാമത്തിനും വിലവർദ്ധനയ്ക്കുമെതിരായ ജനങ്ങളുടെ സമരം. യന്ത്രവൽക്കരണത്തിനും തൊഴിലില്ലായ്മയ്ക്കുമെതിരായും മിനിമം വേജസിനുവേണ്ടിയുമുള്ള കയർ തൊഴിലാളികളുടെ സമരം. ഇതെല്ലാം രാജ്യത്ത് ഭരണാധികാരികളും ജനങ്ങളും തമ്മിലുള്ള വൈരുധ്യം മൂർച്ഛിപ്പിച്ചു. കയർത്തൊഴിലാളിയായ വാഴമുട്ടത്തെ അമ്മു പോലീസ് വെടിയേറ്റ് രക്തസാക്ഷിത്വം വരിച്ചത് ഈ അവസരത്തിലാണ് -1973 മേയ് മൂന്നിന്.

അമ്മുവിന്റെ ബലികുടീരത്തിൽ നിന്നുള്ള ദീപശിഖയുമായി കാസർഗോഡുവരെ 280 വില്ലേജുകളിലായി ചിന്നിച്ചിതറി കിടക്കുന്ന അഞ്ചുലക്ഷത്തോളം തൊഴിലാളികളെ കയർ സെന്ററിന്റെ കീഴിൽ അണിനിരത്തുകയെന്ന ലക്ഷ്യത്തോടെ നടത്തിയ സംസ്ഥാനതല ജാഥ സംഘടിപ്പിക്കുന്നതിനും അത് വിജയിപ്പിക്കുന്നതിനും കയർ സെന്റർ പ്രസിഡന്റ് എന്ന നിലയിൽ സഖാവ് മുൻകൈയ്യെടുത്തിരുന്നു. ആ ജാഥയെത്തുടർന്നാണ് മലബാർ മേഖലയിൽ കയർ യൂണിയനുകളുടെ പ്രവർത്തനം സജീവമായത്.

1994 ൽ തൊണ്ട് വില നിയന്ത്രണ ഉത്തരവ് യുഡിഎഫ് ഗവൺമെന്റ് റദ്ദ് ചെയ്തു. കയർ സഹകരണ പ്രസ്ഥാനത്തെ തകർക്കുന്നതിന്റെ ആദ്യപടിയായി കയറ്റുമതിക്കാരുടെയും തൊണ്ടുവ്യാപാരികളുടെയും താൽപര്യസംരക്ഷണാർത്ഥമാണ് സർക്കാർ ഉത്തരവ് പിൻവലിച്ചത്. അതിനെ ഹൈക്കോടതിയിൽ ചോദ്യം ചെയ്യാൻ കയർ സെന്റർ തീരുമാനിച്ചു. ഹൈക്കോടതിക്കുമുന്നിൽ ആയിരക്കണക്കിന് തൊഴിലാളികളുടെ പ്രകടനം നടത്തി ചീഫ് ജസ്റ്റിസിന് നിവേദനം നൽകി. ആ നിവേദനം റിട്ടായി ഹൈക്കോടതി പരിഗണിച്ചു. കയർ സെന്ററിനുവേണ്ടി ഹൈക്കോടതിയിൽ നേരിട്ട് വാദിക്കാൻ സുശീല കോട്ടില്ലാ വക്കീലായി കോടതിയിലെത്തി. ഹൈക്കോടതിയിലെ മുതിർന്ന അഭിഭാഷകരടക്കം കോടതി മുറി തിങ്ങി നിറഞ്ഞു. നിയമം സാമൂഹ്യനൻമയ്ക്കാകണമെന്ന കാഴ്ചപ്പാടോടെ സുശീല ഉയർത്തിയ വാദമുഖങ്ങൾ അഭിഭാഷകരുടെ പ്രശംസ പിടിച്ചുപറ്റി. ഹൈക്കോടതിയിലെ പ്രധാന അഭിഭാഷകരൊക്കെ സഖാവിനെ അഭിനന്ദിക്കുന്നത് കാണാൻ കഴിഞ്ഞു.

1996 ലെ തെരഞ്ഞെടുപ്പിൽ കേരള നിയമസഭയിലേക്ക് മൽസരിച്ച് ജയിച്ചു. സംസ്ഥാനത്തെ വ്യവസായ മന്ത്രിയെന്ന നിലയിൽ പൊതുമേഖലയുടെ സംരക്ഷണം, വിവരസാങ്കേതികരംഗത്തേക്കുള്ള പ്രവേശനം, സ്വകാര്യ



വ്യവസായങ്ങളുടെ പ്രശ്നങ്ങൾ, ലക്ഷക്കണക്കായ ജനങ്ങൾക്കുപജീവനത്തിന് ആശ്രയിക്കുന്ന പരമ്പരാഗത വ്യവസായങ്ങളുടെ സംരക്ഷണം ഇതെല്ലാം നിർവ്വഹിക്കുന്നതിൽ താൻ പിന്നിട്ട പാർലമെന്ററി പ്രവർത്തനത്തിലെ അനുഭവങ്ങളും തൊഴിലാളി നേതാവെന്ന നിലയിൽ സംഘടനാ പ്രവർത്തനത്തിലൂടെ കൈവരിച്ച പ്രായോഗിക പരിചയവും പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിൽ സഹായകമായി. കൂടുതൽ പരിഗണനയ്ക്കായി വാദമുഖങ്ങൾ ഉയർത്തുന്ന വ്യവസായികളോടും ഉദ്യോഗസ്ഥരോടും കയർ, കൈത്തറി, കശുവണ്ടി, ഖാദി മേഖലയിലെ തൊഴിലാളികളുടെ ജീവിതത്തെ അവർ ഓർമ്മപ്പെടുത്തി. അപ്പോഴൊത്തെ തമാശയ്ക്കെങ്കിലും മറ്റുള്ളവർ, കയറിന്റെ മന്ത്രിയാണ് സുശീലയെന്ന് സൂചിപ്പിച്ചാൽ, കയറിന്റെ കൂടി മന്ത്രിയാണ് താനെന്നും കയർതൊഴിലാളികളെ വിസ്മരിച്ചു കൊണ്ടുള്ള മന്ത്രിപ്പണി തനിക്കിഷ്ടമല്ലെന്നും പറയാൻ മടികാണിച്ചിരുന്നില്ല.

ആഗ്രഹത്തിനനുസരിച്ച് കയറിനും മറ്റ് പരമ്പരാഗത വ്യവസായങ്ങൾക്കും പണം ലഭിക്കാത്തതിലെ പരിഭവം ധനമന്ത്രിയോട് പരസ്യമായിപ്പോലും പ്രകടിപ്പിക്കാറുണ്ടായിരുന്നു. കയർത്തൊഴിലാളികളുടെ കൂലിയിൽ പ്രതിദിനം 21 രൂപയുടെ വർദ്ധനവ് നേടാൻ കഴിഞ്ഞത് സഖാവ് വ്യവസായമന്ത്രി ആയിരുന്നപ്പോഴാണ്. കയർ സഹകരണമേഖലയ്ക്ക് റിവൈവൽ പദ്ധതിപ്രകാരം ഓരോ സംഘത്തിനും മൂന്നു മുതൽ അഞ്ചു ലക്ഷം രൂപ വരെ നൽകാനും സഹകരണമേഖലയെ സംരക്ഷിക്കാനും അവർ താത്പര്യമെടുത്തിരുന്നു. യുഡിഫ് ഗവൺമെന്റിന്റെ കാലത്ത് അപേക്ഷിക്കാൻ അവസരം നിഷേധിക്കപ്പെട്ട് ഇരുപത്തയ്യായിരത്തിൽ പരം കയർ തൊഴിലാളികൾക്ക് പെൻഷന് അപേക്ഷിക്കാൻ അവസരം നൽകിയ നിയമഭേദഗതി കൊണ്ടു വരുന്നതിലും അവർ പ്രത്യേകശ്രദ്ധ ചെലുത്തി.

കയർ മേഖലയെ സംരക്ഷിക്കുവാനും പുരോഗതിയിലേക്ക് നയിക്കാനും എക്കാലവും സുശീല പ്രയത്നിച്ചു. മന്ത്രി എന്ന നിലയിൽ അവരുടെ സുപ്രധാന ശ്രദ്ധ കയർ മേഖലയിലായിരുന്നു. കഠിനാധ്വാനം ചെയ്താലും യഥാർത്ഥ കൂലിയും ആനുകൂല്യങ്ങളും ലഭിക്കാതെ കഷ്ടപ്പെടുന്ന കയർതൊഴിലാളികളുടെയും കയർ ഫാക്ടറി തൊഴിലാളികളുടെയും വേദനകളിൽ സുശീല അത്യധികം ഖിന്നയായിരുന്നു. വിദേശ ഓർഡറുകളെ ആശ്രയിച്ചിരുന്ന കയർ വ്യവസായത്തിൽ ആഭ്യന്തര വിപണി കണ്ടെത്തുന്നതിൽ അവർ ഏറെ പരിശ്രമിച്ചു. ഗ്രാമനിരത്ത് മുതൽ രാജ്യാതിർത്തി വേർതിരിക്കുന്ന വേലിവരെ കയറ്റുപായ പ്രയോജനപ്പെടുത്തി നിർമ്മിക്കാമെന്ന് പരിക്ഷണങ്ങളിലൂടെ ശാസ്ത്രീയമായി തെളിയിച്ചതിനു പിന്നിൽ സുശീലയുടെ പ്രത്യേക താൽപര്യമാണ്.വിദേശ ഓർഡറുകൾ ഇല്ലെങ്കിൽ പോലും കയർ മേഖലയ്ക്ക് നിലനിൽക്കാനാവും വിധമുള്ള കർമ്മപദ്ധതിയാണ് സുശീല രൂപം നൽകിയത്.

മറ്റുള്ളവരുടെ ദുഃഖത്തിലും പ്രയാസങ്ങളിലും സുശീലയുടെ സാന്നിധ്യവും സാന്ത്വനവും അവർക്കാശ്വാസം നൽകി. ഒട്ടേറെ പേർക്ക് കുടുംബ ഡോക്ടറായിരുന്നു സുശീല. ആയുർവേദം, ഹോമിയോ, സിദ്ധ ചികിത്സാ രീതികളായിരുന്നു അവർ ഇഷ്ടപ്പെട്ടിരുന്നത്. ഗത്യന്തരമില്ലാത്ത അവസ്ഥയിലേ അലോപ്പതി ചികിത്സയ്ക്ക് അവർ വഴങ്ങുമായിരുന്നുള്ളൂ. ബ്രസ്റ്റ് കാൻസർ ചികിൽസിച്ച് ഭേദപ്പെടുത്താവുന്നതായിരുന്നു. ബ്രസ്റ്റ് റിമൂവ് ചെയ്ത എത്രയോ പേർ വർഷങ്ങളായി ജീവിക്കുന്നു. സുശീലതന്നെ ഈ അസുഖമുണ്ടായിരുന്ന നിരവധി പേരെ ഉപദേശിച്ച് ക്യാൻസർ ഇൻസ്റ്റിറ്റ്യൂട്ടിൽ തനിക്കുള്ള സ്വാധീനമുപയോഗിച്ച് ചികിൽസിപ്പിച്ചിട്ടുണ്ട്. അവരെല്ലാം ഇന്ന് ജീവിച്ചിരിക്കുന്നു. പക്ഷേ, സ്വന്തം കാര്യത്തിൽ നേരത്തെ സൂചിപ്പിച്ച ചികിൽസാ രീതിയിൽ സഖാവ് ഉറച്ചുനിന്നു.

ഒരു ദിവസം ആർസിസിയിലെ ഡോ.കൃഷ്ണൻ നായർ വീട്ടിലെത്തി സഖാവുമായി ആർസിസിയിലെ ചികിൽസ ആരംഭിക്കേണ്ടതിന്റെ ആവശ്യകത സംസാരിച്ചു. ഇല്ലെങ്കിൽ ഉണ്ടാകാവുന്ന ഭവിഷ്യത്തുകളെക്കുറിച്ചും ഡോക്ടർ മുന്നറിയിപ്പുനൽകി. പക്ഷേ, സുശീല അംഗീകരിക്കാൻ തയ്യാറായിരുന്നില്ല. ഡോക്ടർ നിസ്സഹായനായപ്പോൾ ഒന്നിടപെട്ടാൽ കൊള്ളാമെന്ന് എനിക്കുതോന്നി. ഞാനും ഡോക്ടറുടെ പക്ഷംചേർന്നു. എന്നാൽ, സഖാവിന്റെ പ്രതികരണം ഇപ്രകാരമായിരുന്നു. ''തനിക്ക് ഞാനിങ്ങനെ നടക്കുന്നതിൽ അസൂയയുണ്ടാകും. കീമോതെറാപ്പി നടത്തി മൂടിയും കൊഴിഞ്ഞു രോഗിയാക്കി മാറ്റാനാണ് താനും ഡോക്ടറുടെ പക്ഷംചേർന്നത്. പക്ഷേ, നടക്കാൻ പോകുന്നില്ല''. ഞങ്ങൾ നിസ്സഹായരായി. താൻ പിന്നിട്ട സംഭവബഹുലമായ ജീവിതരീതി അതുപോലെ തുടരാൻ അലോപ്പതി ചികിൽസാരീതി തടസമാണെന്നവർ ആത്മാർത്ഥമായി വിശ്വസിച്ചു. അതിനും മാറ്റം വരുത്താൻ ആർക്കും ആകാതെപോയി.

ഒടുവിൽ അമേരിക്കയിൽ പോയ അവസരത്തിൽ അവിടെയുള്ള ഡോക്ടർമാരുടെ അഭിപ്രായം തള്ളിക്കളയാനായില്ല. അവിടെ ബ്രസ്റ്റ് കാൻസർ, മറ്റു രോഗങ്ങളെ ചികിൽസിക്കുന്നതുപോലെയുള്ള സാധാരണ രോഗമായിട്ടേ കണ്ടിട്ടുള്ളൂ. പക്ഷേ, ആരംഭത്തിലെ ഓപ്പറേഷന് വിധേയമാക്കണം. സഖാവ് വൈകിപ്പോയിരുന്നു. അമേരിക്കയിൽ നിന്ന് മടങ്ങി വന്നശേഷമാണ് അലോപ്പതി ചികിൽസാരീതി സ്വീകരിക്കാൻ സന്നദ്ധത പ്രകടിപ്പിച്ചത്. എസ്യുടി ആശുപത്രിയിൽ കിടക്കുമ്പോൾ ഞാനും എന്റെ ഭാര്യ ലൈലയും കൂടെ

# കയർഫെഡ് സെയിൽസ് അസിസ്റ്റന്റ് ഗ്രേഡ് –2 പി.എസ്.സി ഷോർട്ട് ലിസ്റ്റ്

**ക**യർഫെഡിന്റെ സെയിൽസ് അസിസ്റ്റന്റ് ഗ്രേഡ് –2 തസ്തികയിലേക്ക് പി.എസ്.സി ഷോർട്ട് ലിസ്റ്റ് പ്രസിദ്ധീകരിച്ചു

കേരള സർക്കാർ സ്ഥാപനമായ കയർഫെഡിൽ ഒഴിവുള്ള സെയിൽസ് അസിസ്റ്റന്റ് ഗ്രേഡ്–2 തസ്തികയിലേക്ക് 2018–ൽ കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ അപേക്ഷ ക്ഷണിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. ആകെ 26 ഒഴിവുകളാണ് കണക്കാക്കിയിട്ടുള്ളത്. ഇതിൽ 50 ശതമാനം ഒഴിവുകൾ കയർഫെഡിന്റെ അംഗസംഘങ്ങളിലെ ജീവനക്കാർക്ക് സംവരണം ചെയ്തിട്ടുള്ളതാണ്. ഈ തസ്തികയിലേക്ക് 26–11–2019–ൽ പി.എസ്.സി പരീക്ഷ നടത്തിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ജനറൽ കാറ്റഗറിയിൽ (386/2018) യോഗ്യരായവരുടെ ഷോർട്ട് ലിസ്റ്റ് 05.01.2021 ൽ പി.എസ്.സി പ്രസിദ്ധീകരിച്ചു. മെയിൻ ലിസ്റ്റിൽ 74 പേരാണ് ഉൾപ്പെട്ടിട്ടുള്ളത്. കൂടാതെ സംവരണ വിഭാഗത്തിലുള്ളവരുടെ അനുബന്ധ പട്ടികയും പ്രസിദ്ധീകരിച്ചിട്ടുണ്ട്. ആകെ 136 പേരുടെ പട്ടികയാണ് പി.എസ്.സി പ്രസിദ്ധീകരിച്ചിട്ടുള്ളത്. കട്ട് ഓഫ് മാർക്ക് 68 ആണ്. ഷോർട്ട് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവർ അസ്സൽ യോഗ്യത സർട്ടിഫിക്കറ്റുകൾ നേരിട്ട് വൺ ടൈം രജിസ്ട്രേഷനായി ഹാജരാക്കേണ്ടതാണ്. ഇതിനുള്ള സമയവിവരം പിന്നാലെ പി.എസ്.സി പ്രസിദ്ധീകരിക്കുന്നതാണ്.

Main List

| | | | | | |
|---|---|---|---|---|---|
| 100140 | 100168 | 100199 | 100264 | 100281 | 100334 |
| 100407 | 100496 | 100627 | 100757 | 100808 | 100836 |
| 100845 | 100897 | 100923 | 101108 | 101169 | 101196 |
| 101367 | 101396 | 101815 | 102056 | 102381 | 102470 |
| 102568 | 102646 | 103129 | 103238 | 103246 | 103763 |
| 103814 | 103871 | 104007 | 104251 | 104270 | 104555 |
| 104602 | 104624 | 105075 | 105097 | 105808 | 105857 |
| 105906 | 106193 | 106298 | 106353 | 106365 | 107420 |
| 107540 | 108712 | 109177 | 109526 | 109834 | 109875 |
| 111570 | 111856 | 111971 | 112036 | 112256 | 112558 |
| 112997 | 113292 | 113666 | 113695 | 113802 | 113975 |
| 116975 | 117301 | 117398 | 117552 | 118787 | 118884 |
| 118999 | 119057 | | | | |

**Supplementary List - Ezhava/Thiyya/Billava**

101817 102432 106630 112837 113214 113287
113969 115010 116694

**Scheduled Caste**

107433 107491 114714 117932 118469

**Scheduled Tribe**

110471 110757 110990 118165 118278

**Muslim**

101122 102234 104112 105590 106310 111229
111802 115064

**Latin Catholics/A.I**

100200 103521 103885 104254 106907

**OBC**

100420 100949 101093 105232 107609

**Viswakarma**

100972 102385 107739 112051 112619

**SIUC Nadar**

100295 101481 101676 103398 103577

**Scheduled Caste Converts to Christianity**

100796 105646 106045 107585 112699

**Dheevara**

106508 111684 113002 113486 114076

**Hindu Nadar**

101210 101894 102223 102966 103588

**List of Differently Abled Candidates for 3% Reservation Low Vision, Not Eligible, Hearing Impairment, Not Eligible, Locomotor Disability / Cerebral Palsy, Not Eligible**


N.B കേരള പി. എസ്. സി. ലിസ്റ്റുമായി ഒത്തുനോക്കി ആധികാരികത ഉറപ്പു വരുത്തേണ്ടതാണ്

ക്കൂടെ പോകുമായിരുന്നു. ലൈലയെ മകളെപ്പോലെ സ്നേഹിച്ചിരുന്നു. പല ദിവസങ്ങളിലും രാത്രി കൂട്ടിന് ലൈലയെ വിളിക്കും. ഞാൻ സ്ഥലത്തില്ലെങ്കിലും ലൈല ആശുപത്രിയിലെത്തുമായിരുന്നു. ഒരാഴ്ചയിലധികം എന്നെ കണ്ടില്ലെങ്കിൽ, ആനന്ദനെ കണ്ടില്ലല്ലോയെന്ന് പരിഭവം പറയും. മുറിക്കു പുറത്ത് ആരെങ്കിലും സംസാരിച്ചാൽ ആനന്ദന്റെ സംഭാഷണമാണല്ലോ കേൾക്കുന്നതെന്ന് ചെവികൂർപ്പിക്കും. ഇതറിഞ്ഞാൽ പിറ്റേന്ന് ഞാനവിടെയെത്തും.

കാണാൻ വൈകിയതിന് ക്ഷമാപണം പറയും. താൻ വിഷമിക്കേണ്ടടോ, രണ്ടുദിവസം കൂടി കഴിഞ്ഞാൽ ഇവിടെ നിന്ന് ഞാൻ ഇറങ്ങും. മുഹമ്മയിലെ വീട്ടിൽ പോകും. ഒരാഴ്ച അവിടെ താമസിച്ചിട്ട് നമുക്ക് കയർമേഖലയിലേക്ക് പോകാം. തൊഴിലില്ലായ്മയും കൂലിക്കുറവും പ്രയാസങ്ങളും ഏറി വരികയായിരുന്നു. അവ പരിഹരിക്കാനുള്ള പ്രക്ഷോഭസമരങ്ങൾക്ക് നേതൃത്വം നൽകണമെന്ന അടങ്ങാത്ത ആഗ്രഹം പ്രകടിക്കുമ്പോൾ ആ ആത്മവിശ്വാസം സഖാവിന്റെ രോഗത്തെപ്പറ്റി ആശങ്കപ്പെടുന്നവരെ അത്ഭുതപ്പെടുത്തി. സഖാവ് ഈ രോഗത്തെ അതിജീവിക്കുമെന്ന് പലപ്പോഴും ഞാൻ വിശ്വസിച്ചുപോയി. ആർസിസിയിൽ അഡ്മിറ്റ് ചെയ്തപ്പോൾ സ്ഥിതിമാറി. എങ്കിലും ബോധം നശിക്കുന്നതുവരെ ആത്മധൈര്യത്തിന് ഒരു കുറവും ഉണ്ടായിരുന്നില്ല. പല ദിവസങ്ങളും നിർണ്ണായകമായിരുന്നു. അതെല്ലാം അതിജീവിച്ച് നീണ്ടുപോയത് സഖാവിന്റെ മനഃസ്ഥൈര്യത്താൽ ഒന്നുമാത്രമാണ്.

എനിക്ക് അസുഖമായി മെഡിക്കൽ കോളേജിൽ ഒരാഴ്ച കിടക്കാനിടനായി. സഖാവ് തലസ്ഥാനത്തുണ്ടെങ്കിൽ ജോലി കഴിഞ്ഞ് എത്ര വൈകിയാലും സെക്രട്ടറിയേറ്റിൽ നിന്നിറങ്ങി ആശുപത്രിയിൽ വന്ന് എന്നെ കണ്ടിട്ടേ വീട്ടിൽ പോകുമായിരുന്നുള്ളൂ. അങ്ങനെ എത്രയോ പേരെ ആശ്വസിപ്പിക്കുന്നതിനും അവരുടെ ജീവൻ രക്ഷിക്കുന്നതിലും തന്റെ സാന്നിധ്യവും ഡോക്ടർമാരിലുള്ള സ്വാധീനവും അവർ ഉപയോഗപ്പെടുത്തി. നേതാവ് മാത്രമായിരുന്നില്ല എനിക്ക് സഖാവ്. മൂത്ത സഹോദരികൂടിയായിരുന്നു. ഒരു ഇളയ സഹോദരനെപ്പോലെ സ്നേഹിക്കുകയും ശാസിക്കുകയും ചെയ്താണ് നാലുപതിറ്റാണ്ടുകാലത്തെ ബന്ധം നിലനിന്നത്. നഷ്ടപ്പെട്ട എന്റെ സഹോദരിയുടെ സ്മരണയ്ക്കുമുമ്പിൽ ഒരായിരം രക്തപുഷ്പങ്ങൾ അർപ്പിക്കുന്നു.

*(കടപ്പാട്-കേരള കയർ വർക്കേഴ്സ് സെന്റർ(സി.ഐ.റ്റി.യൂ)സുശീലാഗോപാലൻ സ്മരണിക)*





### കോവിഡ് കാലത്തും വൻമുന്നേറ്റം

# ഉജ്ജ്വല നേട്ടങ്ങളുമായി കയർഫെഡ്


**അഡ്വ.എൻ. സായികുമാർ**
പ്രസിഡന്റ്, കയർഫെഡ്


- **നടപ്പു വർഷം 4 ലക്ഷം ക്വിന്റൽ കയർ സംഭരണ ലക്ഷ്യം**
- **കയർ സംഭരണത്തിലും വിപണനത്തിലും നാലര വർഷത്തിനുള്ളിൽ ആകെ ഇരട്ടിയിലധികം വർദ്ധനവ്**
- **വിറ്റുവരവിലും വൻമുന്നേറ്റം**
- **ചകിരി ഉത്പാദനം സ്വയം പര്യാപ്തതയിലേയ്ക്ക്**

കയർഫെഡ് കഴിഞ്ഞ നാലര വർഷക്കാലയളവിൽ കയർ സംഭരണത്തിലും വിപണനത്തിലും ആകെ വിറ്റുവരവിലും വൻമുന്നേറ്റമാണ് കൈവരിച്ചത്. കോവിഡ് 19 മഹാമാരിയുടെ പശ്ചാത്തലത്തിൽ പ്രതിസന്ധികളെ അതിജീവിച്ചാണ് കയർ വ്യവസായം ഈ നേട്ടം കൈവരിച്ച് മുന്നേറുന്നത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തെ അപേക്ഷിച്ച് പ്രവർത്തന മികവിൽ ഒരു കുതിച്ചുചാട്ടമാണ് എൽ.ഡി.എഫ്. സർക്കാരിന്റെ നാലര വർഷക്കാലയളവിൽ കയർഫെഡിന് നേടാനായത്.

കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് പ്രതിവർഷം 50000 മുതൽ 70000 വരെ ക്വിന്റൽ കയറിന്റെ സംഭരണമാണ് കയർഫെഡ് നടത്തിയിരുന്നത്. എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നപ്പോൾ കയർ വകുപ്പിന്റെ ചുമതലകൂടിയുള്ള ധനകാര്യ വകുപ്പ് മന്ത്രി ഡോ.ടി.എം.തോമസ് ഐസക്കിന്റെ നേതൃത്വത്തിൽ രണ്ടാം കയർ പുനസംഘടനാ പദ്ധതി നടപ്പിലാക്കുകയും കയർമേഖലയ്ക്കുള്ള സംസ്ഥാന ബജറ്റ് വകയിരുത്തൽ ഗണ്യമായി ഉയർത്തുകയും ചെയ്തു. ഇതിന്റെ ഫലമായി ഈ സർക്കാരിന്റെ ഒന്നാം വർഷം മുതൽ കയറിന്റെ ഉത്പാദനം ക്രമാനുഗതമായി വർദ്ധിച്ച് ഒരു കുതിച്ചുചാട്ടം കൈവരിച്ചു. ഈ സർക്കാരിന്റെ ഒന്നാം വർഷം കയറിന്റെ സംഭരണം 1 ലക്ഷം ക്വിന്റലും രണ്ടാം വർഷം 1.25 ലക്ഷം ക്വിന്റലും മൂന്നാം വർഷം 1.50 ലക്ഷം ക്വിന്റലും നാലാം വർഷം 2 ലക്ഷം ക്വിന്റലുമായി ഉയരുകയുണ്ടായി.

കയർ സംഭരണത്തിൽ 112.60 ശതമാനം വളർച്ച നേടി. കഴിഞ്ഞ സർക്കാരിന്റെ ആദ്യ നാല് വർഷക്കാലത്ത് ആകെ 2,50,012 ക്വിന്റൽ കയർ ആണ് വിപണനം നടത്തിയത്. ഈ സർക്കാരിന്റെ നാല് വർഷക്കാലം കൊണ്ട് 5,65,663 ക്വിന്റൽ കയർ വിൽക്കാനായി.




കയർ വിപണനത്തിലും 126.25 ശതമാനം വളർച്ച കൈവരിച്ചു. അഞ്ചാം വർഷം 4 ലക്ഷം കിന്റൽ കയർ ഉത്പാദിപ്പിക്കുന്നതിനും സംഭരിക്കുന്നതിനുമാണ് സർക്കാർ ലക്ഷ്യമിടുന്നത്. ഇതിനുള്ള കർമ്മപരിപാടികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരികയാണ്. ഇതിന്റെ ഭാഗമായി സർക്കാരിന്റെ നൂറിന നൂറുദിന പദ്ധതികളിൽപ്പെടുത്തി 100 ആട്ടോമാറ്റിക് സ്പിന്നിംഗ് യൂണിറ്റുകളും 25 യന്ത്രവത്കൃത ചകിരിമില്ലുകളും ഉദ്ഘാടനം ചെയ്ത് പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. ഈ നൂറു യൂണിറ്റുകളിൽ 1000 ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകളാണ് സ്ഥാപിച്ചത്. ഒരോ മെഷീനിലും ഒരു ഷിഫ്റ്റിൽ 7 മണിക്കൂർകൊണ്ട് 50-65 കിലോഗ്രാം കയർ ഉത്പാദിപ്പിക്കുവാൻ കഴിയും. ഇത്തരത്തിൽ 100 യൂണിറ്റുകളിലും രണ്ടു ഷിഫ്റ്റ് ഉത്പാദനം നടത്താനാണ് ലക്ഷ്യമിടുന്നത്. ഇതുവഴി കയർ ഉത്പാദനം ഗണ്യമായി ഉയരുന്നതാണ്.

കൂടാതെ ഇലക്ട്രോണിക് റാട്ടുകളിലും വൻതോതിൽ കയർ ഉത്പാദനം നടക്കുന്നുണ്ട്. നടപ്പു സാമ്പത്തിക വർഷം അവസാനിക്കുമ്പോൾ 200 ആട്ടോമാറ്റിക് സ്പിന്നിംഗ് യൂണിറ്റുകളും 200 യന്ത്രവത്കൃത ചകിരി മില്ലുകളും പ്രവർത്തനക്ഷമമാക്കുന്നതിനാണ് സർക്കാർ ലക്ഷ്യമിടുന്നത്. ചുരുക്കത്തിൽ കയർ വ്യവസായം ഉദിച്ചുയരുന്നതിനുള്ള പ്രവർത്തനങ്ങളാണ് ചടുലമായി നടക്കുന്നത്. പ്രാഥമിക കയർ പിരി സംഘങ്ങളിൽ ഈ സർക്കാരിന്റെ കാലത്ത് ഇരട്ടിയിലധികം തൊഴിൽദിനങ്ങൾ സൃഷ്ടിക്കുവാൻ കഴിഞ്ഞതായാണ് മേൽ വിവരിച്ച കണക്കുകൾ വ്യക്തമാക്കുന്നത്. കയർഫെഡ് സംഭരിക്കുന്ന കയർ വിറ്റഴിക്കുന്നത് മാറ്റ്സ് & മാറ്റിംഗ്സ് കയർ സഹകരണ സംഘങ്ങൾക്കും ചെറുകിട കയർ ഉൽപ്പന്ന നിർമ്മാണ സംഘങ്ങൾക്കുമാണ്. ഇതുമുഴുവൻ കയർ ജിയോ ടെക്സ്റ്റയിൽസും മറ്റു കയർ ഉൽപ്പന്നങ്ങളുമായി മാറ്റി വിപണനം ചെയ്യുക വഴി ഉത്പന്ന മേഖലയിലും തൊഴിൽ ദിനങ്ങൾ ഗണ്യമായി വർദ്ധിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

കഴിഞ്ഞ സർക്കാരിന്റെ ആദ്യ നാല് വർഷക്കാലത്ത് കയർഫെഡിന്റെ വിറ്റുവരവ് ആകെ 211.19 കോടി രൂപയായിരുന്നു. എൽ.ഡി.എഫ്. സർക്കാരിന്റെ ആദ്യ നാല് വർഷക്കാലത്ത് കയർഫെഡിന്റെ വിറ്റുവരവ് ആകെ 431.58 കോടി രൂപയായി വർദ്ധിച്ചു. വിറ്റുവരവിൽ 104.36 ശതമാനം വളർച്ചയാണ് ഈ സർക്കാരിന്റെ കാലത്ത് കയർഫെഡ് കൈവരിച്ചത്. 2015-16-ൽ 58.85 കോടി രൂപയായിരുന്ന വിറ്റുവരവ് 2019-20-ൽ 126 കോടി രൂപയായി വർദ്ധിച്ചു.

ചകിരി സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി രണ്ടാം കയർ പുനസംഘടനാ പദ്ധതിയുടെ ഭാഗമായി 400 ചകിരിമില്ലുകളാണ് സ്ഥാപിക്കുന്നത്. ഇതിൽ 160 മില്ലുകൾ സ്ഥാപിച്ചു കഴിഞ്ഞു. നമുക്ക് ആവശ്യമായ ചകിരിയുടെ വലിയൊരുഭാഗം കേരളത്തിൽതന്നെ ഉത്പാദിപ്പിക്കാനാവുന്നത് അഭിമാനകരമായ നേട്ടമാണ്. ഈ മില്ലുകളിൽ ഉത്പാദിപ്പിക്കുന്ന മുഴുവൻ ചകിരിയും കയർഫെഡ് സംഭരിച്ച് കയർ പിരി സംഘങ്ങൾക്ക് വിതരണം ചെയ്തുവരുന്നുണ്ട്. ഇതിനു പുറമെ സംഘങ്ങൾക്കാവശ്യമായ ചകിരി പുറത്തുനിന്നും വാങ്ങി നൽകുന്നതിന് സർക്കാർ കയർഫെഡിനെ ചുമതലപ്പെടുത്തിയതനുസരിച്ച് ഇ-ടെൻഡർ ക്ഷണിച്ച് ഗുണമേന്മയും കുറഞ്ഞ വിലയും ഉറപ്പുവരുത്തി ചകിരി വാങ്ങി വിതരണം ചെയ്തു വരുന്നു. പ്രതിദിനം 20 മുതൽ 30 വരെ ലോഡുകൾ




വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ കൂടുതൽ സപ്ലൈയർമാരെ കണ്ടെത്തി കൂടുതൽ ചകിരി എത്തിക്കുന്നതിനുള്ള നടപടികളും ആയിട്ടുണ്ട്. ഇപ്രകാരം കയർമേഖലയിൽ ചകിരി ലഭ്യത പൂർണ്ണമായും ഉറപ്പുവരുത്തുവാൻ കഴിഞ്ഞിട്ടുണ്ട്. ഈ സർക്കാരിന്റെ 5 വർഷക്കാലത്തിനുള്ളിൽ സംസ്ഥാനത്തെ കയർ ഉത്പാദനത്തിനാവശ്യമായ മുഴുവൻ ചകിരിയും ഇവിടെതന്നെ ഉത്പാദിപ്പിക്കുവാനുള്ള പദ്ധതികൾ അന്തിമഫലപ്രാപ്തിയിലേക്ക് എത്തുകയാണ്.

കോവിഡ്19 മഹാമാരിയുടെ പശ്ചാത്തലത്തിൽ കോവിഡ് ആശുപത്രികളിലും ഐസലേഷൻ സെന്ററുകളിലും ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്ററുകളിലും ഉപയോഗിക്കുവാൻ കഴിയുന്ന പ്രത്യേകതരം കോവിഡ് കയർ കിടക്കകൾ കയർഫെഡ് രൂപകല്പന ചെയ്ത് സർക്കാർ അംഗീകാരത്തോടെയുള്ള കുറഞ്ഞ നിരക്കിൽ വിപണിയിൽ എത്തിച്ചിട്ടുണ്ട്. കേരളത്തിലുടനീളമുള്ള കയർഫെഡിന്റെ വിപുലമായ വിപണനശാലകൾ വഴി ഈ കിടക്കകൾ ലഭ്യമാണ്. ഈ കിടക്കകൾ വാങ്ങി ഉപയോഗിക്കുന്നതിന് സർക്കാർ ഉത്തരവും പുറപ്പെടുവിച്ചിട്ടുണ്ട്.

എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കയർമേഖലയിൽ ഒരു പുത്തനുണർവ്വ് നേടുവാൻ കഴിഞ്ഞിട്ടുണ്ടെന്നുള്ളത് ഒരു ചരിത്ര യാഥാർത്ഥ്യമാണ്. നാലരവർഷം മുൻപ് കയർമേഖലയെ ഗ്രസിച്ചിരുന്ന പ്രതിസന്ധികളും പ്രശ്നങ്ങളും തരണം ചെയ്തും പരിഹരിച്ചും കൊണ്ട് കേരളത്തിലെ കയർ വ്യവസായത്തെ സുവർണ്ണ കാലഘട്ടത്തിലേയ്ക്ക് എത്തിക്കുവാൻ കഴിഞ്ഞു എന്നത് നിസാരമല്ല.

മാത്രമല്ല പുതിയ കാലത്തിനനുസരിച്ച് കയർ വ്യവസായത്തെ പരിവർത്തനപ്പെടുത്തിയും ആധുനികവത്ക്കരിച്ചുകൊണ്ടുമുള്ള സർവ്വതലസ്പർശിയായ വികസനപ്രവർത്തനങ്ങളാണ് കഴിഞ്ഞ നാലര വർഷക്കാലത്തിനുള്ളിൽ നടത്തിയിട്ടുള്ളത്. ഈ പ്രവർത്തനങ്ങൾ കേരളത്തിലെ കയർവ്യവസായത്തിന് നൽകിയ കരുത്ത് പരമപ്രധാനമാണെന്ന് നിസംശയം പറയാം. ഇത്തരത്തിൽ കയർമേഖലയുടെ സമഗ്രവികസനത്തിന് നേതൃത്വം നൽകുന്ന കേരളത്തിന്റെ ആരാധ്യനായ മുഖ്യമന്ത്രി പിണറായി വിജയനും ധനകാര്യ കയർ വകുപ്പ് മന്ത്രി ഡോ.ടി.എം. തോമസ് ഐസക്കിനും ഒറ്റമനസായി ജനങ്ങൾ ഹൃദയാഭിവാദ്യങ്ങൾ അർപ്പിക്കുന്ന കാഴ്ചയാണ് ഇന്ന് കയർ മേഖലയിലാകെ കാണാൻ കഴിയുന്നത്.

**നാലു വർഷത്തെ പുരോഗതിയുടെ അവലോകനം**

| | 2011-12 to 2014-15 | | 2016-17 to 2019-20 | | |
|---|---|---|---|---|---|
| | കിന്റൽ | തുക(കോടി) | കിന്റൽ | തുക (കോടി) | വർദ്ധനവ് |
| കയർ സംഭരണം | 2,62,750 | 117.35 | 5,58,640 | 292.18 | 112.60% |
| കയർ വിപണനം | 2,50,012 | 113.45 | 5,65,663 | 299.61 | 126.25% |
| വിറ്റുവരവ് | 211.19 കോടി | | 431.58 കോടി | | 104.36% |



# കോവിഡിനും പിടിച്ചുകെട്ടാനാവാത്ത വികസനക്കുതിപ്പ്

ഡോ.ടി.എം.തോമസ് ഐസക്
ധന- കയർ മന്ത്രി

**100** ദിന പരിപാടിയുടെ രണ്ടാംഘട്ടത്തിനു തുടക്കം കുറിച്ചു. 10000 കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ പൂർത്തീകരിക്കുകയോ തുടക്കം കുറിക്കുകയോ ചെയ്യും. 5700 കോടി രൂപയുടെ 526 പദ്ധതികൾ പൂർത്തീകരിച്ച് ഉദ്ഘാടനം ചെയ്യും. 4300 കോടി രൂപയുടെ 646 പദ്ധതികളുടെ നിർമ്മാണം ആരംഭിക്കും.

എന്താണ് 100 ദിന പരിപാടികളുടെ പ്രസക്തി? കൊവിഡ് മഹാമാരി സമ്പദ്ഘടനയെ നിശ്ചലമാക്കി. ഇതിൽ നിന്ന് പുറത്തു കടക്കുന്നതിനുള്ള സമയബന്ധിതമായ കർമ്മ പരിപാടിയാണിത്. ലോക്ഡൗണും കൊവിഡ് നിയന്ത്രണങ്ങളും സാധാരണഗതിയിലുള്ള സർക്കാർ പ്രവർത്തനങ്ങൾക്ക് തടസം സൃഷ്ടിച്ചിട്ടുണ്ട്. എന്നാൽ അതുകൊണ്ട് ഒന്നും ചെയ്യാനാവില്ല എന്നും പറഞ്ഞിരിക്കുകയല്ല, മറിച്ച് ഇന്നത്തെ സാഹചര്യത്തിന്റെ പരിമിതികൾ കണക്കിലെടുത്തുകൊണ്ട് ചിട്ടയായ പ്രവർത്തനം ആസൂത്രണം ചെയ്യുകയാണ് വേണ്ടത്. 100 ദിന പരിപാടികൾ കേരളത്തിന്റെ എക്സിറ്റ് സ്ട്രാറ്റജിയാണ്.

ഓണക്കാലത്ത് മുന്നോട്ടുവച്ച 100 ദിന പരിപാടി അനന്യമായ ക്ഷേമവികസന മുന്നേറ്റങ്ങളാണ് സൃഷ്ടിച്ചത്. വിവിധ വിഭാഗം ജനങ്ങൾക്കു സമാശ്വാസം നൽകുന്നതിനും തൊഴിലും വരുമാനവും സൃഷ്ടിക്കുന്നതിനും പശ്ചാത്തലസൗകര്യം ഒരുക്കു ന്നതിനും നമുക്കുണ്ടായ നേട്ടം സംസ്ഥാന സമ്പദ്ഘടനയുടെ വീണ്ടെടുപ്പിൽ പ്രതിഫലിക്കുന്നുണ്ട്. ദേശീയ ശരാശരിയേക്കാൾ താഴ്ന്ന ഇടിവേ കേരള സംസ്ഥാന വരുമാന വളർച്ചയിൽ ഉണ്ടാവൂവെന്നാണ് പ്രാഥമിക വിലയിരുത്തലുകൾ സൂചിപ്പിക്കുന്നത്. ഈ പ്രവണതയെ ശക്തിപ്പെടുത്തേണ്ടതുണ്ട്. രണ്ടാം 100 ദിന പരിപാടി ഇത്തരമൊരു കുതിച്ചുകയറ്റം ലക്ഷ്യം വച്ചുള്ളതാണ്.

എന്റെ അഭിപ്രായത്തിൽ ഏറ്റവും പ്രധാനപ്പെട്ട മൂന്നു പ്രഖ്യാപനങ്ങൾ ഇവയാണ് - ക്ഷേമ പെൻഷൻ 1500 രൂപയാക്കി. ഭക്ഷ്യക്കിറ്റ് വിതരണം തുടരും. 50000 പേർക്ക് തൊഴിൽ നൽകും. ഒന്നാം ഘട്ടത്തിൽ 50000 പേർക്ക് തൊഴിൽ നൽകുമെന്നു പറഞ്ഞിട്ട് ഒരുലക്ഷത്തിലേറെ പേർക്ക് തൊഴിൽ നൽകിയത് സ്മരണീയമാണ്.

കോവിഡ് പകർച്ചവ്യാധി വൻകിട പദ്ധതികളുടെ നടത്തിപ്പിനെ ബാധിച്ചിട്ടുണ്ട്. എന്നാൽ തന്നെയും അവയുടെയെല്ലാം നടത്തിപ്പിൽ ശ്രദ്ധേയമായ പുരോഗതി ഉണ്ടായിട്ടുണ്ട്. ഗെയിൽ പൈപ്പ് ലെയിൻ കൊച്ചി-മംഗലാപുരം റീച്ച് ജനുവരി മാസത്തിലും കൊച്ചി-പാലക്കാട് റീച്ച് ഫെബ്രുവരി മാസത്തിലും നടക്കും. നടക്കില്ലായെന്നു പലരും പ്രവചിച്ച ഈ പദ്ധതി ഇന്ന് യാഥാർത്ഥ്യമായിരിക്കുകയാണ്. ഇതുപോലെ തന്നെയാണ് റായ്പ്പൂർ-പുഗലൂർ-മാടക്കത്തറ ലെയിൻ. ദേശീയജലപാത കോവളം മുതൽ ചാവക്കാട് വരെയുള്ള റീച്ചിന്റെ സ്ഥലം ഏറ്റെടുക്കലും പുനരധിവാസവും ഉൾപ്പെടെയുള്ള പ്രവർത്തനങ്ങളുടെ ഉദ്ഘാടനം ഫെബ്രുവരിയിൽ നടക്കും. കുണ്ടന്നൂർ, വൈറ്റില മേൽപ്പാലങ്ങൾ തുറന്നുകൊടുക്കും. ആലപ്പുഴ ബൈപ്പാസും ഉദ്ഘാടനം ചെയ്യും. 569 കോടി രൂപയുടെ 17 റോഡുകളുടെ ഉദ്ഘാടനം നടക്കും. കെ-ഫോൺ പദ്ധതിയുടെ ഒന്നാംഘട്ടവും ഈ കാലയളവിൽ തീരും.

നൂതനമായ പ്രഖ്യാപനങ്ങൾ ഇവയാണ് - മലബാർ കാപ്പിപ്പൊടി ഉൽപ്പാദനത്തിനുള്ള കമ്പനിക്ക് രൂപം നൽകും. അഞ്ചിലൊന്നു വിലയ്ക്ക് അവയവദാന ശസ്ത്രക്രിയ കഴിഞ്ഞവർക്കുള്ള മരുന്നുകൾ കെഎസ്ഡിപി വിപണിയിലിറക്കും. ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ഫാക്ടറി ഏറ്റെടുക്കും. വെർച്വൽ കയർ മേള സംഘടിപ്പിക്കും. 10 ലക്ഷം ലാപ്ടോപ്പ് വിതരണത്തിനു തുടക്കം കുറിക്കും.

പിന്നെ, കിഫ്ബി ഫണ്ട് ഉപയോഗിച്ചും അല്ലാതെയുമുള്ള സ്കൂളുകൾ, കോളേജുകൾ, ആശുപത്രികൾ, സ്റ്റേഡിയങ്ങൾ, റോഡുകൾ, പാലങ്ങൾ, ഹാർബറുകൾ, പാർപ്പിട സമുച്ചയങ്ങൾ തുടങ്ങി ഉദ്ഘാടനം ചെയ്യേണ്ട ഒരു നീണ്ട നിര തന്നെയുണ്ട്. കോവിഡിനും കേരളത്തിന്റെ വികസന കുതിപ്പിനെ പിടിച്ചുകെട്ടാനാവില്ല.




# കർഷക മഹാപ്രക്ഷോഭത്തിന്

## കർഷകരുടെ പ്രതിഷേധത്തിന് അടിസ്ഥാനമായ ആവശ്യങ്ങൾ അംഗീകരിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്ന കേരള നിയമസഭാ പ്രമേയം

**രാ**ജ്യതലസ്ഥാനം കർഷകരുടെ ഐതിഹാസികമായ പോരാട്ടത്തിന് സാക്ഷ്യം വഹിക്കുകയാണ്. സമീപകാലത്തെങ്ങും ദൃശ്യമാകാത്ത വലിയ ഇച്ഛാശക്തി ഈ പ്രതിഷേധത്തിന് പിന്നിലുണ്ട്.

കേന്ദ്ര സർക്കാർ പാർലമെന്റിൽ അവതരിപ്പിച്ച് പാസ്സാക്കിയെടുത്ത, കോർപറേറ്റ് അനുകൂല, കർഷക വിരുദ്ധ നിയമങ്ങളായ The Farmers (Empowerment and Protection) Agreement on Price Assurance and Farm Services Act 2020, Farmers Produce Trade and Commerce (Promotion and Facilitation) Act 2020, Essential Commodities (Amendment) Act, 2020 എന്നിവക്കെതിരെയാണ് കർഷകരോഷം ഇരമ്പുന്നത്. ഡൽഹിയിലെ അതിശൈത്യത്തെ നേരിട്ടാണ് കർഷകർ ഈ മഹാസമരത്തിൽ അണിചേരുന്നത്. 35 ദിവസത്തെ സമരത്തിനിടയിൽ 32 കർഷകർക്കാണ് ജീവൻ നഷ്ടപ്പെട്ടത്. കോവിഡ് വ്യാപനത്തിൽ ലോകത്ത് രണ്ടാം സ്ഥാനത്താണ് ഇന്ത്യാരാജ്യം. ഈ സാഹചര്യത്തിൽ ജനരോഷം ക്ഷണിച്ചുവരുത്തുന്ന നിയമനിർമ്മാണ നടപടിയിൽ നിന്ന് ഗവൺമെന്റ് പിന്മാറേണ്ടതായിരുന്നു.

നിയമനിർമ്മാണങ്ങൾ അത് ബാധിക്കപ്പെടുന്ന ജനവിഭാഗങ്ങൾക്കിടയിൽ വലിയ ആശങ്കയും സംശയവും ജനിപ്പിക്കുമ്പോൾ നിയമനിർമ്മാണ സഭകൾക്ക് അത് ഗൗരവമായി പരിഗണിക്കാൻ ബാധ്യതയുണ്ട്.

ഏറ്റവും ഒടുവിൽ ലഭ്യമായിട്ടുള്ള കേന്ദ്ര സർക്കാരിന്റെ ഔദ്യോഗിക റിപ്പോർട്ട് പ്രകാരം രാജ്യത്തെ തൊഴിൽ ശക്തിയുടെ 43.3 ശതമാനം കാർഷിക മേഖലയിലാണ് തങ്ങളുടെ അധ്വാനശേഷി വിനിയോഗിക്കുന്നത്. നമ്മുടെ രാജ്യത്തെ സംബന്ധിച്ചിടത്തോളം കൃഷി ഒരു ഉത്പാദനമേഖല മാത്രമല്ല, നമ്മുടെ സംസ്കാരത്തിന്റെ ഭാഗം കൂടിയാണ്. അതിനാൽതന്നെ കാർഷിക രംഗത്തെ പരിഷ്കരണങ്ങൾ വളരെ ശ്രദ്ധാപൂർവ്വം വിഭാവനം ചെയ്ത് നടപ്പാക്കേണ്ട കാര്യമാണ്. ഇക്കാര്യത്തിൽ കേരളത്തിന് വിപുലമായ അനുഭവസമ്പത്തുണ്ട്. ഭൂപരിഷ്കരണ നിയമം വിജയകരമായി നടപ്പാക്കിയ സംസ്ഥാനമാണ് കേരളം. മാത്രമല്ല, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവയുടെ പങ്കാളിത്തത്തോടെ കാർഷിക രംഗത്തെ പ്രതിസന്ധികൾ പരിഹരിക്കാനുള്ള മികച്ച ഇടപെടലുകളും കേരളം നടത്തിയിട്ടുണ്ട്.

രാജ്യത്ത് 1960 കളിൽ നടപ്പായ ഹരിത വിപ്ലവത്തിനുശേഷം ഭക്ഷ്യധാന്യങ്ങൾ ഉത്പാദിപ്പിക്കുന്ന കർഷകർക്ക് അവരുടെ ഉത്പന്നങ്ങൾക്ക് മിനിമം വില ലഭ്യമാക്കാൻ സംവിധാനം ഒരുക്കി. എന്നാൽ ചുരുക്കം ചില ഉത്പന്നങ്ങൾക്ക് മാത്രമേ താങ്ങുവില ലഭ്യമാകുന്നുള്ളൂ. രാജ്യത്തെ പല ഭാഗങ്ങളിലും കാർഷിക ഉൽപന്നങ്ങളുടെ വിലത്തകർച്ചയും കർഷക ആത്മഹത്യകളും വലിയ സാമൂഹിക പ്രശ്നങ്ങളായി മാറിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ കൂടുതൽ ഉത്പന്നങ്ങൾക്ക് താങ്ങുവില പ്രഖ്യാപിച്ച് കർഷകർക്ക് കാർഷികവൃത്തി ലാഭകരമായി നടത്താൻ സഹായകമായ നടപടികളാണ് സർക്കാർ സ്വീകരിക്കേണ്ടത്.

കാർഷികമേഖല വലിയ പ്രതിസന്ധി നേരിടുന്ന ഘട്ടത്തിലാണ് കാർഷികരംഗത്ത് വലിയ പ്രത്യാഘാതങ്ങളുണ്ടാക്കുന്ന പുതിയ മൂന്ന് നിയമങ്ങൾ കേന്ദ്ര സർക്കാർ പാർലമെന്റിൽ അവതരിപ്പിച്ച് പാസ്സാക്കിയിട്ടുള്ളത്. ഇതിനെ തുടർന്ന് ഭക്ഷ്യധാന്യങ്ങൾക്ക് നിലവിലുള്ള താങ്ങുവില പോലും നഷ്ടപ്പെടുമോ എന്ന ഭയാശങ്കയാണ് കർഷകരെ അലട്ടുന്നത്.

കർഷകരുടെ വില പേശൽശേഷി മിക്കപ്പോഴും കോർപ്പറേറ്റ് സ്ഥാപനങ്ങളുടെ ശക്തിക്കു മുന്നിൽ വളരെ ദുർബലമാകും എന്നതാണ് ഇതിൽ ഉയരുന്ന ഗൗരവതരമായ പ്രശ്നം. കർഷകർക്ക് നിയമപരിരക്ഷ ലഭിക്കാനുള്ള വ്യവസ്ഥകൾ നിയമത്തിലില്ല. അത് മാത്രവുമല്ല, കോർപറേറ്റുകളുമായി ഇതിനുവേണ്ടി നിയമയുദ്ധം നടത്താനുള്ള ശേഷിയും കർഷകർക്കില്ല.

കാർഷിക ഉത്പന്നങ്ങൾ കേന്ദ്ര സർക്കാർ തന്നെ മുൻകയ്യെടുത്ത് സംഭരിച്ച് ന്യായവിലയ്ക്ക് ആവശ്യക്കാർക്ക് വിതരണം ചെയ്യുന്ന സംവിധാനമാണ് നിലനിൽക്കേണ്ടത്. അതിനു പകരം




# കേരളത്തിന്റെ ഐക്യദാർഢ്യം

കാർഷികോത്പന്നങ്ങളുടെ വ്യാപാരമാകെ കോർപറേറ്റുകൾക്ക് കൈവശപ്പെടുത്താൻ അവസരം നൽകുകയാണ് കേന്ദ്ര സർക്കാർ ചെയ്തിട്ടുള്ളത്. കർഷകർക്ക് ന്യായവില ലഭ്യമാക്കാനുള്ള ഉത്തരവാദിത്വത്തിൽ നിന്ന് കേന്ദ്ര സർക്കാർ ഒഴിഞ്ഞുപോകുകയും ചെയ്യുന്നു.

ഈ സമരത്തിന്റെ പ്രധാന കാരണം കാർഷിക ഉത്പന്നങ്ങൾക്ക് ഉണ്ടാകാനിടയുള്ള വിലത്തകർച്ചയാണ് എന്നത് വ്യക്തമാണ്. കോവിഡ്-19 മഹാമാരി നിലനിൽക്കുന്ന 2020-21 സാമ്പത്തിക വർഷത്തിലെ നെല്ലിന്റേയും ഗോതമ്പിന്റേയും താങ്ങുവില കഴിഞ്ഞ സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് 2.9 ഉം 2.6 ഉം ശതമാനമാണ് വർദ്ധിച്ചത്. ഇത് പണപ്പെരുപ്പ നിരക്കിനേക്കാൾ കുറഞ്ഞതായിരിക്കെ കാർഷിക ഉത്പന്നങ്ങളുടെ ന്യായവിലയെപ്പറ്റി കർഷകർക്കിടയിലുണ്ടായിരിക്കുന്ന വിശ്വാസത്തകർച്ചക്ക് അടിസ്ഥാനമുണ്ടെന്ന് കാണാൻ കഴിയും.

ഇതോടൊപ്പം തന്നെ വളരെ പ്രാധാന്യം അർഹിക്കുന്ന പ്രശ്നമാണ് ഭക്ഷ്യസുരക്ഷ. സംഭരണത്തിൽ നിന്നും വിതരണത്തിൽ നിന്നും സർക്കാർ പിന്മാറുന്ന അവസ്ഥയുണ്ടാകുമ്പോൾ പൂഴ്ത്തിവെയ്പ്പും കരിഞ്ചന്തയും വർദ്ധിക്കുകയും ഭക്ഷ്യ വിതരണവുംഅതുവഴി ഭക്ഷ്യസുരക്ഷയും അപകടത്തിലാവുകയും ചെയ്യും. അവശ്യസാധന നിയമത്തിലെ വ്യവസ്ഥയിൽ നിന്ന് ഭക്ഷ്യധാന്യങ്ങൾ, പയറുവർഗങ്ങൾ എന്നിവയടക്കമുള്ള അവശ്യസാധനങ്ങൾ ഒഴിവാക്കിയത് സ്ഥിതി കൂടുതൽ വഷളാക്കും.

പ്രമേയത്തിന്റെ അടിയന്തിര സ്വഭാവം കണക്കിലെടുത്താൽ ഒരു കാര്യം വ്യക്തമാണ്. ഈ പ്രക്ഷോഭം തുടർന്നാൽ അത് കേരളത്തെ സാരമായി ബാധിക്കും. കേരളം ഒരു ഉപഭോക്തൃ സംസ്ഥാനമാണ്. മറ്റു സംസ്ഥാനങ്ങളിൽ നിന്ന് കേരളത്തി ലേക്കുള്ള ഭക്ഷ്യ വസ്തുക്കളുടെ വരവ് നിലച്ചാൽ കേരളം പട്ടിണിയിലേക്ക് വഴുതി വീഴും. പ്രത്യേകിച്ച് ഈ കോവിഡ് വ്യാപന ഘട്ടത്തിൽ അത്തരം ഒരു സ്ഥിതി സൃഷ്ടിക്കുന്ന പ്രത്യാഘാതം കേരളത്തിന് താങ്ങാനാവില്ല.

ഇതിനെല്ലാം ഉപരി, കൃഷി ഭരണഘടനയുടെ ഷെഡ്യൂൾ 7ലെ ഇനം 14ലും Market and Fares ഇനം 28ലും ഉൾപ്പെടുന്ന സംസ്ഥാന വിഷയങ്ങളാണ്. സംസ്ഥാനങ്ങളെ നേരിട്ട് ബാധിക്കുന്ന പ്രശ്നമെന്ന നിലയിൽ ഇത്തരം വിഷയങ്ങളിൽ അന്തർസംസ്ഥാന കൗൺസിൽ യോഗം വിളിച്ചുകൂട്ടി വിശദമായ കൂടിയാലോചനകൾക്ക് കേന്ദ്ര സർക്കാർ നടപടി സ്വീകരിക്കേണ്ടതായിരുന്നു. പാർലമെന്റിന്റെ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ പരിഗണനയ്ക്കു പോലും സുപ്രധാനമായ ഈ നിയമങ്ങൾ വന്നില്ല എന്നത് ഗൗരവമായ പ്രശ്നമാണ്. മേൽ പ്രതിപാദിച്ച വസ്തുതകൾ കണക്കിലെടുത്ത്, രാജ്യത്തിന്റെ നട്ടെല്ലായ കർഷകർ ഉന്നയിക്കുന്ന ന്യായമായ ആവശ്യങ്ങൾ അംഗീകരിച്ചുകൊണ്ട് ഈ മൂന്ന് വിവാദ നിയമങ്ങളും റദ്ദാക്കാനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കണമെന്ന് കേരള നിയമസഭ കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിക്കുന്നു.



ഒരു കേരള സർക്കാർ പൊതുമേഖലാ സ്ഥാപനം



# Coirfed

# വേവുന്ന വേനലിലും
## വിളകൾക്കു തണുവായ്,
## കയർഫെഡിന്റെ കൊക്കോഫെർട്ട്

### കൊക്കോഫെർട്ട്

( ചകിരിച്ചോറിൽ നിന്നും നിർമ്മിക്കുന്ന വളം )

1. ഏത് മണ്ണിലും ഉപയോഗിക്കാം
2. ഈർപ്പം നിലനിർത്താനുള്ള മണ്ണിന്റെശേഷിവർദ്ധിപ്പിക്കുന്നു
3. മണ്ണിന്റെ സുഷിരാവസ്ഥയെ മെച്ചപ്പെടുത്തി വേരോട്ടത്തെ സഹായിക്കുന്നു
4. പ്രകൃതിദത്തമായ ഹോർമ്മോണുകളും എൻസൈമുകളും അടങ്ങിയിരിക്കുന്നു
5. പരിസ്ഥിതിക്ക് ഏറെ അനുയോജ്യം
6. മണ്ണിന്റെ സ്വാഭാവികത നിലനിർത്തുകയും കൂടുതൽ വിളവിനു സഹായിക്കുന്ന തരത്തിൽ മണ്ണിനെ പരിപോഷിപ്പിക്കുകയും ചെയ്യുന്നു
7. ലാൻഡ് സ്കേപ്പിംഗ്, ഹോർട്ടികൾച്ചറൽ വിളകൾ, ചട്ടിയിൽ വളർത്തുന്ന സസ്യങ്ങൾ, ഫ്ളവർ ബെഡ് എന്നിവയ്ക്കും ഉപയോഗിക്കാം







Customer Care Number :

**0477 2243627**









**Call Now : 8281009828,8281009840**

**THE KERALA STATE CO-OPERATIVE COIR MARKETING FEDERATION Ltd.** P.B.No.4616, Alappuzha,Kerala, India
Tel: 0477 2243627, 2243628 , 2243629 www.coirfed.com www.coirfed.kerala.gov.in, Email: coirfedho@gmail.com, mdcoirfed@gmail.com

namasteads.com




കയർഫെഡിന്റെ ആലപ്പുഴയിലെ മെത്ത ഫാക്ടറി കെട്ടിടം

# മുപ്പതിന്റെ നിറവിൽ കയർഫെഡ് മെത്തഫാക്ടറി



**എം.പി.നാരായണൻ നായർ**

**കേ**രളത്തിലെ റബ്ബറൈസ്ഡ് കയർ വ്യവസായത്തിൽ വളരെ പ്രാധാന്യമുള്ള ഒന്നാണ് കയർ കിടക്കകളുടെ ഉത്പാദനവും വിപണനവും. ഇത് മുൻകൂട്ടി കണ്ടുകൊണ്ടാണ് കയർഫെഡ് 1991ൽ ആലപ്പുഴയിൽ റബ്ബറൈസ്ഡ് കയർ പ്രോഡക്ട് യൂണിറ്റ് (ആർ.സി.പി യൂണിറ്റ്) ആരംഭിക്കുന്നത്. കയർ മേഖലയിലെ കുലപതിയും കയർ തൊഴിലാളികളുടെ എക്കാലത്തെയും മാർഗദർശിയുമായ ആനത്തലവട്ടം ആനന്ദൻ എന്ന നേതാവിന്റെ ദീർഘവീക്ഷണപരമായ കാഴ്ചപ്പാടിന്റെ ഭാഗമായാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാരിന്റെ നേതൃത്വത്തിൽ ഈ യൂണിറ്റ് ആരംഭിച്ചത്. ആനത്തലവട്ടം ആനന്ദൻ പ്രസിഡന്റായ കയർഫെഡ് ഭരണസമിതിയാണ് ഈ യൂണിറ്റ് യഥാസമയം തുടങ്ങിയത്. 1991-ൽ പ്രവർത്തനം ആരംഭിച്ച് 48 ലക്ഷംരൂപ ബി.റ്റി.എ വിലയുള്ള ഉത്പന്നങ്ങൾ വിപണനം നടത്തിയിരുന്ന സ്ഥാനത്ത് ഇന്ന് ഈ സ്ഥാപനം പ്രതിവർഷം 6 കോടി രൂപ ബി.റ്റി.എ വിലയുള്ള ഉത്പന്നങ്ങൾ വിപണനം നടത്തുന്നു. ഒരു വർഷം 300 ടണ്ണോളം ഉത്പാദനമാണ് ഈ യൂണിറ്റിൽ നടക്കുന്നത്. കയർഫെഡിന്റെ വിറ്റുവരവ് കൂട്ടുന്നതിൽ നിർണ്ണായക സ്ഥാനം ആർ. സി.പി യൂണിറ്റിനുണ്ട്.

വിവിധതരത്തിലുള്ള ഒട്ടനവധി ഉത്പന്നങ്ങളാണ് കഴിഞ്ഞ കാലങ്ങളിൽ നിന്ന് വ്യത്യസ്തമായി ഇന്ന് ഈ യൂണിറ്റിന് വിപണിയിൽ എത്തിക്കാൻ കഴിഞ്ഞിട്ടുള്ളത്. ഇതിൽ ഏറ്റവും പ്രധാനമായി കാണേണ്ടകാര്യം സാധാരണക്കാരന് വാങ്ങാൻ കഴിയുന്ന വിലയിലുള്ള ഗുണമേൻമയുള്ള ഉത്പന്നങ്ങൾ നിർമ്മിച്ച് വിപണിയിൽ എത്തിക്കുന്നതിന് കയർഫെഡ് ഏറ്റവും പ്രാധാന്യം കൊടുക്കുന്നു എന്നതാണ്. കയർഫെഡ് ഈ കോവിഡ് കാലത്ത് ഏറ്റവും വിലകുറഞ്ഞ കിടക്കകൾ മാർക്കറ്റിൽ എത്തിക്കുന്നതിന് മുൻകൈയെടുത്തുവെന്നതും പ്രത്യേകം പ്രസ്താവ്യമാണ്.

സൂരജ്ഗോൾഡ്,സൂരജ്,സിത്താരപ്ലസ്,സ്പ്രിംങ് കിടക്കകൾ, മാവേലി കിടക്കകൾ, റോൾഅപ്പ് ഹോസ്റ്റൽ കിടക്കകൾ, തലയിണകൾ, വിവിധതരം കുഷനുകൾ, കെയിൻ ചെയർകുഷൻ, ബാത്ത്മാറ്റ്, യോഗ മാട്രസുകൾ, ബാലവാടിയിൽ പോകുന്ന കൊച്ചുമക്കൾക്ക് കിടക്കുന്നതിന് വേണ്ടിയുള്ള അംഗൻവാടി സ്നേഹം കിടക്കകൾ എന്നിങ്ങനെ വൈവിധ്യമാർന്ന ഉത്പന്നങ്ങളുടെ വിപുലമായ ശ്രേണിതന്നെ ആവശ്യക്കാരുടെ അഭിരുചിയ്ക്കനുസരിച്ച് കയർഫെഡ് ഉത്പാദിപ്പിച്ച് വിപണിയിൽ എത്തിക്കുന്നുണ്ട്.

ഐ.എസ്.ഐ ഗുണനിലവാരത്തോടെ പ്രകൃതിദത്ത ചകിരിനാരും, റബർപാലും, കെമിക്കലുകളും ചേർത്ത് ഉത്പാദനം നടത്തുന്നു എന്നതാണ് കയർഫെഡ് ഉത്പന്നങ്ങളുടെ പ്രത്യേകത. മുകളിൽ പ്രതിപാദിച്ചിട്ടുള്ള അസംസ്കൃത സാധനങ്ങളുടെ വില നിലവാരം സീസണിൽ കൂടുന്ന സമയത്തും ഒരു സർക്കാർ സ്ഥാപനമായ കയർഫെഡ് ഗുണനിലവാരം നിലനിർത്തി നഷ്ടം സഹിച്ചും ഉത്പന്നങ്ങൾ വിപണിയിൽ എത്തിക്കുന്നുണ്ട്. ആയതുകൊണ്ട് കഴിഞ്ഞ 30



വർഷമായി കയർഫെഡ് ഉത്പന്നങ്ങൾ വിപണിയിൽ ജനപ്രിയമായിമാറുന്നു.

ആദ്യകാലങ്ങളിൽ 4 അടി വീതിയുള്ള കിടക്കകൾക്കാണ് ആവശ്യക്കാർ ഏറെ ഉണ്ടായിരുന്നതെങ്കിൽ കഴിഞ്ഞ 10 വർഷക്കാലമായി ഫാമിലി കിടക്കകൾ എന്ന 5 അടി, 6 അടി വീതിയുള്ള കിടക്കകളിലേക്ക് ആവശ്യക്കാർ ഏറുന്നതായാണ് കാണാൻ കഴിയുന്നത്. 2011 ൽ കയർഫെഡ് ആർ.സി.പി യൂണിറ്റ് പുനരുദ്ധാരണം നടത്തി വീതി കൂടിയ കിടക്കകൾ ഉത്പാദിപ്പിച്ച് ഉപഭോക്താവിന്റെ അഭിരുചിയിലേക്ക് കടന്നുകയറുന്നതിനും കഴിഞ്ഞു.

ആർ.സി.പി യൂണിറ്റിന്റെ തുടക്കത്തിൽ ക്വിൽറ്റ്ഡ് കിടക്കകൾക്കുള്ള കവർ പുറമേ നിന്ന് വാങ്ങി ഉപയോഗിച്ചപ്പോൾ കയർഫെഡിന്റെ വ്യവസ്ഥാപിത നിബന്ധനകൾ പ്രകാരമുള്ള ഗുണനിലവാരം പുലർത്താനാകാത്തതുകൊണ്ട് ക്വിൽറ്റിംഗ് മെഷീനും ടേപ്പ് എഡ്ജിംങ് മെഷീനുകളും സ്വന്തമായി വാങ്ങി പ്രവർത്തിപ്പിച്ച് കവറുകളുടെ ഗുണനിലവാരം ഉയർത്തുന്നതിനും സാധിച്ചു. ഇത്തരം ഉത്പന്നങ്ങൾ സ്വന്തമായി ഉത്പാദിപ്പിച്ച് വിപണിയിൽ എത്തിക്കുന്ന ഏക പൊതുമേഖലാ സ്ഥാപനം കയർഫെഡ് ആണ്.

മുൻ കാലങ്ങളിൽ ഗവൺമെന്റ് തലത്തിലുള്ള ഏകദേശം പൂർണമായ ഓർഡറുകൾ ക്വട്ടേഷൻ കൂടാതെ കയർഫെഡിൽ നിന്ന് വാങ്ങാമെന്ന് വ്യവസ്ഥപ്രകാരം സർക്കാർ സ്ഥാപനങ്ങളിൽ കൂടുതൽ വിപണനം നടന്നിരുന്നെങ്കിൽ ഇപ്പോൾ അതുപൂർണമായി പാലിക്കപ്പെടുന്നില്ല. ഇക്കാര്യത്തിൽ എൽ.ഡി.എഫ് സർക്കാരിന്റെയും വകുപ്പ് മന്ത്രിയുടെയും കൂടുതൽ ഇടപെടൽ ഉണ്ടായാൽ കയർഫെഡ് ഉത്പന്നങ്ങൾ കൂടുതൽ വിറ്റഴിക്കാൻ കഴിയുന്നതാണ്.

ആഭ്യന്തര വിപണി ഇനിയും ശക്തിപ്പെടുത്താൻ കഴിഞ്ഞാൽ ഒരു ഷിഫ്റ്റിൽ 70 ഓളം തൊഴിലാളികൾ പണിയെടുക്കുന്ന ഈ വ്യവസായ സ്ഥാപനത്തിൽ കൂടുതൽ തൊഴിൽ അവസരങ്ങൾ ഉണ്ടാകും. കേരളത്തിലെ ഗ്രാമീണ തൊഴിൽ മേഖലയിലെ പ്രധാന കണ്ണികളാണ് കയർ സംഘങ്ങൾ. ഇവയുടെ അപ്പക്സ് ബോഡിയായ കയർഫെഡും, കയർഫെഡിനെ സഹായിച്ചുകൊണ്ടിരിക്കുന്ന എൽ.ഡി.എഫ് ഗവൺമെന്റിനും, വിശിഷ്യ ധനകാര്യ കയർ വകുപ്പ് മന്ത്രിക്കും, റബറൈസ്ഡ് കയർ ഉത്പന്നങ്ങളുടെ യൂണിറ്റ് പ്രവർത്തിപ്പിച്ച് മുൻകാല അനുഭവ സമ്പത്തും പരിചയവുമുള്ള അഡ്വ. എൻ. സായികുമാർ പ്രസിഡന്റായിട്ടുള്ള ഡയറക്ടർ ബോർഡിനും ആർ.സി.പി യൂണിറ്റിന്റെ പ്രവർത്തനങ്ങൾ ഇനിയും കൂടുതൽ മെച്ചപ്പെടുത്താൻ കഴിയും എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല.

കയർ സഹകരണ സംഘങ്ങളുടെ അപ്പക്സ് സ്ഥാപനമായ കയർഫെഡ് കയർ വിപണനം നടത്തുന്നത് ഒരു സേവനം എന്ന നിലയിൽ നാമമാത്രമായ ലാഭം മാത്രം എടുത്തുകൊണ്ടാണ്. കയർഫെഡ് കൂടുതൽ ലാഭകരമായി പ്രവർത്തിക്കുന്നതിനും വിറ്റുവരവ് കൂട്ടുന്നതിനും ജനങ്ങളിലേക്ക് കയർഫെഡിന്റെ പേരും പ്രശസ്തിയും എത്തിക്കുന്നതോടൊപ്പം മറ്റു സ്വകാര്യ സ്ഥാപനങ്ങളുടെ ഉത്പന്നങ്ങളിൽ നിന്ന് വ്യത്യാസമായി വില കുറച്ച് ഗുണമേൻമയേറിയ ഉത്പന്നങ്ങൾ എത്തിയ്ക്കുകയായിരുന്നു ലക്ഷ്യം. കയർഫെഡ് ആദ്യകാലത്ത് ആർ.സി.പി ഉത്പന്നങ്ങൾ വിൽപന നടത്തിയിരുന്നത് സ്വകാര്യമേഖലയിൽ നിന്ന് വാങ്ങിയായിരുന്നു. എന്നാൽ ഉത്പന്നങ്ങൾ സ്വന്തം ഫാക്ടറിയിൽ നിർമ്മിച്ച് വിപണനം നടത്തുമ്പോൾ ഉണ്ടാകാവുന്ന ഗുണമേൻമയും ലാഭവും ദീർഘവീക്ഷണത്തോടെ കണ്ടുകൊണ്ടാണ് ആനത്തലവട്ടം ആനന്ദന്റെ നേതൃത്വത്തിൽ 1991ൽ ആർ.സി.പി യൂണിറ്റ് ആരംഭിച്ചത്.

ഈ യൂണിറ്റിന്റെ ആദ്യ വർക്സ് മാനേജർ പി. ബാലചന്ദ്രൻ നായർ ആയിരുന്നു. എഞ്ചിനിയേഴ്സും കെമിസ്റ്റും ജീവനക്കാരും വർക്സ് മാനേജരുടെ നേതൃത്വത്തിൽ കൂട്ടായ പ്രവർത്തനത്തിലൂടെയാണ് യൂണിറ്റിന്റെ ശൈശവഘട്ടം തരണം ചെയ്തത്. ട്രയൽ ഉത്പാദനത്തിൽ വേണ്ടത്ര ഗുണനിലവാരം ഉണ്ടാകാത്തതുകൊണ്ട് വർക്സ് മാനേജരുടെ നേതൃത്വത്തിൽ ഒരു വിഭാഗം ജീവനക്കാരുടെ അക്ഷീണപരിശ്രമത്തിലാണ്

പ്ലാന്റ് കുറ്റമറ്റതാക്കി തീർത്തത്.

ആർ.സി.പി യുടെ വർക്സ് മാനേജർ സ്ഥാന ത്ത് നിന്ന് ബാലചന്ദ്രൻ നായർ മാറിയപ്പോൾ പകരം അബ്ദുൾ ഹമീദ് വർക്സ് മാനേജരായി കുറച്ചുകാലം പ്രവർത്തിച്ചു. പിന്നീട് വർക്സ് മനേജരുടെ ചാർജിൽ എഞ്ചീനിയേഴ്സ് ആയിരുന്ന എസ്.നസിം, സാം ജോസ് കെമിസ്റ്റുമാരായിരുന്ന ബി. ഷാജി, ജി. മോഹൻ എന്നി വരും പ്രവർത്തിച്ചു. ഇപ്പോൾ ജനറൽ മാനേജരുടെ നേതൃത്വത്തിൽ ആർ.സി.പി യൂണിറ്റ് ഭംഗിയായി പ്രവർ ത്തിക്കുന്നു.

ഈ യൂണിറ്റ് പ്രവർത്തിക്കുന്നതിലേക്ക് ആവശ്യമായ ജീവനക്കാരെ പത്രപരസ്യം ചെയ്ത് ടെസ്റ്റും ഇന്റർ വ്യൂവും നടത്തി തുടക്കത്തിൽ ട്രെയിനികളായാണ് എടുത്തിരുന്നത്. ഈ ജീവനക്കാരണ് 30 വർഷം കഴി ഞ്ഞ യൂണിറ്റിന്റെ മുമ്പോട്ടുള്ള പ്രവർത്തനത്തിന് ഊർ ജ്ജം പകർന്നു നൽകിയത്.

മെഷീൻ ഓപ്പറേറ്റർമാരായി ടെസ്റ്റും ഇന്റർവ്യൂവും നടത്തിയെടുത്ത ഐ.റ്റി.ഐ യോഗ്യതയുള്ള ദീർഘ കാല സേവന പരിചയമുള്ളവരാണ് പിന്നീട് സൂപ്പർ വൈസർ തസ്തികയിൽ ഉത്പാദന യൂണിറ്റുകൾ ഭംഗി യായി പ്രവർത്തിപ്പിക്കുന്നത്. സ്ഥാപനത്തിന്റെ തുടക്ക ത്തിൽ ഹെൽപ്പർ തസ്തികയിലും മെഷീൻ ഓപ്പറേറ്റർ തസ്തികയിലും ജോലിയിൽ പ്രവേശിച്ച ജീവനക്കാ രിൽ ഭൂരിപക്ഷവും സർവീസ് കാലാവധി പൂർത്തീക രിച്ച പോയിട്ടുള്ളതാണ്.

എന്നാൽ പ്ലാന്റും, ഫർണിഷിംഗ് സെക്ഷനും ഇപ്പോൾ പ്രവർത്തിപ്പിച്ചുകൊണ്ടിരിക്കുന്നത് ദിവസ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ഐ.റ്റി. ഐക്കാരെയും തൊഴിലാളികളെയും ഉപയോഗപ്പെടു ത്തിയാണ്. ഇവരുടെ ശ്രമഫലമായി ആർ.സി.പി യൂ ണിറ്റിന്റെ പ്രവർത്തനങ്ങൾ നല്ലനിലയിൽ മുന്നോട്ട് പോകുന്നു. ഓഫീസ് ജീവനക്കാരുടെ കുറ്റമറ്റ പ്രവർ ത്തനവും സ്ഥാപനത്തിന്റെ സുഗമമായ പ്രവർത്ത





**ആനത്തലവട്ടം ആനന്ദൻ   പി.ബാലചന്ദ്രൻ നായർ**

നത്തെ സഹായിക്കുന്നു. ആർ.സി.പി യൂണിറ്റിലെ പ്ര ധാന മെഷിനറികൾ അൺട്വിസ്റ്റിംഗ് മെഷീൻ, ഷീറ്റ് ഫോമിംഗ് മെഷീൻ, ഹൈഡ്രോളിക് പ്രസ്, വൾക്ക നൈസർ, ബാന്റ് സോ എന്നിവയാണ്.

കേൾഡ് റോപ്പ് അൺട്വിസ്റ്റിങ്ങ് മെഷിനിൽ കൂടി അഴിച്ച് ഷീറ്റ് ഫോമിംഗ് മെഷീനിൽ കൂടി വിരിച്ച് വരുമ്പോൾ ടാങ്കിൽ നിറച്ചിട്ടുള്ള ലാറ്റക്സ് മിശ്രിതം സ്പ്രേ ചെയ്ത് മെഷീൻ അകത്തുകൂടി കടന്നുവരുന്നു. ചൂടുകാറ്റ് അടിച്ച് ഉണങ്ങി പുറത്തുവരുന്ന ഷീറ്റ് ആ വശ്യമുള്ള അളവിൽ മുറിച്ചുമാറ്റി ഒരോ ഉത്പന്നത്തി ന്റെയും അളവിലും തൂക്കത്തിലും ഡ്രം പ്രസ് ചെയ് തു മാറ്റി വെയ്ക്കുന്നു. ഈ ബ്ലോക്കുകൾ നിർദ്ദിഷ്ട ഘനത്തിൽ പുറമേ ലാറ്റക്സ് സ്പ്രേ ചെയ്ത് ഹൈ ഡ്രോളിക്ക് പ്രസിൽ കയറ്റുന്നു. പ്രസിൽ ഇറക്കി വെ ച്ചിട്ടുള്ള ഉത്പന്നം വൾക്കനൈസർ മെഷീനിൽ കയറ്റി 12 ഫാൻ ഉപയോഗിച്ച് ചൂട് കാറ്റ് കയറ്റി പുഴുങ്ങി എടു ക്കുന്നു. വശങ്ങളിൽ കൃത്യതയില്ലാത്തവ ആവശ്യമായ അളവിൽ മുറിച്ചെടുക്കുന്ന മെഷീനാണ് ബാന്റ്സോ. ഇതിനുശേഷം ഇൻസ്പെക്ഷൻ കഴിഞ്ഞ് പൂർണ





മായും യോഗ്യമായവ സ്റ്റോറിലേയ്ക്കും അവിടെ നിന്ന് ഫർണിഷിംഗ് സെക്ഷനിലേയ്ക്കും പിന്നീട് ഡെസ് പാച്ചിൽ നിന്ന് മാർക്കറ്റിലേയ്ക്കും അയക്കുന്നു. ഇതാണ് യൂണിറ്റിന്റെ പ്രവർത്തനത്തിന്റെ ഒരു ചെറു വിവരണം.

ഐ.എസ്.ഐ. സർട്ടിഫിക്കേഷൻ ഉള്ള കയർ ഫെഡ് ഉത്പന്നത്തിന്റെ ടെസ്റ്റിംഗിന് വേണ്ടി കുറ്റമറ്റ ഒരു ലാബ് പ്രവർത്തിക്കുന്നു. ഉത്പാദനത്തിന്റെ ആവശ്യകതയിലേയ്ക്കായി വിറക് ഇന്ധനമായുള്ള തെർമിക്ക് ഫ്ളൂയിഡ് ബോയിലർ പ്രവർത്തിക്കുന്നു. ആർ.സി.പി യൂണിറ്റിന്റെ പ്രവർത്തനത്തിന് വേണ്ട അസംസ്കൃത മെറ്റീരിയലുകൾ ആയിട്ടുള്ള കേൾഡ് റോപ്പ് ആദ്യ കാലങ്ങളിൽ സ്പിന്നിംഗ് കർളിംഗ് മെഷീൻ ഉപയോഗിച്ച് ആർ.സി.പി യൂണിറ്റിൽ തന്നെ ഉത്പാദി പ്പിച്ചിരുന്നു. എന്നാൽ കൂടുതൽ റോപ്പ് ആവശ്യമായി വന്നപ്പോൾ തമിഴ്നാട് കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന സ്വകാര്യവ്യക്തികളിൽ നിന്നും തമിഴ്നാട്ടിലെ സർ ക്കാർ സൊസൈറ്റികളിൽ നിന്നും വാങ്ങി ഉപയോഗി ക്കുന്നു. ഈ റോപ്പുകൾ എല്ലായ്പ്പോഴും വേണ്ടത്ര ഗുണനിലവാരം ഇല്ലാതെ വരുന്നതുകൊണ്ട് കയർ ഫെഡിന്റെ തുമ്പൂർ ഫാക്ടറിയിൽ കർളിംഗ് മെഷീൻ സ്ഥാപിച്ച് ഇപ്പോൾ ഉത്പാദനം നടത്തുന്നുണ്ട്.

റബ്ബർ പാൽ വാങ്ങുന്നത് സർക്കാർ സ്ഥാപന ങ്ങളായ പ്ലാന്റേഷൻ കോർപ്പറേഷൻ, സ്റ്റേറ്റ് ഫാമിങ്ങ് കോർപ്പറേഷൻ എന്നിവിടങ്ങളിൽ നിന്നുമാണ്. കെമി ക്കലുകൾ സ്റ്റാൻഡേർഡ് കമ്പനിയുടെ സ്വകാര്യസംര ഭങ്ങളിൽ നിന്നുമാണ് വാങ്ങുന്നത്. സ്ഥാപനത്തിലെ അസംസ്കൃത സാധനം വാങ്ങലുകൾ ക്വട്ടേഷൻ വിളിച്ച് വിലക്കുറവും ഗുണമേൻമയുമുള്ള പാർട്ടികളെ കണ്ടെത്തി സാധനങ്ങൾ വാങ്ങുന്നു. കയർഫെഡിന്റെ യൂണിറ്റിലെ മെഷിനറികൾ പ്ലാന്റ്സ് ഇന്ത്യ, പാലാരി വട്ടം എന്ന കമ്പനിയാണ് സ്ഥാപിച്ചിട്ടുള്ളത്. മെഷിന റിയുടെ പുനരുദ്ധാരണവും ഇവർ തന്നെയാണ് ചെയ് തിട്ടുള്ളത്.

കയർഫെഡിന്റെ തനതായ ഒരു നൂതന ആർ. സി.പി ഉത്പന്നമാണ് അംഗൻവാടി കുട്ടികൾക്കുള്ള സ്നേഹം കിടക്കകൾ. കൊച്ചുകുട്ടികൾ അംഗൻവാ ടിയിൽ പോകുമ്പോൾ ഊണ് കഴിഞ്ഞ് സുഖമായി ഉറങ്ങുന്നതിന് വേണ്ടിയാണ് കയർഫെഡ് ഈ മെ ത്തകൾ രൂപകൽപ്പന ചെയ്തത്. നമ്മുടെ സംസ്ഥാന ത്തെ എം.എൽ.എമാരുടെ ഫണ്ടിൽ നിന്നാണ് അതാത് നിയോജകമണ്ഡലങ്ങളിലെ അംഗൻവാടികൾക്ക് ഇത് വിതരണം ചെയ്തു വരുന്നത്. ഇതുവരെ 40 ഓളം എം. എൽ.എമാർ മാത്രമാണ് ഈ സ്കീം പ്രയോജനപ്പെടു ത്തിയിരിക്കുന്നത്. ബാക്കി ഭൂരിപക്ഷം എം.എൽ.എ മാരുടെ കൂടി സഹകരണം ഉണ്ടായാൽ അംഗൻവാടി കുട്ടികൾക്ക് സഹായവും കയർഫെഡിന് കൂടുതൽ ഉത്പാദനം നടത്തുന്നതിനും ഇതുവഴി കഴിയും. ഇതിന് കയർഫെഡിന്റെയും സർക്കാരിന്റെയും കൂടു തൽ ഇടപെടലുകൾ ആവശ്യമാണ്.

കയർഫെഡിന്റെ ഉത്പാദനയൂണിറ്റുകളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും നിർദേശങ്ങൾ നൽകുന്നതിനുംവേണ്ടിഎസ്.എൽ.സജികുമാർചെയർമാ നായും ജനറൽ മാനേജർ കൺവീനറുമായി പ്രവർത്തി ക്കുന്ന പ്രൊഡക്ഷൻ കമ്മറ്റിയുടെ പ്രവർത്തനങ്ങളും കയർഫെഡ് മാനേജിംഗ് ഡയറക്ടറുടെയും ഡയറക്ടർ ബോർഡ് അംഗങ്ങളുടെയും ഉത്പാദനയൂണിറ്റുകളോ ടുള്ള പ്രത്യേക താത്പര്യവും സ്ഥാപനത്തിന്റെ സുഗ മമായ പ്രവർത്തനങ്ങളെ ഏറെ സഹായിക്കുന്നു.



# കയറിനെ അറിയാം:

## വിവിധ ഇനം കയറുകളെപ്പറ്റി ഒരു ചെറുവിവരണം



**ച**കിരിനാരുകൾ പ്രത്യേക രീതിയിലൂടെ പിരിച്ചെടുത്താണ് കയർ ഉണ്ടാക്കുന്നത്. കയറുകൾ പ്രകൃതിദത്തമായും, നിറം നൽകിയും, ബ്ലീച്ച് ചെയ്തും നിർമ്മിക്കപ്പെടുന്നു. കേരളത്തിൽ തന്നെ പ്രാദേശികമായും ടിസ്റ്റ്, റണ്ണേജ്, സ്കോറേഡ് എന്നിവയുടെ വ്യതിയാനത്തിൽ പലവിധ കയറുകൾ ലഭ്യമാണ്.

**വിവിധയിനം ടു പ്ലൈ കയറുകൾ:**

**വൈക്കം കയർ**

വേമ്പനാട്ടു കായൽ തീരങ്ങളിൽ നിർമ്മിക്കപ്പെട്ടിരുന്ന കയറാണ് ഇത്. കോട്ടയം ജില്ലയിലെ വൈക്കം പ്രദേശങ്ങളിൽ വ്യാപകമായി നിർമ്മിച്ചിരിക്കുന്ന ഇത്തരം കയർ കേരളത്തിന്റെ മറ്റു പ്രദേശങ്ങളായ ചേർത്തല, തിരുവനന്തപുരം, കോഴിക്കോട് എന്നീ പ്രദേശങ്ങളിലും നിർമ്മിക്കപ്പെടാൻ തുടങ്ങി. പരമ്പരാഗത റാട്ടിൽ പിരിച്ചിരുന്ന ഈയിനം കയർ ഇപ്പോൾ വ്യപകമായി ഇലക്ട്രോണിക്ക് റാട്ട്, ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീൻ എന്നിവ ഉപയോഗിച്ചുമാണ് നിർമ്മിക്കുന്നത്. ഹെയ്റിയും, മൃദുലവും, നല്ല ഇളം നിറമുള്ള ഈ കയറുകൾക്ക് തുല്യമായ ടിസ്റ്റും, വണ്ണവുമുണ്ട്. സിങ്കിൾ പിരികളും, ടൂ പ്ലൈയും അയഞ്ഞ പിരിയിലുമായാണ് ഇവ നിർമ്മിക്കപ്പെടുന്നത്. അഴുകിയ നാരുകളുടെ അപര്യാപ്തത കാരണം ഇപ്പോൾ വൈറ്റ് ഫൈബറിലാണ് ഇവ നിർമ്മിക്കുന്നത്. കയർ ഭൂവസ്ത്ര നിർമ്മാണം, മാറ്റുകളുടെയും മാറ്റിങ്സുകളുടെയും നിർമ്മാണം എന്നിവയാണ് വൈക്കം കയറിന്റെ പ്രധാന ഉപയോഗം.

**ആറാട്ടുപുഴ കയർ**

ആറാട്ടുപുഴ, മഹാദേവിക്കാട്, മംഗലം, കരുവാറ്റ, ചിങ്ങോലി, തൃക്കുന്നപ്പുഴ, മുതുകുളം എന്നീ പ്രദേശങ്ങളിൽ പിരിച്ചെടുക്കുന്ന പ്രത്യേകതരം കയറാണ് ആറാട്ടുപുഴ കയർ. പ്രധാനമായും വളരെ നീളം കൂടിയ നാരുകൾ ഉപയോഗിച്ച് നിർമ്മിക്കുന്നു എന്നതും സിങ്കിൾ പിരി സോഫ്റ്റ് ടിസ്റ്റായും, ടു പ്ലൈ ഹാർഡ് ടിസ്റ്റായും നിർമ്മിക്കുന്നു എന്നതുമാണ് ഇവയുടെ സവിശേഷതകൾ. ഇത്തരം കയറിന്റെ സ്കോറേജ് 11 മുതൽ 18 വരെയാണ്. പരമ്പരാഗത റാട്ടുകളിൽ നിർമ്മിച്ചു കൊണ്ടിരുന്ന ഇത്തരം കയർ ഇപ്പോൾ ഇലക്ട്രോണിക്ക് റാട്ടുകളിലും ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനിലും പിരിക്കാവുന്നതാണ്. പ്രധാനമായും 260 റണ്ണേജിലാണ് ഇപ്പോൾ ഇത്തരം കയർ ഉൽപ്പാദിപ്പിക്കുന്നത്. കാർപ്പറ്റ്, മാറ്റിങ്സ് നിർമ്മാണം, വടം, കാർഷികാവശ്യം എന്നിവയാണ് പ്രധാന ഉപയോഗങ്ങൾ.

**മങ്ങാടൻ കയർ**

കൊല്ലം ജില്ലയിലെ മങ്ങാട്, ആശ്രമം, പെരിനാട്, പ്രാക്കുളം, അഞ്ചാലുംമൂട്, തേവലക്കര, കോഴികവല, നീണ്ടകര എന്നിവിടങ്ങളിലാണ് ഈ കയർ ഉൽപ്പാദിപ്പിക്കുന്നത്. പരമ്പരാഗതമായും ഇലക്ട്രോണിക് റാട്ടുകൾ ഉപയോഗിച്ചും നിർമ്മിക്കപ്പെടുന്നു എന്നതും ഹാർഡ് ടിസ്റ്റഡും, ഹെയറിയുമാണ് എന്നതുമാണ് ഇവയുടെ പ്രത്യേകതകൾ. വൈറ്റ് ഫൈബറാണ് ഇപ്പോൾ ഇതിനായി വ്യാപകമായി ഉപയോഗിക്കുന്നത്. 110-160 റണ്ണേജിലാണ് ഇവ നിർമ്മിക്കുന്നത്. മാറ്റ്, മാറ്റിങ്സ്, വടം, കാർഷിക ആവശ്യങ്ങൾക്കായി പാശ്ചാത്യരാജ്യങ്ങളിലേക്ക് കയറ്റുമതി ചെയ്യുന്നു. ഇവ ഇന്ത്യൻ വിപണിയിൽ കാർഷിക ആവശ്യങ്ങൾക്കായും ഉപയോഗിക്കുന്നു.

**അഞ്ചുതെങ്ങ് കയർ**

പറവൂർ, പെരുങ്കുഴി, വക്കം, കടയ്ക്കാവൂർ, ചിറയിൻകീഴ്, അഞ്ചുതെങ്ങ്, പെരുമാതുറ, അഴൂർ, കണിയാപുരം, മുരുക്കുംപുഴ, പനാത് എന്നീ പ്രദേശങ്ങളിൽ നിർമ്മിക്കപ്പെടുന്നു. അഴുകിയ ചകിരിനാരിൽ നിന്നും മാത്രം ഉൽപ്പാദിപ്പിക്കുന്നു. ഹാർഡ് ടിസ്റ്റഡാണ് തുല്യമായ പിരിയും, കാഴ്ചയിൽ നല്ല ഇഴയടുപ്പവും ഉള്ളതും, സുവർണ്ണ നിറവും ബ്രൗൺ കലർന്ന ചുവപ്പുനിറത്തിലും നീല കലർന്ന ചാരനിറത്തിലും ഒക്കെയാണ് അഞ്ച്തെങ്ങ് കയറിന്റെ പ്രത്യേകതകൾ. പ്രധാനമായും 240–260 റണ്ണേജിലാണ് ഇവ നിർമ്മിക്കുന്നത്. വിവിധതരം ഫ്ളോർ മാറ്റുകളും, മാറ്റിങ്സുകളുടെയും നിർമ്മാണത്തിനായും, റഗ്ഗുകൾ, കാർപറ്റുകൾ എന്നിവയുടെയും നിർമ്മാണത്തിനുമായിട്ടാണ് ഇവ ഉപയോഗിക്കുന്നത്.

**വെട്ടൂർ**

അഞ്ചുതെങ്ങ് കയർ ഉൽപ്പാദിപ്പിക്കുന്ന പ്രദേശങ്ങളിലാണ് ഇത്തരം കയറും ഉൽപ്പാദിപ്പിക്കുന്നത്. ഈ പ്രദേശങ്ങളിൽ നിർമ്മിക്കുന്ന കനം കുറഞ്ഞ കയറാണ് വെട്ടൂർ കയർ. പരമ്പരാഗത റാട്ടുകൾ ഉപയോഗിച്ച് മാത്രം നിർമ്മിക്കുന്നുവെന്നതാണ് പ്രത്യേകത. 180-200 റണ്ണേജിലാണ് ഇവ ഉൽപ്പാദിപ്പിക്കുന്നത്. ഇന്ത്യയുടെ കിഴക്കൻ മേഖലകളിൽ കയർ വരിഞ്ഞ കട്ടിൽ നിർമ്മാണത്തിനാണ് ഇവ ഉപയോഗിക്കുന്നത്.

# മുഖഛായ മാറുന്ന കയർ മേഖല

## 125 യന്ത്രവത്കൃത കയർ യൂണിറ്റുകൾ ഉദ്ഘാടനം ചെയ്തു

### യന്ത്രവത്കൃത ചകിരിമില്ലുകൾ

1. ക്ലാഡിസ്, കോഴിക്കോട് പ്രോജക്ട്
2. പ്രവാസി കയർ പ്രോഡക്ടസ്, കോഴിക്കോട് പ്രോജക്ട്
3. ഗ്ലോബൽ ഫൈബേഴ്സ്, കോഴിക്കോട് പ്രോജക്ട്
4. കാലിക്കറ്റ് കൊക്കോ, കോഴിക്കോട് പ്രോജക്ട്
5. ശ്രീകൃഷ്ണ ഫൈബേഴ്സ്, കോഴിക്കോട് പ്രോജക്ട്
6. ചെറുകുഴിയിൽ ഡി.എഫ്.മിൽ, പൊന്നാനി
7. നാചുറ ഫൈബേഴ്സ് ക്ഷ ബയോ ഫെർട്ടിലൈസേഴ്സ്, പൊന്നാനി പ്രോജക്ട്
8. തെറ്റത്തു ഡി.എഫ്.യൂണിറ്റ്, പൊന്നാനി പ്രോജക്ട്
9. ചേലാമ്പ്ര കയർ ഫൈബർ, പൊന്നാനി പ്രോജക്ട്
10. മാർവൽ ഫൈബേഴ്സ്, പൊന്നാനി പ്രോജക്ട്
11. നെക്സാ കയർ പ്രോഡക്ടസ്, പൊന്നാനി പ്രോജക്ട്
12. കെ.കെ.ഡീഫൈബറിംഗ് യൂണിറ്റ്, പൊന്നാനി പ്രോജക്ട്
13. മുതലമട സി.പി.സി, പൊന്നാനി പ്രോജക്ട്
14. വള്ളിക്കുന്നം സിവിസിഎസ്, പൊന്നാനി പ്രോജക്ട്
15. ക്വാളിറ്റി ഫൈബർ, കണ്ണൂർ പ്രോജക്ട്
16. മാള ബ്ലോക്ക് എസ്.ടി. ഡി.എഫ് യൂണിറ്റ്, തൃശ്ശൂർ
17. എ.വൺ കയർ പ്രോഡക്ട്സ്, തൃശ്ശൂർ
18. സ്റ്റാർ ഡി.എഫ്.യൂണിറ്റ്, കൊല്ലം
19. പ്രയാർ സി.വി.സി.എസ് 547, കൊല്ലം പ്രോജക്ട്
20. കൊറ്റംപള്ളി നവോദയ സി.വിസിഎസ് 1305, കൊല്ലം
21. കലക്കോട് സി.വിസിഎസ് 203, കൊല്ലം
22. മുതുകുളം സൗത്ത് സി.വിസിഎസ് 210, കായംകുളം
23. മുതുകുളം സി.വിസിഎസ് 72, കായംകുളം
24. ചിറയിൻകീഴ് മാറ്റ്സ് & മാറ്റിംഗ്സ് 1000, തിരുവനന്തപുരം
25. വാഴമുട്ടം സി.വിസിഎസ് 3061, തിരുവനന്തപുരം

→

**കർണാടിക് C-1**

ആലപ്പുഴ ഭാഗത്ത് മാത്രം ഉത്പാദിപ്പിക്കുന്ന വളരെ നേർത്ത കയറിനമാണ് കർണാടിക് C-1. കയറിനങ്ങളിൽ ഇന്ന് ലഭ്യമായതിൽ ഏറ്റവും നേർത്ത ഇനമാണ്. 330 റണ്ണേജിലാണ് ഉത്പാദിപ്പിക്കുന്നത് ബാഗ് നിർമ്മാണം. അലങ്കാര വസ്തുക്കളുടെ നിർമ്മാണം എന്നിവയാണ് ഉപയോഗങ്ങൾ.

**ബേപ്പൂർ**

കോഴിക്കോട് ജില്ലയിൽ കൈകൾ കൊണ്ട് മാത്രം പിരിച്ചു നിർമ്മിക്കുന്ന ഇനം. കൈകൾ കൊണ്ട് മാത്രം പിരിച്ചെടുക്കുന്നു എന്നതാണ് ഇതിന്റെ സവിശേഷത 6–9 വരെയാണ് ഇതിന്റെ സ്കോറേജ്. വൈറ്റ് ഫൈബർ ഉപയോഗിച്ച് നിർമ്മിക്കുന്നു. 110 റണ്ണേജിലാണ് ഉത്പാദിപ്പിക്കുന്നത്.

**കൊയിലാണ്ടി**

കോഴിക്കോട് ജില്ലയിൽ കൈകൾ കൊണ്ട് മാത്രം പിരിച്ചു നിർമ്മിക്കുന്ന ഇനമാണിത് 8–12 വരെയാണ് ഇതിന്റെ സ്കോറേജ്. വൈറ്റ് ഫൈബർ ഉപയോഗിച്ച് നിർമ്മിക്കുന്നു. 141 റണ്ണേജിലാണ് ഉത്പാദിപ്പിക്കുന്നത്.

**മുപ്പിരി**

കേരളത്തിൽ പൊന്നാനി ഭാഗത്ത് ലഭ്യമായ കയർ. ഇത്തരത്തിലുള്ള കയറുകൾ പരമ്പരാഗത



റാട്ടിന്റെ സഹായത്തോടെ ത്രീ പ്ലൈ ആയിട്ടാണ് നിർമ്മിക്കുന്നത് ഹാർഡും പരുപരുത്തതുമാണിവ. 6–9 ആണ് ഇതിന്റെ സ്കോറേജ്. വൈറ്റ് ഫൈബർ ഉപയോഗിച്ചാണ് നിർമ്മാണം. 45 ആണ് ഇത്തരം കയറിന്റെ റണ്ണേജ്.

# യന്ത്രവത്കൃത കയർപിരി യൂണിറ്റുകൾ

1. ക്ലാപ്പന സിവിസിഎസ് നം.431
2. പ്രയാർ സൗത്ത് സിവിസിഎസ് നം.547
3. പുതുമണ്ണേൽക്കടവ് സിവിസിഎസ് നം.874
4. ആദിനാഡ് നോർത്ത് സിവിസിഎസ് നം.488
5. ആലപ്പാട് മണ്ണേൽക്കടവ് സിവിസിഎസ് നം.868
6. കൊറ്റമ്പള്ളി നവോദയ സിവിസിഎസ് നം. 1305
7. ചാമ്പക്കടവ് സിവിസിഎസ് നം. 373
8. പരവൂർ സിവിസിഎസ് നം.3088
9. കണ്ടച്ചിറ സിവിസിഎസ് നം.50
10. ഞാറയ്ക്കൽ സിവിസിഎസ് നം.290
11. ഞാറയ്ക്കൽ ഈസ്റ്റ് സിവിസിഎസ് നം.638
12. നടുവിലച്ചേരി വടക്കേക്കര സി.വി.സി.എസ് നം.291
13. പ്രാക്കുളം ഈസ്റ്റ് സി.വി.സി.എസ് നം 639
14. മുരുന്തൽ നോർത്ത് സി.വി.സി.എസ് നം 635
15. നീരാവിൽച്ചേരി സി.വി.സി.എസ് നം 538
16. കൂനോയിൽ സി.വി.സി.എസ് നം 636
17. തുറയിൽക്കുന്നു സി.വി.സി.എസ് നം327
18. വാഴക്കൂട്ടത്തിൽക്കടവ് സി.വി.സി.എസ് നം 642
19. പള്ളിക്കടവ് സി.വി.സി.എസ് നം 844
20. പനയന്നാർക്കാവ് സി.വി.സി.എസ് നം 125
21. പെരുങ്ങുഴി സി.വി.സി.എസ് നം 3053
22. മുട്ടപ്പലം സി.വി.സി.എസ് നം 705
23. മാടൻവിള സി.വി.സി.എസ് നം
24. ആനത്തലവട്ടം സി.വി.സി.എസ് നം 708
25. കോവളം സി.വി.സി.എസ് നം 108
26. വാഴമുട്ടം സി.വി.സി.എസ് നം 3061
27. ഇടഞ്ഞിമൂല സി.വി.സി.എസ് നം 536
28. പാച്ചല്ലൂർ സി.വി.സി.എസ് നം 177
29. കടലുണ്ടി സി.വി.സി.എസ് നം223
30. പെരുമുഖം സി.വി.സി.എസ് നം 694
31. കുന്നത്തറ സി.വി.സി.എസ് നം 268
32. പുതുപനം സി.വി.സി.എസ് നം 260
33. ഇരിങ്ങൽ സി.വി.സി.എസ് നം 382
34. കരുവാഞ്ചേരി സി.വി.സി.എസ് നം 512
35. പാലയാട് സി.വി.സി.എസ് നം 258
36. ചേലിയ സി.വി.സി.എസ് നം 608
37. കണയംകോട് സി.വി.സി.എസ് നം 275
38. ചേമഞ്ചേരി സി.വി.സി.എസ് നം 256
39. രായരങ്ങോത്ത് സി.വി.സി.എസ് നം 514
40. ചീനഞ്ചേരി കാപ്പാട് സി.വി.സി.എസ് നം 279
41. ചിങ്ങോലി നോർത്ത് സി.വി.സി.എസ് നം 207
42. കുമാരപുരം സി.വി.സി.എസ് നം 70
43. താമല്ലാക്കൽ സി.വി.സി.എസ് നം 316
44. മംഗലം സി.വി.സി.എസ് നം 483
45. ആറാട്ടുപ്പുഴ സി.വി.സി.എസ് നം 550
46. മഹാദേവിക്കാട് സി.വി.സി.എസ് നം 462
47. മുതുകുളം നോർത്ത് സി.വി.സി.എസ് നം 364
48. ആറാട്ടുപുഴ കിഴക്കേക്കര സി.വി.സി.എസ് 325
49. കായംകുളം സി.വി.സി.എസ് നം 406
50. ആറാട്ടുപുഴ കരിത്തറ സി.വി.സി.എസ് നം 648
51. കണ്ടല്ലൂർ നോർത്ത സി.വി.സി.എസ് നം 323
52. കണ്ടല്ലൂർ സൗത്ത് സി.വി.സി.എസ് നം 322
53 പൂയ്യപ്പള്ളി സി.വി.സി.എസ് നം
54. ചെറായി സി.വി.സി.എസ് നം 581
55. പള്ളിപ്പുറം സി.വി.സി.എസ് നം 715
56. മൂത്തക്കുന്നം സി.വി.സി.എസ് നം 51
57. വാവക്കാട് സി.വി.സി.എസ് നം 145
58. കൂട്ടുക്കാട് സി.വി.സി.എസ് നം 583
59. ഗുണ്ടു ഐലണ്ട് സി.വി.സി.എസ് നം 297
60. മാച്ചാൻതുരുത്ത സി.വി.സി.എസ് നം 500
61. മടപ്ലാതുരുത്ത് സി.വി.സി.എസ് നം 509
62. ഉദയംപേരൂർ സി.വി.സി.എസ് നം 194
63. ചെറുവത്തൂർ സി.വി.സി.എസ് നം 252
64. പാപ്പിനിശ്ശേരി സി.വി.സി.എസ് നം 332
65. പയ്യന്നൂർ സി.വി.സി.എസ് നം 366
66. പടന്ന കടന്നപ്പുറം സി.വി.സി.എസ് നം 224
67. അഴീക്കോട് സി.വി.സി.എസ് നം 261
68. എഴോം എസ്.സി സി.വി.സി.എസ് നം 990
69. താവം സി.വി.സി.എസ് നം 364
70. എടവക്കാട് സി.വി.സി.എസ് നം 274
71. കണ്ണപുരം സി.വി.സി.എസ് നം 685
72. ചെറുവത്തൂർ എസ്.സി.എസ്.ടി 974
73. ധർമ്മടം സി.വി.സി.എസ് നം 266
74. തൃക്കരിപൂർ സി.വി.സി.എസ് നം 320
75. തിരുനെല്ലൂർ ഈസ്റ്റ് സി.വി.സി.എസ് നം 721
76. ചെങ്ങണ്ട സി.വി.സി.എസ് നം 555
77. വയലാർ നോർത്ത് സി.വി.സി.എസ് നം 568
78. ചേർത്തല വടക്കുമുറി സി.വി.സി.എസ് നം659
79. കഞ്ഞികുഴി സി.എം.സി 745
80. വാരണം സി.വി.സി.എസ് നം 834
81. നെടുമ്പ്രക്കാട് സി.വി.സി.എസ് നം 552
82. കട്ടച്ചിറ സി.വി.സി.എസ് നം 731
83. കല്ലാപ്പുറം സി.വി.സി.എസ് നം 734
84. തണ്ണീർമുക്കം സി.വി.സി.എസ് നം 484
85. പൂച്ചാക്കൽ സി.വി.സി.എസ് നം 14
86. കളത്തിവീട് സി.വി.സി.എസ് നം 1108
87. അക്കരപ്പാടം സി.വി.സി.എസ് നം 57
88. ചെമ്മനാകരി സി.വി.സി.എസ് നം 573
89. പടിഞ്ഞാറെക്കര സി.വി.സി.എസ് നം 338
90. മറവൻതുരുത്ത് വടക്കുഭാഗം സി.വി.സി.എസ് 676
91. വെച്ചൂർ സി.വി.സി.എസ് നം 19
92. വരിക്കാംകുന്നു സി.വി.സി.എസ് നം 434
93. കരുപടന്ന വള്ളിവട്ടം സി.വി.സി.എസ് നം 822
94. പുത്തൻചിറ സി.വി.സി.എസ് നം 994
95. ചാപ്പാറ സി.വി.സി.എസ് നം 352
96. കടലായി കരുമാത്ര സി.വി.സി.എസ് നം 503
97. എൽത്തുരുത്ത് സി.വി.സി.എസ് നം 348
98. അഴീക്കോട് സി.വി.സി.എസ് നം 69
99. വെളുത്തകടവ് സി.വി.സി.എസ് നം 584
100. കരിക്കോടി സി.വി.സി.എസ് നം 485

## അഭിമുഖം




# അതിജീവനത്തിനായുള്ള പരിശീലനങ്ങൾ

**എസ്.രതീഷ്/പി വി വേണുഗോപാൽ**

**ലോ**കത്തെയാകെ പിടിച്ചു കുലുക്കി കോവിഡ് എന്ന മഹാമാരി സംഹാര താണ്ഡവം ആടുമ്പോഴും സർക്കാരിന്റെ ഭാവന പൂർണ്ണവും സൃഷ്ട്യുന്മുഖവുമായ നയ പരിപാടികൾ കൊണ്ട് കോവിഡിനെ അതിജീവിച്ച് ലോകത്തിന് മാതൃകയായ സംസ്ഥാനമാണ് കേരളം. സർക്കാരിന്റെ ഇച്ഛാശക്തിയും പ്രവർത്തന മികവും കൊണ്ട് വലിയ കുതിച്ചുചാട്ടമുണ്ടായ മേഖലകളിലൊന്നാണ് കയർ വ്യവസായം. മാർച്ച് മാസത്തോടെ 2,000 ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ ഉള്ള 200 യന്ത്രവത്കൃത ഫാക്ടറികൾ എന്ന സംസ്ഥാന സർക്കാരിന്റെ ലക്ഷ്യം അതിവേഗം പൂർത്തികരിച്ചു കൊണ്ടിരിക്കുകയാണ്. കയർത്തൊഴിലാളികൾക്കായി ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷിനിൽ വിദഗ്ധ പരിശീലനവും ഇക്കാലയളവിൽ കേരളമങ്ങോളമിങ്ങോളം നടന്നു വരുന്നുണ്ട്. പരിശീലകരിൽ ഒരാളായ കണിച്ചുകുളങ്ങര സ്വദേശി രതീഷ് എസ് തന്റെ അനുഭവങ്ങൾ 'കയർ വ്യവസായം മാസിക'യുമായി പങ്കു വെക്കുന്നു.

***? എങ്ങനെയാണ് പരിശീലകന്റെ കുപ്പായത്തിൽ എത്തിയത്***

നാട്ടിൽ ചില്ലറ ബിസിനസ് സംരംഭങ്ങളുമൊക്കെയായി ജീവിച്ചു വരികയായിരുന്നു. ആ സമയത്താണ് കോവിഡിന്റെ ആവിർഭാവം. ലോക്ക് ഡൗൺ കാലം അതുവരെയുള്ള ജീവിത ക്രമങ്ങളെ ആകെ മാറ്റി മറിച്ചു കളഞ്ഞു.അങ്ങനെ ഇരിക്കെയാണ് എൻ.സി.ആർ.എം. ഐ ഈ പരിശീലന പദ്ധതി ആരംഭിക്കുന്നതും അപേക്ഷ ക്ഷണിക്കുന്നതും. ചേർത്തലക്കാരനെന്ന നിലയിൽ കയർ വ്യവസായവുമായുള്ള ജൈവ ബന്ധവും അപേക്ഷ അയക്കാനും ഈ പരിശീലക കുപ്പായം അണിയുന്നതിനും കാരണമായിട്ടുണ്ട്.

***?എവിടെ നിന്നാണ്, ആരാണ് താങ്കളടക്കമുള്ളവർക്ക് പരിശീലനം നൽകിയത്***

. ആലപ്പുഴ ചുങ്കത്തുള്ള കയർ മെഷീൻ മാനുഫാക്ചറിംഗ് കമ്പനിയിലായിരുന്നു പരിശീലനം. കയർ രംഗത്തിന്റെ വിവിധ വശങ്ങളിൽ ഏറ്റവും വിദഗ്ധരായിട്ടുള്ള ആളുകളാണ് ഞങ്ങൾക്ക് പരിശീലനം നൽകിയത്. 15 ദിവസത്തോളം നീണ്ട പരിശീലനത്തിൽ ആട്ടോമാറ്റിക് സ്പിന്നിംഗ് യന്ത്രത്തിന്റെ പ്രവർത്തനത്തെ പറ്റി വിശദമായ പഠിപ്പിച്ചു എന്നു മാത്രമല്ല കയർ വ്യവസായത്തെ സംബന്ധിച്ചാകെ വിശദമായ ഉൾക്കാഴ്ച നൽകുന്നതിനും സഹായകരമായി.

***? ഇതിനോടകം ഏതെല്ലാം സ്ഥലങ്ങളിലാണ് പരിശീലനം നൽകിയത്***

കൊല്ലത്തെ ചമ്പക്കടവ്, അഷ്ടമുടിയിലെ നടുവിലശ്ശേരി, തിരുവനന്തപുരത്തെ കോവളം, കോഴിക്കോട് കടലുണ്ടി എന്നീ കയർ വ്യവസായ സഹകരണ സംഘങ്ങളിൽ 20 പേർ വീതമുള്ള ഓരോ ബാച്ചിന്റെ പരിശീലനം പൂർത്തിയാക്കി. ഇപ്പോൾ പിണറായിയിലെ അയ്യോത്ത് കയർ വ്യവസായ സഹകരണ സംഘത്തിലെ പരിശീലനം നൽകുന്നത്.

***? എന്താണ് ഈ പരിശീലനത്തിന്റെ പാഠ്യപദ്ധതി***

ആട്ടോ മാറ്റിക് സ്പിന്നിംഗ് മെഷീനുമായി ബന്ധപ്പെട്ട തിയറിയും പ്രാക്ടിക്കലുമാണ് അടിസ്ഥാന പാഠ്യപദ്ധതി.യന്ത്രത്തിൽ കയർ പിരിക്കാൻ മാത്രമല്ല യന്ത്രത്തിന്റെ സാധാരണ അറ്റകുറ്റപ്പണികൾ നടത്താനും പരിശീലനത്തിന് ശേഷം പഠിതാക്കൾ പ്രാപ്തരാകും.

കയർവ്യവസായവുമായി ബന്ധപ്പെട്ട മറ്റു കാര്യങ്ങളെ സംബന്ധിച്ചും പരിശീലനത്തിനിടയിൽ സ്വാഭാവികമായ ചർച്ചകൾ ഉയർന്നു വരാറുണ്ട്.

***? പരിശീലത്തിനെത്തുന്നവരുടെ പ്രായഘടന എങ്ങനെയാണ്***

കോവളത്ത് പരിശീലനത്തിനെത്തിയ പ്രഭാവതി ചേച്ചിക്ക് പ്രായം 60 ആയിരുന്നു. +2 വും ഐ.ടി.ഐയും പഠിച്ച 20-23 വയസുള്ള ചെറുപ്പക്കാരേയും ഇതിനോടകം ഞാൻ പരിശീലിപ്പിച്ചിട്ടുണ്ട്.



***? തൊഴിലാളികൾ പ്രത്യേകിച്ചും കൈത്തൊഴിൽ ചെയ്യുന്നവർ പുതിയ സാങ്കേതിക വിദ്യകൾ പഠിക്കുന്നതിനും അതിൽ പ്രാവിണ്യം നേടുന്നതിനും വിമുഖരാണെന്ന് പൊതുവേ ഒരു വിശ്വാസം നാട്ടിലുണ്ട് എന്താണ് താങ്കളുടെ അനുഭവം***

ശുദ്ധ അസംബന്ധം എന്നേ ആ വിശ്വാസത്തെക്കുറിച്ച് പറയുവാനുള്ളു. പരിശീലനത്തിനെത്തിയ 95 ശതമാനം പേരും പഠനകാര്യത്തിൽ അത്യുത്സാഹികൾ ആയിരുന്നു എന്നതാണ് എന്റെ അനുഭവം. പുതിയ കാര്യങ്ങൾ പഠിക്കാനും അറിയാനുമുള്ള തൊഴിലാളികളുടെ അഭിവാഞ്ജ എടുത്തു പറയേണ്ടതാണ്.

***? ട്രാക്ടറിനെ എതിർത്തവർ, കംപ്യൂട്ടറിനെ എതിർത്തവർ തുടങ്ങി ആധുനീക സാങ്കേതിക വിദ്യകളെ കണ്ണും പൂട്ടി എതിർക്കുന്നവരാണ് തൊഴിലാളികളും തൊഴിലാളി സംഘടനകളും എന്ന അപവാദം ഒരു ഭാഗത്ത് ചിലർ സംഘടിതമായി നടത്തുന്നുണ്ട്. അത്തരം എന്തെങ്കിലും ദുരനുഭവം പങ്കു വെക്കാനുണ്ടോ.***

ഒരുതരത്തിലുള്ള ദുരനുഭവവും എനിക്കോ എന്റെ സഹപ്രവർത്തകർക്കോ ഇക്കാര്യത്തിൽ ഇതുവരെ ഉണ്ടായിട്ടില്ല എന്ന ഉറപ്പിച്ചു പറയാനാകും. മാത്രമല്ല യന്ത്രവത്കരണം എന്തിന് എന്ന ചോദ്യത്തിന് ലഭിക്കുന്ന ഉത്തരമാണ് അതിനെ എതിർക്കണോ അനുകൂലിക്കണോ എന്ന നിലപാട് രൂപപ്പെടുത്തുന്നത് എന്നതാണ് സത്യം. വലിയതോതിൽ തൊഴിലില്ലായ്മ സൃഷ്ടിച്ച് മുതലാളിമാരുടെ ലാഭം ഉയർത്താനാണ് യന്ത്രവത്കരണമെങ്കിൽ സ്വാഭാവികമായും തൊഴിലാളികൾ എതിർക്കും. നേരെമറിച്ച് ഇവിടെ കയറിന്റെ ഉത്പാദനക്ഷമത ഉയർത്തി തൊഴിലാളികളുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും ഗുണമേൻമ ഉയർത്തുന്നതിനും ലക്ഷ്യമിട്ടാണ് യന്ത്രവത്കരണം നടപ്പാക്കുന്നത്. ഈ വ്യത്യാസം മനസിലാക്കുന്നവരാണ് കേരളത്തിലെ കയർത്തൊഴിലാളികളും അവരുടെ സംഘടനകളും എന്നാണ് ഞാൻ മനസിലാക്കുന്നത്.

***? ഇപ്പോൾ നടത്തിവരുന്ന യന്ത്രവത്കരണം ഉത്പാദനത്തിൽ എന്തു മാറ്റമാണ് വരുത്താൻ പോകുന്നത്***

പരമ്പരാഗത റാട്ടിൽ ഒരു തൊഴിലാളിക്ക് ശരാശരി അഞ്ച് കിലോ കയറാണ് പിരിക്കാൻ കഴിഞ്ഞിരുന്നത്. ഇലക്ട്രോണിക് റാട്ടായപ്പോൾ 12–15 കിലോയായി ഉയർന്നു. ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനിൽ ശരാശരി 40–60 കിലോ ഗ്രാം കയർ ഉത്പാദിപ്പിക്കാൻ ഒരു തൊഴിലാളിക്ക് കഴിയും. സെൽഫ് ഫീഡിംഗ് മെഷിനിലേക്ക് എത്തുമ്പോൾ ശരാശരി ഉത്പാദനം 120–140 കിലോഗ്രാമായി വർധിക്കും. മാർച്ച് മാസത്തോടെ 2,000 ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ ഉള്ള 200 യന്ത്രവത്കൃത ഫാക്ടറികൾ എന്ന സംസ്ഥാന സർക്കാരിന്റെ സ്വപ്നം നമ്മുടെ കയർ വ്യവസായ സഹകരണ സംഘങ്ങളിൽ യാഥാർത്ഥ്യമാകുന്നതോടെ ഉത്പാദനത്തിലുണ്ടാകുന്ന കുതിച്ചു കയറ്റം ഒന്ന് ആലോചിച്ച് നോക്കൂ.

***? ഇതുകൊണ്ട് തൊഴിലാളിക്കുണ്ടാകുന്ന പ്രയോജനം എന്താണ്***

കയർഫെഡ് ചെയർമാൻ അഡ്വ.എൻ. സായികുമാർ അധ്യക്ഷനായുള്ള യന്ത്രവത്കൃത കയർ പിരി തൊഴിലാളികളുടെ കൂലി നിർണയ സമിതി ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകളുടെ ഉത്പാദനക്ഷമത വിശദമായി പഠിച്ച് സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചു കഴിഞ്ഞിട്ടുണ്ട്. ആറര ഏഴുമണിക്കൂറുകൾ കൊണ്ട് 8,000 മീറ്റർ കയർ ഉത്പാദിപ്പിക്കാമെന്നാണ് ആ സമിതി സ്ഥിരീകരിച്ചിട്ടുള്ളത്.

ഇൻകം സപ്പോർട്ട് അടക്കം ഇപ്പോൾ 350 രൂപയാണ് കൂലി ലഭിക്കുന്നത്. എന്നാൽ ഇനി ഇൻകം സപ്പോർട്ട് ഇല്ലാതെ ആറു മണിക്കൂർ പണിക്ക് 450–500 രൂപ കിട്ടും എന്നത് ഒരു വലിയ കാര്യമാണ്. മാത്രമല്ല കൂടുതൽ തൊഴിലാളികൾക്ക് ഈ ഉയർന്ന കൂലി ലഭ്യമാക്കാൻ വേണ്ടി രണ്ട് ഷിഫ്റ്റായിട്ടാണ് സംഘങ്ങളിലെ ഫാക്ടറികൾ പ്രവർത്തിക്കുക.

ചുരുക്കത്തിൽ കയർ മേഖലയക്ക് ആകെ പുത്തനുണർവ്വും കുതിപ്പും നൽകാൻ കഴിയുന്ന പദ്ധതികളാണ് സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നത് അതിന്റെ ഭാഗമാകാൻ കഴിഞ്ഞതിൽ വളരെ യധികം സന്തോഷമുണ്ട്.

***? കയർ വ്യവസായം മാസികക്ക് വേണ്ടി ഇത്രയും സമയം നീക്കി വെച്ചതിനും വിശദമായി സംസാരിച്ചതിനും നന്ദി***

നന്ദി

# ഉത്പാദന വർദ്ധനാ സന്ദേശവുമായി അവലോകന യോഗങ്ങൾ സംഘടിപ്പിച്ചു




*ആലപ്പുഴ ജില്ലയിലെ കയർ ഉത്പാദനം വർദ്ധിപ്പിക്കുന്നതു സംബന്ധിച്ച് ചേർന്ന മേഖലാതല അവലോകന യോഗം കയർ കോർപ്പറേഷൻ ചെയർമാൻ ടി.കെ. ദേവകുമാർ ഉദ്ഘാടനം ചെയ്യുന്നു. കയർ തൊഴിലാളി ക്ഷേമ നിധി ബോർഡ് ചെയർമാൻ കെ.കെ.ഗണേശൻ, കയർഫെഡ് ചെയർമാൻ അഡ്വ.എൻ.സായികുമാർ എന്നിവർ സമീപം.*

കയർ ഉത്പാദനം വർദ്ധിപ്പിക്കുന്നതു സംബന്ധിച്ച് സംസ്ഥാനത്തൊട്ടാകെ കയർ പ്രോജക്ട് അടിസ്ഥാനത്തിൽ മേഖലാതല അവലോകന യോഗങ്ങൾ സംഘടിപ്പിച്ചു.

## ആലപ്പുഴ

രണ്ടാം കയർ പുന:സംഘടനാ പദ്ധതികൾ ഊർജ്ജിതമായി മുന്നേറുന്ന ഒരു കയർ പ്രോജക്ടാണ് ആലപ്പുഴ. ഈ കയർ പ്രോജക്ടിന്റെ അവലോകന യോഗം ചേർത്തലയിൽ നടന്നു. കയർ ഉത്പാദനം വർദ്ധിപ്പിക്കുക എന്നതായിരുന്നു മുഖ്യ അജണ്ട. ആലപ്പുഴ മേഖലയിൽ വൈക്കം കയറാണ് പ്രധാനമായും ഉത്പാദിപ്പിക്കുന്നത്.

കയർ ഭൂവസ്ത്രവിതാനത്തിനാണ് വൈക്കം കയർ വ്യാപകമായി ഉപയോഗിക്കുന്നത്. ഭൂവസ്ത്രത്തിന്റ ഓർഡുകൾ ഗണ്യമായി ലഭിക്കുന്നതിനാൽ ഈ കയർ പൂർണ്ണമായും വിറ്റഴിക്കുവാൻ കഴിയുന്നുണ്ട്. ഇതു മൂലം ഈ മേഖലയിൽ തൊഴിൽ ലഭ്യത ഉറപ്പു വരുത്തുവാൻ കഴിയും.വൈക്കം കയർ 25% ഡിസ്കൗണ്ട് നൽകിയാണ് വിറ്റഴിക്കുന്നത്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 61 സംഘങ്ങളാണ് ഭാഗികമായെങ്കിലും കയർ ഉത്പാദനം നടത്തിയിരുന്നതെങ്കിൽ 119 സംഘങ്ങളിൽ കയർ ഉത്പാദനം നല്ല നിലയിൽ പുരോഗമിക്കുന്നുണ്ട്. അഭിമാനാർഹമായ ഈ നേട്ടം കൈവരിക്കാനായത് കയർ വികസന വകുപ്പിന്റെയും കയർഫെഡിന്റെയും സംഘങ്ങളുടെയും യോജിച്ച ആത്മാർത്ഥമായ പ്രവർത്തനഫലമായാണ്. കയർ തൊഴിലാളി ക്ഷേമനിധി ബോർഡ് ചെയർമാൻ കെ.കെ.ഗണേശൻ അദ്ധ്യക്ഷനായ യോഗത്തിൽ കയർഫെഡ് ചെയർമാൻ അഡ്വ.എൻ. സായികുമാർ, കയർ കോർപ്പറേഷൻ ചെയർമാൻ ടി.കെ.ദേവകുമാർ എന്നിവർ കയർ ഉത്പാദനം വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകത വിശദീകരിച്ച് സംസാരിച്ചു.

കയർ തൊഴിലാളി ക്ഷേമനിധി ബോർഡ് അംഗം പി.എസ്.ശ്രീകുമാർ, കയർ കോർപ്പറേഷൻ ബോർഡ് അംഗം സി.കെ.സുരേന്ദ്രൻ, ചെറുകിട കയർ ഫാക്ടറി അസോസിയേഷൻ ഭാരവാഹി എം.പി.പവിത്രൻ, എം.ജി.തിലകൻ, കയർ പ്രോജക്ട് ആഫീസർ ഇന്ദിര, സംഘം പ്രസിഡൻറുമാർ, സെക്രട്ടറിമാർ, കയർ ഇൻസ്പെക്ടർമാർ തുടങ്ങിയവരും സംബന്ധിച്ചിരുന്നു.

## കൊല്ലം

കൊല്ലം കയർ പ്രോജക്ടിന്റെ അവലോകന യോഗം കൊല്ലത്ത് നടന്നു. കൊല്ലം മേഖലയിൽ മങ്ങാട്, പരവൂർ, അഞ്ചുതെങ്ങ്' വൈക്കം എന്നീ തരം കയറുകളാണ് ഉത്പാദിപ്പിക്കുന്നത്. കയർ സംഘങ്ങളുടെ കീഴിലുള്ള ചകിരി നിർമ്മാണ യൂണിറ്റുകളുടെയും പുതിയ ആട്ടോമാറ്റിക് സ്പിന്നിംഗ് യൂണിറ്റുകൾ സ്ഥാപിക്കുന്ന പദ്ധതിയുടെ പുരോഗതിയും യോഗം അവലോകനം ചെയതു. ഉത്പാദനം 100 ശതമാനം വർദ്ധിപ്പിക്കുവാൻ നേതൃത്വം നൽകിയ കയർ സംഘം ഭാരവാഹികളുടെ പ്രവർത്തനങ്ങൾ അഭിനന്ദനാർഹമാണ്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 58 സംഘങ്ങളാണ് ജില്ലയിൽ ഭാഗികമായെങ്കിലും കയർ ഉത്പാദനം നടത്തിയിരുന്നതെങ്കിൽ ഇപ്പോൾ 70 സംഘങ്ങളിൽ കയർ ഉത്പാദനം നല്ല നിലയിൽ പുരോഗമിക്കുന്നുണ്ട്.

കയർഫെഡ് പ്രസിഡന്റ് അഡ്വ.എൻ.സായികുമാർ അദ്ധ്യക്ഷനായ യോഗം കയർ കോർപ്പറേഷൻ ചെയർമാൻ ടി.കെ.ദേവകുമാർ ഉദ്ഘാടനം ചെയ്തു. കയർ തൊഴിലാളി ക്ഷേമനിധി ബോർഡ് ചെയർമാൻ കെ.കെ.ഗണേശൻ, കയർഫെഡ് ഡയറക്ടർ ബോർഡ് അംഗം എസ്.ശശിവർണ്ണൻ, കയർഫെഡ് മുൻ പ്രസിഡന്റ് ഡി.സുരേഷ് കുമാർ, കയർ തൊഴിലാളി ക്ഷേമനിധി ബോർഡ് അംഗം കെ.പി.കുറുപ്പ്, കയർ മെഷിനറി ഫാക്ടറി മാനേജിംഗ് ഡയറക്ടർ പി.വി.ശശീന്ദ്രൻ,




*കൊല്ലം ജില്ലയിലെ മേഖലാതല അവലോകന യോഗത്തിൽ കയർഫെഡ് ചെയർമാൻ അഡ്വ.എൻ.സായികുമാർ സംസാരിക്കുന്നു. കയർ കോർപ്പറേഷൻ ചെയർമാൻ ടി.കെ.ദേവകുമാർ, കയർ തൊഴിലാളി ക്ഷേമനിധി ബോർഡ് ചെയർമാൻ കെ.കെ.ഗണേശൻ, എന്നിവർ സമീപം.*

കൊല്ലം കയർ പ്രോജക്ട് ആഫീസർ ബനഡിക് നിക്സൺ, സംഘം പ്രസിഡൻറുമാർ, സെക്രട്ടറിമാർ, കയർ ഇൻസ്പെക്ടർമാർ തുടങ്ങിയവരും സംബന്ധിച്ചിരുന്നു

## ചിറയിൻകീഴ്

പ്രോജക്ടിലെ കയർ സംഘം ഭാരവാഹികളുടെ യോഗം അഴൂർ പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ ചേർന്നു. ജില്ലയിലെ 22 പഞ്ചായത്തുകളിലും തിരുവനന്തപുരം, നഗരസഭയിലും, വർക്കല മുൻസിപ്പാലിറ്റിയിലുമായി നാമമാത്രമായ നിലയിലാണ് ഇന്ന് കയർ ഉത്പാദനം നടക്കുന്നത്.

ചിറയിൻകീഴ് പ്രോജക്ടിൽ നെയ്യാറ്റിൻകര, കണിയാപുരം, ചിറയിൻകീഴ്, കടയ്ക്കാവൂർ, വർക്കല എന്നിങ്ങനെ 5 കയർ ഇൻസ്പെക്ടറേറ്റാണ് ഉള്ളത്. ജില്ലയിൽ ഒട്ടാകെ 50 നു താഴെ കയർ സംഘങ്ങളിൽ ചെറുതും വലുതുമായ നിലയിൽ കയർ ഉത്പാദനം നടക്കുന്നുണ്ട്. ജില്ലയിലാകെ ഉത്പാദനത്തിന്റെ 55 ശതമാനവും ചിറയിൻകീഴ് കയർ സർക്കിളിന്റ സംഭാവനയാണ്. ചിറയിൻകീഴ് സർക്കിളിന്റെ അധീനതയിൽപ്പെട്ടതും ചിറയിൻകീഴ്, അഴൂർ പഞ്ചായത്തുകളിലെ സംഘങ്ങളാണ് പ്രധാന ഉത്പാദകർ.

ഇതിൽ പെരുങ്കുഴി കയർ സംഘം അഭിമാനകരമായ നേട്ടം കൈവരിച്ച് പ്രവർത്തന മികവ് പ്രകടിപ്പിക്കുന്ന സംഘമാണ്. കണിയാപുരം സർക്കിളാണ് ചിറയിൻകീഴിന്റെ തൊട്ട് പുറകിൽ നിൽക്കുന്നത്. 20 ശതമാനത്തിലധികം ഉത്പാദന വിഹിതം ഈ സർക്കിളിലാണ്. അവശേഷിക്കുന്ന 25 ശതമാനമാണ് വർക്കല, കടയക്കാവൂർ, നെയ്യാറ്റിൻകര സർക്കിളുകൾക്ക് അവകാശപ്പെടാവുന്നത്. ഈ സർക്കിളുകളിലെ സംഘങ്ങളുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടേണ്ടിയിരിക്കുന്നു '

സംഘങ്ങൾ കൂടാതെ വരുമാന പൂരക പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ചെറുകിട ഉത്പാദകരും ഈ ജില്ലയിൽ കയർ ഉത്പാദനം നടത്തുന്നുണ്ട്. അഴൂർ, വക്കം, കഠിനംകുളം, മംഗലപുരം, എന്നീ പഞ്ചായത്തുകളിൽ മാത്രമാണ് ഇവരുടെ പ്രവർത്തനം നടക്കുന്നത്.

കയർഫെഡ് ചെയർമാൻ അഡ്വ.എൻ.സായികുമാർ അദ്ധ്യക്ഷനായ യോഗം കയർ കോർപ്പറേഷൻ ചെയർമാൻ ടി.കെ.ദേവകുമാർ ഉദ്ഘാടനം ചെയ്തു. യോഗത്തിൽ അഡ്വ.ജി. സുഗുണൻ, കയർ പൊതുമേഖല സ്ഥാപനങ്ങളുടെ ബോർഡ് മെമ്പർമാരായ കെ. രാജൻ ബാബു, ആർ.സുഭാഷ്, അഞ്ചുതെങ്ങ് സുരേന്ദ്രൻ, ആർ.അജിത്ത് കുമാർ, കഠിനംകുളം സാബു , കാന്തിലാൽ, അസിസ്റ്റന്റ് രജിസ്ട്രാർ സെബുന്നിസാ ബീഗം, കയർഫെഡ് ആർ ഒ ഡി.സജീവ്, കയർ ഇൻസ്പെക്ടർമാർ, സംഘം ഭാരവാഹികൾ തുടങ്ങിയവർ പങ്കെടുത്തു.



*തിരുവനന്തപുരം ജില്ലയിലെ മേഖലാതല അവലോകന യോഗത്തിൽ കയർഫെഡ് ചെയർമാൻ അഡ്വ.എൻ.സായികുമാർ സംസാരിക്കുന്നു. കയർ കോർപ്പറേഷൻ ചെയർമാൻ ടി.കെ.ദേവകുമാർ, എ.ബി.സി മെമ്പർ അഡ്വ.ജി. സുഗുണൻ, കയർഫെഡ് ബോർഡ് മെമ്പർമാരായ കഠിനം കുളം സാബു, ആർ.അജിത്ത്കുമാർ, കാന്തിലാൽ എന്നിവർ സമീപം.*

ആദ്യകാല കയർ സഹകരണ സംഘങ്ങളുടെ
ചരിത്രവും പ്രവർത്തനങ്ങളും
പ്രതിപാദിക്കുന്ന ഈ പംക്തിയിലേക്ക്
ഇത്തരം സംഘങ്ങളെക്കുറിച്ചുള്ള
സചിത്ര ഫീച്ചറുകൾ ക്ഷണിച്ചുകൊള്ളുന്നു
**(ചീഫ് എഡിറ്റർ)**



പി. പ്രജീഷ്

# ആദ്യകാല കയർ സഹകരണ സംഘങ്ങളിലൂടെ....

## മഹാദേവികാട് കയർ വ്യവസായ സഹകരണ സംഘം 3065



**തി**രുവിതാംകൂർ-കൊച്ചി സംസ്ഥാനത്തെ കയർ വ്യവസായം സഹകരണാടിസ്ഥാനത്തിൽ സംഘടിപ്പിച്ച് അഭിവൃദ്ധിപ്പെടുത്തുന്നതിനോടൊപ്പം കയറുത്പാദകരുടെ അദ്ധ്വാനത്തിന് തക്ക പ്രതിഫലം ലഭിക്കണമെന്നുമുള്ള പ്രധാന ലക്ഷ്യം മുൻ നിർത്തി ഗവൺമെന്റ് ആസൂത്രണം ചെയ്ത പദ്ധതിയുടെ ഭാഗമായി 1950 ൽ രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ച സംഘമാണ് 'മഹാദേവികാട് കയർ വ്യവസായ സഹകരണ സംഘം 3065.

കാർത്തികപ്പള്ളി താലൂക്കിലെ കാർത്തികപ്പള്ളി, കുമാരപുരം, കരുവാറ്റ, തൃക്കുന്നപ്പുഴ എന്നീ പ്രദേശങ്ങളും അമ്പലപ്പുഴ താലൂക്കിലെ തോട്ടപ്പള്ളി കൂടി ചേർന്ന പ്രദേശവും ഉൾപ്പെടുത്തിയാണ് സംഘം പ്രവർത്തനം ആരംഭിച്ചത്.

സംഘത്തിന്റെ ഉദ്ഘാടനം 1125 കർക്കിടക മാസം 28ന് (13.08.1950) വൈകുന്നേരം മൂന്ന് മണിക്ക് സഹകരണ സംഘം രജിസ്റ്റാർ കെ. നാരായണ മേനോൻ **M.A.Phd** യുടെ അദ്ധ്യക്ഷതയിൽ കൂടിയ പൊതുയോഗത്തിൽ തിരു-കൊച്ചി സഹകരണ വകുപ്പ് മന്ത്രി എൻ.കുഞ്ഞുരാമൻ നിർവ്വഹിച്ചു. യോഗത്തിൽ എ.പി. ഉദയഭാനു **B.A., LLM.** സഹകരണ സംഘം ഇൻസ്റ്റി

റ്റ്യൂട്ട് മെമ്പർ വി.എ. ഗോപാലൻ നായർ തിരു-കൊച്ചി കയർ സ്പെഷ്യൽ ഓഫീസർ കെ.കരുണാകര പണിക്കർ എന്നിവർ സംസാരിച്ചു. യോഗം 7 മണിക്ക് അവസാനിച്ചു.

സംഘത്തിന്റെ ഒന്നാമത് പൊതുയോഗം 11.09.1950 വൈകുന്നേരം 4 മണിക്ക് കൊച്ചാലും ചുവട്ടിലുള്ള എ.വൈ. ആനന്ദരാജന്റെ കെട്ടിടത്തിൽ കൂടി. യോഗത്തിൽ എ.വി. ആനന്ദരാജൻ, കെ. സുകുമാരപ്പണിക്കർ, എസ്. അനിരുദ്ധൻ, വി. വേലായുധപ്പണിക്കർ, എൻ. കൃഷ്ണൻകുട്ടി, ജി. ശങ്കരപ്പണിക്കർ, ജി. രാമൻ എന്നിവരെ കമ്മിറ്റിയംഗങ്ങളായി തെരഞ്ഞെടുത്തു. പ്രസിഡന്റായി എ.വി. ആനന്ദരാജനെ ഐക്യകണ്ഠ്യേന തെരഞ്ഞെടുത്തു. 07.09.1950ൽ കയർ സ്പെഷ്യൽ ഓഫീസിൽ നിന്നും ലഭിച്ച 305-ാം നമ്പർ കത്തിലെ ശുപാർശ അംഗീകരിച്ച് കെ. കുമാരനെ സെക്രട്ടറിയായി അംഗീകരിച്ചു. എ.വി. ആനന്ദരാജൻ, ജി. ശങ്കുണ്ണിപ്പണിക്കർ, എ.കെ. വാസു, പി. ഗോപാലൻ, ദാമോദരൻ, അനിരുദ്ധൻ, സി.കെ. കുട്ടപ്പൻ കുഞ്ഞുമോൻ എന്നിവർ മുൻ പ്രസിഡന്റുമാരാണ്. കെ. കുമാരൻ, ശ്രീധരൻ, രവീന്ദ്രൻ, സുരൻ, ദിനേശ് ബാബു എന്നിവർ മുൻ സെക്രട്ടറിമാരാണ്. നിലവിൽ കെ.എൻ. തമ്പി പ്രസിഡന്റും ബീന. എം സെക്രട്ടറിയുമാണ്.




*മഹാദേവികാട് കയർ വ്യവസായ സഹകരണ സംഘത്തിന്റെ ചകിരി മില്ല് സംസ്ഥാന ധന-കയർ മന്ത്രി ഡോ. റ്റി.എം. തോമസ് ഐസക് ഉദ്ഘാടനം ചെയ്യുന്നു. പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല, കയർഫെഡ് ചെയർമാൻ അഡ്വ.എൻ.സായികുമാർ, കയർ കോർപ്പറേഷൻ ചെയർമാൻ ടി.കെ. ദേവകുമാർ, കയർ മെഷിനറി മാനുഫാക്ചറിംഗ് കമ്പനി ചെയർമാൻ അഡ്വ.കെ. പ്രസാദ് തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.*

26.04.1978 സംഘം ഗോഡൗണിന് തീപിടിക്കുകയും കയറും റാട്ടുകളും മറ്റ് ഉപകരണങ്ങളും കത്തി നശിക്കുകയുണ്ടായി. 09.02.2020ൽ മെഷിനറി ഫാക്ടറിയുടെ ഒരു ഷിഫ്റ്റിൽ 8000 തൊണ്ട് കപ്പാസിറ്റിയുള്ള ഒരു ഡീഫൈബറിംഗ് യൂണിറ്റ് ധനകാര്യ-കയർ മന്ത്രി ഡോ.റ്റി.എം. തോമസ് ഐസക്ക് ഉദ്ഘാടനം ചെയ്തു. ഈ യൂണിറ്റിൽ 4 തൊഴിലാളികൾ ജോലി ചെയ്യുന്നു. 1 രൂപ 80 പൈസ നിരക്കിൽ നിലവിൽ പച്ചതൊണ്ട് വാങ്ങി ഉത്പാദനം നടത്തി വരുന്നു.

നിലവിൽ തൊണ്ട് സംഭരണം, ചകിരി ഉത്പാദനം, കയർ ഉത്പാദനം എന്നിവയാണ് സംഘം നേതൃത്വത്തിൽ നടക്കുന്നത്. കയർ ഉത്പാദനം യൂണിറ്റടിസ്ഥാനത്തിലാണ് നടത്തുന്നത്. 4 പുരുഷതൊഴിലാളികളും 248 സ്ത്രീ തൊഴിലാളികളും കയർപിരി ജോലി നിലവിൽ ചെയ്തു വരുന്നു. സംഘത്തിൽ 734 പുരുഷൻമാരും 1201 സ്ത്രീകളും അംഗങ്ങളായുണ്ട്.



കെ.എൻ.തമ്പി
പ്രസിഡന്റ്




ബീന.എം
സെക്രട്ടറി

സംഘത്തിൽ വൈക്കം കയറാണ് പിരിക്കുന്നത്. 252 ഇലക്ട്രോണിക്ക് റാട്ടുകൾ പ്രവർത്തിക്കുന്നു. സംഘത്തിന് സ്വന്തമായി 35 സെന്റ് സ്ഥലവും 3908 സ്ക്വയർ ഫീറ്റ് വിസ്തീർണ്ണമുള്ള കെട്ടിടവും ഉണ്ട്. പഠനത്തിലും പാഠ്യേതര പ്രവർത്തനങ്ങളിലും പ്രദേശത്തെ വിദ്യാർത്ഥി-വിദ്യാർത്ഥിനികൾക്ക് മികച്ച പ്രോത്സാഹനവും അനുമോദനവും ഈ സംഘം നൽകുന്നുണ്ട്. കയർ തൊഴിലാളികൾക്ക് ബോണസ് ലഭ്യമാക്കുന്നതിന് വേണ്ടി നടന്ന സമരം ഈ സംഘം കേന്ദ്രമാക്കി നടക്കുകയും അന്നത്തെ പ്രോജക്ട് ഓഫീസറെ തടഞ്ഞു വെച്ച് ബോണസ് അംഗീകരിപ്പിക്കുകയും ആ വർഷം മുതൽ തന്നെ ബോണസ് വിതരണം ചെയ്യുകയും ചെയ്തു.

| വർഷം | കയറുത്പാദനം | കയർ വിപണനം |
|---|---|---|
| 2015- 16 | 912 ക്വി. | 893.76 |
| 2016- 17 | 1060 ക്വി. | 979.85 |
| 2017- 18 | 1202.50 ക്വി. | 1199.45 |
| 2018 -19 | 1448.60 ക്വി. | 1455.75 |
| 2019- 20 | 2140.00 ക്വി. | 1917.90 |

# ത്രീ പോക്രീസ് ഓഫ് പറവൂർ



ത്രീ പോക്രീസ് ഓഫ് പറവൂർ എന്ന് പി. കേശവദേവ് തന്നെ വിശേഷിപ്പിക്കുന്ന- ദേവ്, കെടാമംഗലം പപ്പുക്കുട്ടി, ചേറായി രാമദാസ എന്നിവർ ആലപ്പുഴയിലെ ട്രേഡ് യൂണിയൻ പ്രസ്ഥാനത്തിന്റെ ശൈശവദശയിൽ വഹിച്ച പങ്ക് വളരെ വലുതാണ്. ഒരുഘട്ടത്തിൽ തൊഴിലാളികൾ ജാഥയായിപ്പോയി ദേവിനെ സ്വീകരിച്ച് ആലപ്പുഴയിൽ എത്തിച്ചെന്ന കഥയുമുണ്ട്.

പിന്നീട് ക്രമേണ തൊഴിലാളി പ്രസ്ഥാനത്തിൽ നിന്നും ദേവ് അകന്നു. എന്നാൽ ഏതാനും വർഷം മുമ്പ് എം.ടി ചന്ദ്രസേനന്റെ വീട്ടിൽ അദ്ദേഹത്തിന്റെ പഴയ രേഖകളിൽ നിന്ന് മന്ത്രി ഡോ. തോമസ് ഐസക് ഒരു രേഖ കണ്ടെത്തി. ഒരു വിധി പകർപ്പായിരുന്നു അത്. 1938 ലെ പണിമുടക്കു കാലത്ത് സംഘം ചേർന്ന് കാറ്റാടി മരം മുറിച്ചിട്ട് മാർഗതടസം ഉണ്ടാക്കിയതിന്റെ പേരിലുള്ള കേസ്. അതിനു ശിക്ഷിക്കപ്പെട്ട പ്രതികളുടെ ലിസ്റ്റിൽ പി. കേശവദേവ് എന്ന എഴുത്തുകാരന്റെ പേരും ഉണ്ട്. യൂണിയൻ സെക്രട്ടറി സ്ഥാനം ഉപേക്ഷിച്ച് ദേവ് ആലപ്പുഴയിൽ നിന്നും മടങ്ങിപ്പോയി. പക്ഷേ, ഒരുമാസം നീണ്ട പണിമുടക്ക് സമരം കൊടുമ്പിരി കൊണ്ടപ്പോൾ ആ വിപ്ലവകാരി ആലപ്പുഴയിലേയ്ക്ക് തിരിച്ചു വന്ന് ശിക്ഷയും വാങ്ങിയിരിക്കാം എന്നാണ് അനുമാനം.


# പ്രത്യേക ക്യാഷ് പ്രൈസ്

**ക**യർഫെഡിന്റെ മുഖമാസികയായ കയർ വ്യവസായം 1998 മുതലാണ് പ്രസിദ്ധീകരണം ആരംഭിച്ചത്. പിന്നീട് കുറെക്കാലം പ്രസിദ്ധീകരണം നിലച്ചിരിക്കുകയായിരുന്നു. ഇപ്പോൾ കെട്ടിലും മട്ടിലും പുതുമയോടുകൂടി മാസിക പ്രസിദ്ധീകരിച്ചു വരുന്നു. വാർഷിക വരിസംഖ്യ 400 രൂപയാണ്. 20 വർഷങ്ങൾക്കു മുൻപുള്ള ലക്കങ്ങൾ കൈവശമുള്ളവർക്ക് കയർഫെഡ് ഭാഗ്യസമ്മാനങ്ങൾ ഏർപ്പെടുത്തിയിരിക്കുന്നു. നിങ്ങളുടെ കൈവശമുള്ള കയർ വ്യവസായം മാസികയുടെ പഴയ ലക്കം നൽകുന്നവർക്ക് മാസികയുടെ ഒരു വർഷത്തേക്കുള്ള സൗജന്യ വരിസംഖ്യയും 500 രൂപ പ്രത്യേക ക്യാഷ് പ്രൈസും നൽകുന്നതാണ്. ഈ സൗജന്യം പരിമിതകാലത്തേക്ക് മാത്രം. വിശദവിവരങ്ങൾക്ക് ഉടനടി ബന്ധപ്പെടുക.

**മാനേജിംഗ് എഡിറ്റർ, കയർവ്യവസായം**
**കയർഫെഡ്, പി.ബി.നമ്പർ.4616, ആലപ്പുഴ-688012**
**ഫോൺ-0477 2243628, 8281009833**




# വ്യവസായ വകുപ്പിന്റെ വെബ്സൈറ്റിന് പുതിയ മുഖം

സംസ്ഥാന വ്യവസായ വകുപ്പിന്റെ വെബ് സൈറ്റായ www.keralaindustry.org കൂടുതൽ സേവനങ്ങൾ ഉൾപ്പെടുത്തി പുനർ രൂപകൽപന ചെയ്തു. നവീകരിച്ച സൈറ്റിന്റെ ഉദ്ഘാടനം വ്യവസായ മന്ത്രി ഇ. പി. ജയരാജൻ നിർവഹിച്ചു. വ്യവസായ രംഗത്ത് പ്രോത്സാഹനം നൽകുന്നതിന് വ്യവസായ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രമോഷന്റെ (കെ-ബിപ്) പുതിയ വെബ് സൈറ്റും www.kbip.org മന്ത്രി ഉദ്ഘാടനം ചെയ്തു. ഉപയോക്താക്കൾക്കും സംരംഭകർക്കും ഒരുപോലെ ഉപയോഗപ്രദമാകുന്ന തരത്തിലാണ് വ്യവസായ വകുപ്പിന്റെ വെബ്സൈറ്റ് പുനർ രൂപകൽപന ചെയ്തിരിക്കുന്നത്. ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്, കെ-സ്വിഫ്റ്റ്, കേരള ഇ-മാർക്കറ്റ്, അടിസ്ഥാന സൗകര്യ ലഭ്യത, വ്യവസായ കേരളം മാസികയുടെ ഓൺലൈൻ പതിപ്പുകൾ, ഇൻവെസ്റ്റർ കണക്ട് തുടങ്ങിയ പുതിയ വിവരങ്ങൾ ഉൾപ്പെടുത്തിയാണ് വെബ്സൈറ്റ് നവീകരിച്ചിരിക്കുന്നത്.

വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്, സംസ്ഥാന പ്രൊമോഷണൽ ഏജൻസികൾ, വ്യവസായ വകുപ്പുമായി ബന്ധപ്പെട്ട സ്ഥാപനങ്ങൾ, കേന്ദ്ര സർക്കാരിന്റെ വിവിധ പദ്ധതികളെക്കുറിച്ചുള്ള വിവരങ്ങൾ, വിവിധ ആവശ്യങ്ങൾക്ക് സന്ദർശിക്കേണ്ട ഓൺലൈൻ സംവിധാനങ്ങളുടെ ലിങ്കുകളും വെബ്സൈറ്റിൽ ലഭിക്കും. വ്യവസായ വകുപ്പ് നടത്തിയ വിവിധ മേളകളുടേയും പരിപാടികളുടേയും റിപ്പോർട്ടുകൾ വെബ്സൈറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. കോവിഡ് പ്രതിസന്ധിയെ തുടർന്ന് പ്രഖ്യാപിച്ച വ്യവസായ ഭദ്രതാ പാക്കേജിന്റെ വിവരങ്ങളും സൈറ്റിൽ ലഭിക്കും.

സൂക്ഷ്മ ചെറുകിട ഇടത്തരം മേഖലകളിലെ സംരംഭകർക്ക് പ്രോത്സാഹനവും പിന്തുണയും നൽകിയാണ് കെ-ബിപ്പിന്റെ പ്രവർത്തനം. എംഎസ്എംഇ മന്ത്രാലയത്തിന് കീഴിലുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളുടെ കേരളത്തിലെ നടത്തിപ്പു ചുമതല കെ-ബിപ്പിനാണ്. ക്ലസ്റ്റർ വികസന പരിപാടി, കേരള സംസ്ഥാന ബാംബൂ മിഷൻ, ദേശീയ ബാംബൂ മിഷൻ പദ്ധതികൾ, എസ്.സി.എസ്.ടി ഹബ്ബിന്റെ പദ്ധതികൾ, ഭക്ഷ്യ സംസ്കരണവും അനുബന്ധ യൂണിറ്റുകളുടെ ഓഡിറ്റ്, ഫുഡ് സേഫ്റ്റി സർട്ടിഫിക്കറ്റ്, എസ്.എം.ഇ പോർട്ടൽ തുടങ്ങിയവയും കെ-ബിപ്പിന്റെ പ്രവർത്തനത്തിൽ ഉൾപ്പെടുന്നു. ഇവയുടെയെല്ലാം വിവരങ്ങളും കെ-ബിപ് വെബ്സൈറ്റിൽ ലഭിക്കും. വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഡോക്ടർ കെ ഇളങ്കോവൻ, സെക്രട്ടറി മുഹമ്മദ് ഹനീഷ്, വ്യവസായ വകുപ്പ് ഡയറക്ടർ എം ജി രാജമാണിക്യം, കെ-ബിപ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ എസ് സൂരജ് തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

# ചരിത്രത്തിലെ ആദ്യ കയർജാഥ

ചരിത്രത്തിലെ ആദ്യ കയർ ജാഥ തിരുവനന്തപുരത്തേക്ക് പുറപ്പെട്ടത് 1935 ലായിരുന്നു. കഞ്ഞിക്കുഴിക്ക് അടുത്തുള്ള വനസ്വർഗത്തിൽ നിന്നായിരുന്നു ആ കാൽനട ജാഥ പുറപ്പെട്ടത്. തൊഴിലാളികളുടെ അവശതകളെക്കുറിച്ച് രാജാവിന് മെമ്മോറാണ്ടം സമർപ്പിക്കുകയായിരുന്നു ജാഥയുടെ ലക്ഷ്യം.

കൊല്ലം ജോസഫായിരുന്നു നേതാവ്. മുതലാളിമാരുടെ താത്പര്യം സംരക്ഷിക്കാൻ രാജാവ് ജാഥ നിരോധിക്കുകയും നേതാക്കളെ അറസ്റ്റു ചെയ്യുകയും ചെയ്തു. പ്രക്ഷുബ്ധരായ തൊഴിലാളികൾ പകൽ മുഴുവൻ വാടക്കനാലിന്റെ തീരത്ത് സത്യാഗ്രഹമിരുന്നു.



*കയർ ഭൂവസ്ത്ര വിതാനം സംബന്ധിച്ച തിരുവനന്തപുരം ജില്ലാതല ഏകദിന ശില്പശാല തോന്നക്കൽ കണി മംഗലം കൺവെൻഷൻ സെന്ററിൽ വച്ച് തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് വി.കെ. മധു ഉദ്ഘാടനം ചെയ്യുന്നു. കയർഫെഡ് ചെയർമാൻ അഡ്വ.എൻ. സായികുമാർ സമീപം.*

# കയർ ഭൂവസ്ത്ര ഏകദിനശില്പശാല നടത്തി

സംസ്ഥാന കയർ വകുപ്പ് സംഘടിപ്പിച്ച തിരുവനന്തപുരം ജില്ലയിലെ കയർ ഭൂവസ്ത്ര വിതാനം സംബന്ധിച്ച ഏകദിന ശില്പശാല തോന്നക്കൽ കണി മംഗലം കൺവെൻഷൻ സെന്ററിൽ വച്ച് തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് വി.കെ. മധു ഉദ്ഘാടനം ചെയ്തു.

കയർഫെഡ് ചെയർമാൻ അഡ്വ.എൻ. സായികുമാർ അദ്ധ്യക്ഷത വഹിച്ചു. ഗ്രാമ പഞ്ചായത്തുകളിൽ മണ്ണ്-ജല സംരക്ഷണ പ്രവർത്തനങ്ങൾക്ക് കയർ ഭൂവസ്ത്രം വിതാനിച്ച് പരിസ്ഥിതി സൗഹൃദമാക്കുന്ന പദ്ധതി ജില്ലയിലെ 73 ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കുകയാണ്. ഇതുപ്രകാരം 6.86 ലക്ഷം ച.മീറ്റർ കയർ ഭൂവസ്ത്രമാണ് ജില്ലയിൽ പദ്ധതി ലക്ഷ്യമിട്ടിരിക്കുന്നത്. ഇതിനാവശ്യമായി കയർ ഭൂവസ്ത്രം വിതരണം ചെയ്യുന്നതിനുള്ള ചുമതല സംസ്ഥാന പൊതുമേഖലാസ്ഥാപനമായ കയർഫെഡിനാണ്.


പരമ്പരാഗത ജല സ്രോതസുകളും മണ്ണും സ്വാഭാവിക രീതിയിൽ സംരക്ഷിക്കുകയാണ് പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. കുളങ്ങളുടെയും തോടുകളുടെയും നീർചാലുകളുടെയും വശങ്ങളിൽ മണ്ണിടിഞ്ഞുപോകാതെ ബലപ്പെടുത്തി സംരക്ഷിക്കുവാനും വനനശീകരണം മൂലം തരിശായ കുന്നിൻചെരിവ് പ്രദേശങ്ങളിൽ സസ്യാവരണം പുനസൃഷ്ടിക്കുവാനും റോഡുകൾ ബലപ്പെടുത്തുവാനും റയിൽവെ ലൈനിന്റെ ചരിവുഭിത്തിയും മറ്റും സംരക്ഷിക്കുവാനും കയർ ഭൂവസ്ത്രം ഫലപ്രദമാണ്. മണ്ണിന്റെ ജൈവഘടന നിലനിർത്താനും ജല സ്ത്രോതസുകൾ ശാശ്വതമായി സംരക്ഷിക്കുവാനും കയർ ഭൂവസ്ത്രം ഏറെ പ്രയോജനപ്രദമാണെന്ന് ശാസ്ത്രീയമായി തെളിയിക്കപ്പെട്ടിട്ടുണ്ട്. ഇത്തരത്തിൽ തിരുവനന്തപുരം ജില്ലയിലെ 73 ഗ്രാമ പഞ്ചായത്തുകളിലും ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്തി കയർ ഭൂവസ്ത്രം വിതാനത്തിനുള്ള പദ്ധതികൾ ഊർജ്ജിതപ്പെടുത്തുവാൻ ശില്പശാലയിൽ തീരുമാനിച്ചു.

കയർ ഭൂവസ്ത്രം വിതാനം സംബന്ധിച്ച് കയർഫെഡ് മാർക്കറ്റിംഗ് മാനേജർ ശ്രീവർദ്ധൻ നമ്പൂതിരിയും തൊഴിലുറപ്പ് പദ്ധതിയും കയർ ഭൂവസ്ത്ര സംയോജന സാധ്യതകളും എന്ന വിഷയത്തിൽ ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതിയുടെ ജില്ലാ ജോയിന്റ് പ്രോഗ്രാം കോ-ഓർഡിനേറ്റർ ഡോ. ഷാജിയും ക്ലാസുകൾ കൈകാര്യം ചെയ്തു. ജില്ലയിലെ 73 ഗ്രാമ പഞ്ചായത്തുകളിലും 11 ബ്ലോക്ക് പഞ്ചായത്തുകളിലും നിന്നും പ്രസിഡന്റുമാരും സെക്രട്ടറിമാരും തദ്ദേശ സ്വയംഭരണ വകുപ്പിലെ എൻജിനീയർമാരും കയർ, കയർഫെഡ് ഉദ്യോഗസ്ഥരും ശില്പശാലയിൽ പങ്കെടുത്തു.



തിരുവനന്തപുരത്ത് കൂടിയ കയർഫെഡ് ഡയറക്ടർ ബോർഡ് യോഗത്തിൽ ധന-കയർ വകുപ്പ് മന്ത്രി ഡോ.ടി.എം. തോമസ് ഐസക് പങ്കെടുക്കുന്നു. കയർ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി എൻ.പത്മകുമാർ ഐ.എ.എസ്, കയർഫെഡ് ചെയർമാൻ അഡ്വ.എൻ. സായികുമാർ, എക്സിക്യൂട്ടീവ് ഡയറക്ടർമാരായ എസ്.എൽ. സജികുമാർ, വി.എസ്. മണി, മാനേജിംഗ് ഡയറക്ടർ സി. സുരേഷ്കുമാർ, ജനറൽ മാനേജർ ബി. സുനിൽ എന്നിവർ സമീപം.

RNI.68938/98, Reg.No.KL/ALP/150/98, Date of Publication 30-12-2020, December 2020




Printed and published by Adv. N. Saikumar, President for and on behalf of The Kerala State Co-operative Coir Marketing Federation Ltd. No. 679 (Coirfed), P.B.No. 4616, Alappuzha-688012, Ph: 0477 2243628.
Printed at Alleppey Offset Printers, Thathampally P.O, Alappuzha, Ph: 0477 2234705